# പദ്യമഞ്ജരി.

## ആറാംഭാഗം.

(പരിഷ്കരിക്കപ്പെട്ടത്.)

---

പ്രസാധകൻ

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്.

---

പ്രകാശകൻ,

ആർ. ററി. പിള്ള,

ചാല—തിരുവനന്തപുരം.

---

വില ചക്രം ൫൨

---

എല്ലാ പ്രതികളിലും പ്രസാധകന്റെ മുദ്ര ഉണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

(പകൎപ്പവകാശം പ്രസാധകനിൽ)

൯-ാം പതിപ്പ് കാപ്പി 6000.

വിദ്യാഭിവൎദ്ധിനി അച്ചുക്കൂടം (ബ്രാഞ്ച്).

തിരുവനന്തപുരം.

1105.

Digitized By Kerala Sahitya Akademi

# വിഷയസൂചി.


൧. ഒരു പ്രാൎത്ഥന,
പി. ജി. രാമയ്യർ, ബി. എ., ബി. എൽ.

൨. ജാതിഭേദം,
കുഞ്ചൻനമ്പ്യാർ.

൩. പുത്രവിയോഗം,
നടുവത്തച്ഛൻനമ്പൂരി.

൪. ദുൎമ്മോഹം,
കുഞ്ചൻനമ്പ്യാർ.

൫. ബാലലീല,
വള്ളത്തോൾ നാരായണമേനോൻ.

൬. അയോദ്ധ്യ,
അജ്ഞാതനാമം.

൭. വൈരാഗ്യം,
പൂന്താനം നമ്പൂതിരി.

൮. ജടായു,
അജ്ഞാതനാമം.

൯. തൃഷ്ണ,
കുഞ്ചൻനമ്പ്യാർ

൧൦. ബാലിസുഗ്രീവയുദ്ധം,
അജ്ഞാതനാമം.

൧൧. പുണ്യപാപങ്ങൾ,
ക്രുപ്പമേനോൻ.

൧൨. സീതയുടെ അഗ്നിപ്രവേശം,
അജ്ഞാതനാമം.

൧൩. രാമനില്ലാത്ത അയോദ്ധ്യ,
കോട്ടയത്തു കേരളവൎമ്മത്തമ്പുരാൻ.

൧൪. ഒരുപദേശം,
പന്തളത്തു കേരളവൎമ്മത്തമ്പുരാൻ.

൧൫. ലോകാപവാദം,
കുഞ്ചൻനമ്പ്യാർ.

൧൬. സത്യഗാഥ,
വള്ളത്തോൾ നാരായണമേനോൻ.

൧൭. ഒരു മാതൃകാപുരുഷൻ,
കോട്ടയത്തു കേരളവൎമ്മത്തമ്പുരാൻ.

൧൮. ഒരു ദാനവീരൻ,
അജ്ഞാതനാമം.

൧൯. തലയിലെഴുത്തു,
കുഞ്ചൻനമ്പ്യാർ.

൨൦. കാട്ടിൽപ്പെട്ട രണ്ടു കുട്ടികൾ,
ചെറുശ്ശേരിനമ്പൂരി.


Digitized By Kerala Sahitya Akademi

൧൧. പിതൃഭക്തി,

എഴുത്തച്ഛൻ.

൧൨. പരോപകാരം,

കുഞ്ചൻനമ്പ്യാർ

൧൩. ഗോവർദ്ധനോദ്ധാരണം,

കവിയൂർ രാമൻനമ്പ്യാർ.

൧൪. കാലനില്ലാത്ത കാലം,

കുഞ്ചൻനമ്പ്യാർ.

൧൫. പൂതനാമോക്ഷം,

ചെറുശ്ശേരിനമ്പൂരി.

൧൬. ദുശ്ശാസനവധം

എഴുത്തച്ഛൻ.

൧൭. ദാരികനും, ഭദ്രകാളിയും,

മൂന്നേടത്തു വാസുദേവൻപോററി

൧൮. ഒരു ലക്ഷ്യനിഷ്ഠിതി,

വെണ്മണി മഹൻനമ്പൂതിരിപ്പാട്.

൧൯. മഹാലക്ഷ്മിയുടെ അവതാരം,

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

൨൦. ദ്വാരക,

രാമപുരത്തു വാര്യർ.

൨൧. ബുദ്ധഭഗവാന്റെ ഭൂതദയ,

എൻ. കുമാരനാശാൻ.

൨൨. സൈരന്ധ്രി,

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

൨൩. വത്സസ്തേയം,

എഴുത്തച്ഛൻ.

൨൪. മനസ്വി,

കുഞ്ചൻനമ്പ്യാർ.

൨൫. കാശ്യപാശ്രമത്തിലെ പ്രഭാതം,

കററിപ്പുറത്തു കേശവൻനായർ.

൨൬. മഹിഷമർദ്ദനം,

നടുവത്തു മഹൻനമ്പൂരി.

൨൭. കുചേലന്റെ ഭാഗ്യം,

അജ്ഞാതനാമാ

൨൮. തത്ത്വവിചാരം,

കെ. സി. കേശവപിള്ള.

൨൯ ഭാരതമാതാവിനോട്,

വള്ളത്തോൾ നാരായണമേനോൻ.

൩൦ ശ്രീമൂലംതിരുനാൾ,

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്സ്.

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി.

## ൧. ഒരു പ്രാൎത്ഥന.

(സർ രവീന്ദ്രനാഥ ടാഗോറിൻെറ ഗീതാഞ്ജലിയിൽനിന്ന്)

തെല്ലാകിലും ഹൃദി ഭയം കലരാത്തതായും
മൂൎദ്ധാവുയൎത്തിനടകൊൾവതിനൎഹമായും,
ജ്ഞാനം ലഭിപ്പതിനു സൎവ്വജനത്തിനും താൻ
സ്വാതന്ത്ര്യമേററവുമണച്ചു വരുന്നതായും;

സ്വാൎത്ഥക്കിടങ്ങുകൾ വളൎന്നുലകം സമസ്ത-
മോരോരു കൊച്ചറകളായിരുളാത്തതായും,
വാക്കാകവേ വിപുലമായ്‌വിലസുന്ന സത്യ-
വാരാശിതന്നടിയിൽനിന്നുയരുന്നതായും;

അക്ഷീണമായിടവിടാത്ത പരിശ്രമങ്ങൾ
സമ്പൂൎണ്ണതയ്ക്കു വഴി തേടി വരുന്നതായും,
ആലോചനാദിയിൽ നിരൎത്ഥകപൂൎവ്വരീതി-
യാകും മരുസ്ഥലിമണഞ്ഞുഴലാത്തതായും;

മേന്മേൽ വിശാലതയിലെത്തിവരും വിചാര-
കൎമ്മങ്ങളിൽത്തടവുവിട്ട മനസ്സശേഷം,
വിശ്വൈകനാഥ! വഴിപോലെ ഭവാൻെറകൂടെ
പ്പിന്നോക്കിടാതുപരിതന്നെ നടപ്പതായും;

ഈ മുൻപറഞ്ഞതഖിലം തികയുന്നപൂൎണ്ണ-
സ്വാതന്ത്ര്യവിണ്ണുലകിലെൻ ജഗദേകബന്ധോ!
എന്നാട്ടുണൎന്നു ശുഭമേല്ക്കണമേ, പിതാവേ!
മറെറാന്നുമില്ലടിയനങ്ങയൊടുള്ളപേക്ഷ.

ദൌൎബ്ബല്യമെൻെറ ഹൃദയത്തിലിരിപ്പതെല്ലാം
വേരോടറുത്തു ജഗദീശ! കളഞ്ഞിടേണം;
സന്തോഷവും വ്യസനവും ലഘുവായ്ഗ്രഹിപ്പാൻ
വേണ്ടുന്ന ശക്തി മമ നല്കണമേ! പിതാവേ!

Digitized By Kerala Sahitya Akademi

പ്രേമം പരോപകൃതിയായ ഫലാപ്തി പൂണ്ടു
വർത്തിക്കുവാൻ തരണമേ മമ ശക്തി നാഥ!
സർവ്വേശ! നിർദ്ധനസഹോദരരെ ത്യജിപ്പാൻ
തോന്നാതിരിക്കണമെനിക്കൊരു നാളുമേതും.

ധിക്കാരമോടു വലുതാമധികാരമോടി-
ക്കാട്ടുന്നദുഷ്പ്രഭുജനങ്ങടെ മുമ്പിലെത്തി,
കുമ്പിട്ടുനിന്നവശനായ്ക്ഷമിച്ചിടായ്വാൻ
വേണ്ടുന്ന ശക്തി മമ നല്കണമേ പിതാവേ!

നിസ്സാരസംഗതികൾ നിത്യവുമുള്ളതെല്ലാം
ദൂരീകരിച്ചുയരണേ മമ ചിത്തഹംസം;
എൻശക്തി ഭക്തിയൊടു നിൻെറ ഹിതത്തിനായ്ത്താ
നർപ്പിക്കുവാനരുളണേ മമ ശക്തിനാഥ!

പി. ജി. രാമയ്യർ ബി. എ., ബി. എൽ.

---

## ൨. ജാതിഭേദം.

വിപ്രനെന്നും ക്ഷത്രനെന്നും വൈശ്യനെന്നും ശൂദ്രനെന്നും
ഇപ്രപഞ്ചേ നാലുവർണ്ണം നാലുവക്കാരുളവാക്കി,
തൽപ്പുറത്തു ബൌദ്ധനെന്നും പാണനെന്നും പറയനെന്നും
കല്പിതം ജാതിഭേദത്തിന്നന്തമില്ല നിരൂപിച്ചാൽ;
ഏവമുള്ളശരീരങ്ങൾക്കൊക്കവേ പാർത്തുകാണുമ്പോൾ
ജീവനായിട്ടൊന്നുതന്നേയായതിപ്പോൾ പരബ്രഹ്മം
നൂലുകൊണ്ടുപിരിച്ചോരു ചരടിൽപ്പൊന്മണികോർത്തു
മാലയാക്കിധനികന്മാർ ധരിക്കുന്നു ഗളംതന്നിൽ,
മുത്തുകൊണ്ടും മാലകോർക്കും, പവിഴംകൊണ്ടുമുണ്ടാക്കും,
പുത്തിലഞ്ഞിക്കുരുകൊണ്ടും, കുന്നികൊണ്ടും ദരിദ്രന്മാർ;
എന്നിവർണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി-
ട്ടൊന്നുതന്നേ പൊന്നിനുമക്കുന്നിമഞ്ചാടിമാലയ്ക്കും
എന്നപോലെ സർവ്വജാതിപ്രഭൂതം ഭൌതികം ദേഹം
ഒന്നുകൊണ്ടുകോർത്തുകെട്ടിക്കളിപ്പിക്കുന്നിതു ദൈവം;

Digitized By Kerala Sahitya Akademi

എന്നതുമൂലമാത്മാവിന്നാൎക്കുമാൎക്കും ഭേദമില്ല;
ഒന്നുതന്നെ ചരട്ടുള്ളിൽ ഭൂസുരന്നും പറയന്നും
ജ്ഞാനമെന്നുള്ളതുതന്നെ സാരമെന്നു ധരിക്കേണം
ജ്ഞാനമില്ലാത്ത വിപ്രന്നും ബൌദ്ധന്നും ഭേദമില്ലേതും.
ജ്ഞാനിയാകും പറയന്നും ബ്രാഹ്മണാദിദ്വിജന്മാൎക്കും
സ്ഥാനമൊന്നായ്വരും ചത്തു പരലോകം പ്രവേശിച്ചാൽ.

പുലിന്ദി മോക്ഷം തുള്ളൽ — കുഞ്ചൻനമ്പ്യാർ

---

## ൩. പുത്രവിയോഗം.

ഇന്നാളിവന്റെ സുകൃതക്കൊടിവെന്തവ്വത്ത-
മന്നാളിലല്പമുരചെയ്തറിയിച്ചവല്ലോ;
ഇന്നോളമക്കദനവഹ്നിശമിച്ചിടാതെ
നിന്നാളിടുന്നു ശിവനേ! ഇവനെന്തുചെയ്യും!

കഷ്ടം! മദീയമകനേറെ വിശിഷ്ടനാൎക്കു-
മിഷ്ടം പെരുത്തപുരുഷൻ പുരുപുണ്യശാലി;
ഇട്ടേച്ചുപോയിയവനെപ്പുനരായതോൎത്തു-
പൊട്ടുന്നു മന്മനമെനിക്കിനിയാരു പാരിൽ!

മുന്നം മുദാ ജനനവേളയിൽ ജാതകൎമ്മം
നന്ദിച്ചുചെയ്തു മമ കൈയ്യുകൾകൊണ്ടുതന്നേ;
ഇന്നക്കുമാരനുദകക്രിയ ചെയ്യുവാനായ്
വന്നോരു സംഗതിയൊരിക്കലുമോൎത്തുകൂടാ.

ഉള്ളം തെളിഞ്ഞിവനെഴും തറവാട്ടിലിപ്പോ-
ളുള്ളോരു വസ്തുവഖിലം പരിരക്ഷ ചെയ്വാൻ,
കൊള്ളാം കുമാരനിവനെന്നു നിനച്ചിരുന്നു-
വല്ലോ; ചതിച്ചു വിധി- സംഗതിയാൎക്കു നീക്കാം.

കാണാതെ കാൽക്ഷണമിരിക്കുകിലപ്പൊഴേ തെ-
ക്കേണിട്ടുമങ്ങനെയിരുന്ന കുമാരനിപ്പോൾ;
പ്രാണൻ വെടിഞ്ഞു പരലോകമണഞ്ഞുതാനോ
ഞാണറവില്ലിനു കിടയ്ക്കു കിടന്നിടുന്നു.

Digitized By Kerala Sahitya Akademi

പുത്രാർത്തിമൂലമധികം കൃശയായുലഞ്ഞു
കുത്രാപി വാണു ശിവരാമ! ഹരേ! മുരാരേ!
ഇത്യാദിനാമജപമോടമരുന്ന ജായാ-
വൃത്താന്തമെങ്ങനെ പറഞ്ഞറിയിച്ചിടുന്നു.

എന്നല്ല ഭൃത്യരഖിലം നയനം നിറച്ചു
നിന്നീടുമെന്നരികിലായതു കണ്ടിടുമ്പോൾ,
ഒന്നോർക്കമൂർന്നിചരിതം മനതാരതിങ്കൽ
പിന്നത്തെ വാർത്തയിനി ഞാൻ പറയേണ്ടതുണ്ടോ!

തത്തമ്മ പഞ്ജരമതിൽ പരിചോടിരുന്നു
പുത്രന്റെ നാമമധുനാപി വിളിച്ചിടുന്നു;
അത്തവ്വിലഗ്നിയതിലാജ്യമൊഴിച്ചു വീശി-
ക്കത്തിച്ചിടുന്നവിധമെൻ മനമാളിടുന്നു.

എന്നെക്കുറിച്ചധികമായൊരു സക്തിയുള്ളി-
ലെന്നല്ല, ഭക്തി വിനയം ഭയമെന്നിതെല്ലാം,
കുന്നിച്ചിരുന്ന തനയൻ ശിവ! ശേഷമോതാ-
നെന്നാൽ പ്രയാസമിനിയെന്തിനു ജീവിതം മേ?

"ഈ വന്ന വൻപനി ശമിക്കുകയില്ല; ജീവൻ
പോവാനടുത്തു, ജനകൻ വ്യസനിച്ചിടൊല്ലേ"
ആ വൻപനായ മകനെന്നെവിളിച്ചിരുത്തി-
ട്ടേവം പറഞ്ഞ മൊഴിയെങ്ങനെ ഞാൻ മറക്കും?

നടുവത്തച്ഛൻ നമ്പൂരി.

---

## ൪. ദുർമ്മോഹം.

(പൗണ്ഡ്രകന്റെ ദൂതനോട് ഭഗവാൻ പറയുന്നതു്.)

ശ്രീപാദപങ്കജം കൂപ്പും ജനത്തിന്റെ
പാപാന്ധകാരസംഹാരമായുള്ളൊരു
രൂപാമൃതത്തെപ്പരിഹസിപ്പാൻ മര-
പ്പാവയെപ്പോലെ കരങ്ങൾ നാലുണ്ടാക്കി
വേഷവും കെട്ടിച്ചമഞ്ഞങ്ങു തുള്ളുന്ന
ഘോഷണക്കാരനാം ദോഷന്റെ ദൂവ്വാദ-

Digitized By Kerala Sahitya Akademi

ദോഷങ്ങളൊക്കവേ ഭൂഷണമെന്നല്ല
ശേഷമുള്ളോൎക്കു പരിഹാസമായ്വരും.
പട്ടിണിമെട്ടുണ്ടുമിണ്ടുംനടക്കുന്ന
പട്ടിക്കു താടിയും മീശയും ദംഷ്ട്രയും
കെട്ടിച്ചമയിച്ചു കേസരി മേവുന്ന
കാട്ടിൽഗ്ഗിരിമുകളേററിയിരുത്തിയാൽ
ചേട്ടയ്ക്കു കണ്ഠത്തിൽനിന്നു കണ്ഠീരവ-
ശ്രേഷ്ഠന്റെ ഘോരനാദം വരുത്താവതോ!
വേഷത്തിനൊത്തൊരു ശബ്ദം വരത്തില്ല;
"ബൌബൌ"യിതെന്നൊരു ശബ്ദം പുറപ്പെടും.
മത്തമതാംഗപ്രവീരന്റെ മസ്തകം
കുത്തിപ്പിളൎന്നു കിളൎന്നു ചാടീടുന്ന
രക്തം കുടിച്ചു തടിച്ചു തകൎത്തുകൊ-
ണ്ടുത്തുംഗകോപം കലൎന്ന സിംഹത്തിന്റെ
കണ്ഠത്തിൽനിന്നു മുഴങ്ങിപ്പുറപ്പെടും
കുണ്ഠതാഹീനമാം നാദംകണക്കിനെ
ശബ്ദംപുറപ്പെടീച്ചീടുമോ ചൊൽക നീ
എച്ചിലും ചപ്പിക്കിടക്കുന്ന പട്ടിതാൻ
പുള്ളിപ്പുലികൾ വരിയൻ പുലികളും
പൂച്ചക്കിടാങ്ങളും കണ്ടാലൊരുവിധം
എന്നാൽ പുലികളോടങ്കംപൊരുതേണ-
മെന്നുള്ളമോഹമിപ്പൂച്ചയ്ക്കു ചേരുമോ?
കൊക്കും ചിറകും നമുക്കുമുണ്ടല്ലൊ പ-
റക്കുന്നകൂട്ടത്തിൽ ഞാനും ഗരുഡനോ-
ടൊക്കുമെന്നുള്ളോരു മോഹം നിനച്ചുടൻ
കാക്ക മെല്ലേച്ചെന്നു മറെറാരു കാകനെ-
ത്തക്കത്തിലങ്ങു വിളിച്ചു ചോദിച്ചിതു
"ചൊൽക്കൊണ്ടതാൎക്ഷ്യനു നമ്മളെക്കാളേറ-
മുൽക്കൎഷമുണ്ടെന്നു കേൾക്കുന്നതെന്തെടോ!
ഭോഷ്കെന്നുതന്നെ നമുക്കുതോന്നീടുന്നു"
"ഭോഷ്കല്ലെടോ മഹാവമ്പൻ പതത്രിശ-
നാക്കുമവനെസ്സഹിച്ചുകൂടാ സഖേ!

Digitized By Kerala Sahitya Akademi

സ്വൎഗ്ഗലോകത്തു പാറാചെന്നു ദേവ-
വൎഗ്ഗത്തെയൊക്കെ ജയിച്ചു മഹാബലൻ
ശക്രന്റെ മന്ദിരേ ചെന്നങ്ങമൃതിനെ-
ക്കൈക്കലാക്കിക്കൊണ്ടു പോന്നപോലും പുരാ"
"എന്തെടോ ക്കൂവാ പഴങ്കഞ്ഞിയെക്കാട്ടി-
ലെന്തു വിശേഷമമൃതിന്നു ചൊൽകെടോ!
ഘമ്പനാം കാരിയക്കാറന്റെ വീട്ടില-
കംപുക്കടുക്കളതന്നിൽ കരേറി ഞാൻ
അച്ചിമാരെല്ലാമൊളിച്ചങ്ങു നായൎക്കു
വച്ചിരിക്കും പഴങ്കഞ്ഞിയും മറ്റുമേ
ഒച്ചകൂടാതങ്ങു കൊക്കിലാക്കിക്കൊണ്ടു
മെച്ചത്തിൽ മാറിപ്പറന്നിങ്ങു പോരുവൻ.
അച്ചിമാരെച്ചിലും കൊണ്ടുവരുന്നേര-
മുച്ചത്തിൽനിന്നു പറന്നുചെന്നങ്ങനെ
നിച്ചലുംനിച്ചലുമെച്ചിലും കൊത്തിബ്ഭു-
ജിച്ചുകൊണ്ടച്ചിമാരെച്ചതിക്കുന്നു ഞാൻ.
വിണ്ണവർനാഥനെപ്പോരിൽ ജയിച്ചീട-
മണ്ഡജാധീശനെക്കാട്ടിൽ സമൎത്ഥനീ,
പ്പെണ്ണുങ്ങളെച്ചതിച്ചീടുവാനൊരു
ദണ്ഡമില്ലാത്തൊരു കാകൻ മഹാരഥൻ"
അക്കണക്കായ്‌വന്നുസംസാരമിക്കണ്ട
ധികാരികൾക്കൊരുവാലുംതലയുമി-
ല്ലിന്നതേവന്നു സമക്ഷത്തു ചൊല്ലാവു
എന്നതും തെല്ലും വിചാരമില്ലാതെയായ്.

പൌണ്ഡ്റകവധം തുള്ളൽ — കുഞ്ചൻനമ്പ്യാർ

---

## ൭. ബാലലീല.

കാമാനുകൂലതരമാം പിതൃലാളനത്താൽ
കാമാതികോമളകളേബരനാകുമാരൻ,
ശ്രീമാൻ ദിനംപ്രതി വളൎന്നിതു സൂൎയ്യരശ്മി-
സ്തോമാപ്തിയാൽ ശിശു നിശാകരനെന്നപോലെ.

Digitized By Kerala Sahitya Akademi

മാല്ലോകരാൽമഹിതയായമനോരമസ്യ-
മാല്ലോലലീലമളകാശനമാശയത്തിൽ
പൌലോമിയാൾക്കമരേശ്വരനും ജയന്തൻ
പോലോമലർക്കനവൻ പരിതുഷ്ടിചേർത്തു.

സോമാഭിരാമതനുവാം സുതനെസ്സഭാഗ്യ-
ഭൂമാവിനാൽ മടിയിൽവെച്ചു പുണൎന്നു ഗാഢം;
പ്രേമാർദ്രനായകൃതിയാണ്ടതുപോലുദഞ്ച-
ദ്രോമാഞ്ചകഞ്ചുകിതനാകി വിളങ്ങി മന്നൻ.

തൂമുല്ലമൊട്ടൊടെതിർപല്ലുകളുല്ലസിക്കു-
മാമുഗ്ദ്ധഹാസമൊടു,മഞ്ചിതമാം മുഖത്തിൽ;
ശ്രീമുത്തൊളിശ്രമജതോയകണങ്ങളോടും
കാൽമുട്ടു,കൈയിതുകളൂന്നി നടന്നുബാലൻ.

കൊണ്ടാടുമായയുടെ കൈവിരലും പിടിച്ചു-
കൊണ്ടായവൻ കിമപി പിച്ചനടന്നിടുമ്പോൾ;
കണ്ടാഞ്ഞെടുത്തലിവൊടമ്മ നറും മുലപ്പാൽ
കൊണ്ടാർദ്രമാമുരസി ചേർത്തുടനമ്മ വച്ചു.

കൈവല്ലിയാൽത്തടവിയങ്കതലേ കിടത്തി-
ബ്ബാവംതെളിഞ്ഞു മുലനല്കിയ തായയാളേ;
“പാവയ്ക്കുമമ്മ മുലനല്കണ”മെന്നു കൊഞ്ചു-
മാവത്സനാർദ്രഹസിതാഞ്ചിതവക്ത്രയാക്കി.

സന്നാംഗനുന്നി വീഴുമെന്ന ഭയാലെടുപ്പാൻ
പിന്നാലെ ചെല്ലുമവരെപ്പുതുഹാസമോടും;-
തന്നാനനാംബുജമിടയ്ക്കു തിരിച്ചുനോക്കി-
സ്സന്നാഹമോടിടറിയോടി ഗൃഹാങ്കണത്തിൽ

പൂഞ്ചായൽ, പുഞ്ചിരിപുരണ്ട മുഖത്തു ചിന്നി-
ച്ചാഞ്ചാടിയോടിയുമിടയ്ക്കു തടഞ്ഞു വീണും,
തേൻചാറുമാറു പലകൊഞ്ചൽ പൊഴിച്ചുമുണ്ണി
താൻചാരെ നില്പവരെ മോദരസത്തിൽ മുക്കി.

Digitized By Kerala Sahitya Akademi

കന്നൻചിരട്ടകൾ നിലത്തു കമഴ്ത്തിവച്ചു
മണ്ണപ്പമൻപൊട്ടു ചമച്ചതു, കൂട്ടുകാൎക്കായ്,
എണ്ണം കുറിച്ചു വിഭജിച്ചു യഥേഷ്ടമാകും
വണ്ണം കളിച്ചു കുലഭൂതിലകൻ കുമാരൻ.

ശ്രേയസ്കരാകൃതിയെഴും സുതനങ്ങുതുല്യ-
പ്രായത്തിലുള്ള സചിവാത്മജരോടു കൂടി,
സ്വൈരം വിഹരിച്ചതു കണ്ടു ഭൂഭൃ-
ന്നായ്ക്കൾ നാളുകൾ കഴിച്ചിതു കാൽക്ഷണത്തിൽ.

ചിത്രയോഗം വള്ളത്തോൾ നാരായണമേനോൻ.

---

## ൩. അയോദ്ധ്യ.

പുരികളിലവനിയിലത്തു മുമ്പായതു
പുരുഹൂതൻപുരിയെന്നതു പോലെ:
അനുപമസമ്പത്തുകളോൎക്കുമ്പോ-
ളളകാപുരി പുനരെന്നേ തോന്നും;
നിൎമ്മലഭാവം നിരൂപിക്കുമ്പോൾ
ബ്രഹ്മാലയമാണെന്നേ തോന്നും;
കന്മഷനാശനവൈഭവമോൎത്താൽ
വൈഷ്ണവലോകമിതെന്നേ തോന്നും;
ശിവകരവസ്തുവിശേഷത പാൎത്താൽ
ശിവലോകം പുനരെന്നേ തോന്നും;
ധൎമ്മസ്ഥിതി നിരൂപിക്കുന്തോറും
ധൎമ്മാലയമാണെന്നേ തോന്നും;
ആഭോഗം നിരൂപിക്കുന്തോറും
ഭോഗവതീപുരിയെന്നേ തോന്നും;
ചാരുതപശ്ചൎയ്യാമോൎക്കുമ്പോൾ
മുനിജനഭവനമിതെന്നേ തോന്നും;
ശുദ്ധികരത്വം നിരൂപിക്കുമ്പോ-
ളുത്തമഗംഗയിതെന്നേ തോന്നും;
രത്നവിശേഷം കാണുന്തോറും
രത്നാകരമാണെന്നേ തോന്നും;

Digitized By Kerala Sahitya Akademi

വൎണ്ണിച്ചീടുകിലുരഗപതിക്കും
ഖിന്നതപംപിണയും നിൎണ്ണയമായ്.
ഹരിയോഹരിഹരി! ഭാസ്കരവംശ-
ദിവാകരനുദയം പവിത്രമായതു്;
സൂരിയകുലമാം ദീപജ്വാല-
യ്ക്കാദരവേറും രത്നവിളക്കതു ;
വണ്ടാർകുഴലികൾ തിലകമതാകിയ
തണ്ടാർമാതിനു കളിമന്ദിരമതു്;
ആനന്ദത്തിനു പൊന്നിൻഗൃഹമതു്;
ആശ്ചൎയ്യത്തിനുമാശ്രയമായതു്;
ജയനൎത്തകവരതരുണിതനിക്കൊരു
മരതക നാടകശാലയതായതു്;
കോമളതയ്ക്കൊരു പൂമ്പൊഴിലായതു്;
വിഷ്ണുനൃപന്നൊരു പൂന്തളയായതു്;
ആൎത്തജനത്തിനു കല്പകതരുമതു്;
ആശ്രിതജനചാതകകരുമുകിലതു്;
അഖിലനൃപാംബുജപകലവനായതു്;
സകലഗുണങ്ങൾക്കാകരമായതു്;
നിഖിലജനാളീനയനോത്സവമതു്;
ദുഷ്ക്കൎമ്മത്തിനു പാഴ്കൊലനിലമതു്;
വിക്രമമാകിയ മകരകുലത്തിനു
ചൊല്ക്കൊലരും മകരാലയമായതു്;
ഓരോ ചാരുകിടങ്ങുകൾകണ്ടാ-
ലോരോവാരിധിയെന്നേതോന്നും;
വാർകോലും കല്ക്കോട്ടകൾ കണ്ടാൽ
ലോകാലോകമിതെന്നേതോന്നും;
പൊന്മതിൽ മമ! കാണുംതോറും
നന്മണിസാനുവിതെന്നേതോന്നും;
പ്രാസാദാഭോഗം കാണുമ്പോൾ
കൈലാസാചലമെന്നേതോന്നും;
വെണ്മാടങ്ങളിലേറാനുള്ളൊരു
സോപാനങ്ങളെ നോക്കുന്നേരം;

Digitized By Kerala Sahitya Akademi

സ്വൎഗ്ഗത്തിങ്കൽ പോവാനുള്ളൊരു
പെരുവഴിയെന്നോ പേൎത്തും തോന്നും;
മധുപാവലിയും മയിലും കുയിലും
കളവാക്കോലും കിളിശാരികയും
മധുരാലാപൈരഖിലജനാനാ-
മാനന്ദത്തെ വളൎത്തിടുന്നു്.
എല്ലാനാളുമയോദ്ധ്യാ നഗരിയി-
ലെല്ലാവസ്തുക്കളുമുണ്ടാകും
അറുവരുമഴകോട് ഋതുക്കളുമവിടെ
പ്പരിചിതകുതുകം വിലസീടുന്നു.

പുത്രകാമേഷ്ടി പാട്ടു് — അജ്ഞാതനാമാ

——(൦)——

## ൭. വൈരാഗ്യം.

കാലമേറ്റും കളയാതെ ഞാനിനി-
ക്കാളുമഗ്നിയിൽ ചാടുമാറെന്നുറ-
ച്ചായിരക്കോലുയരത്തുകത്തുവാ-
നായവണ്ണം ചമച്ചിതു കുണ്ഡവും.
വിറകിട്ടു നിറച്ചങ്ങതിനുള്ളു
ജ്വലിപ്പിച്ചിതു പാവകദേവനെ.
അൎജ്ജുനൻെറ വിശേഷത്തെ വൈകാതെ
യച്ച്യുതനോടറായിക്കേണമെന്നിട്ടു
സ്വൎഗ്ഗലോകത്തെക്കെന്ന കണിക്കിനു
നിൎഗ്ഗമിച്ചുയരുന്നിതു ജ്വാലകൾ.
ബ്രഹ്മജ്ഞാനമുദിക്കുന്ന നേരത്തു
കൎമ്മവാസന നീങ്ങും കണക്കിനെ
അംബരത്തോടൊരുമിച്ചു കത്തുമ്പോൾ
ധൂമമൊക്കയും നീങ്ങി ക്രമത്താലെ
വിളങ്ങീടുന്നൊരഗ്നിയെ വന്ദിച്ചു
വലവൈരിതനയനുമന്നേരം

Digitized By Kerala Sahitya Akademi

അഴകോടൊരു പൊയ്കയിൽച്ചെന്നുടൻ
മുഴുകിപ്പരിശുദ്ധിവരുത്തിനാൻ.
വിലസീടുന്ന പാണിതലങ്ങളിൽ
തുളസീദളംകൊണ്ടു നിറച്ചതേ
കുലവില്ലും ചുമലിലെടുത്തങ്ങു
നിർമ്മലമായ മാറുമൂടുന്നുടൻ
ഉഴന്നീടിന വാർകുഴൽതന്നില-
ങ്ങൊഴുകീടിന വാരികണങ്ങളും
ഹരിഷാശ്രുവഴിഞ്ഞു നിറഞ്ഞൊരു
വാരിനീണ്ട വിലോചനഭംഗിയും
കൃഷ്ണനാമം ജപിക്കുന്ന നേരത്ത-
ങ്ങൊട്ടൊട്ടു കാണും ദന്തദ്യുതികളും
അതുനേരത്തു വേഷം നിരൂപിച്ചാ-
ലതിമോഹനമെന്നേ പറയാവൂ.
കരുണാകരമൂർത്തി മുകുന്ദന്റെ
ചരണാംബുജമുള്ളിലുറപ്പിച്ചു
പരമാനന്ദത്തോടെയടുത്താന-
ങ്ങെരിഞ്ഞീടുന്നോരഗ്നികുണ്ഡത്തിങ്കൽ.
വലഭാഗം ചുഴന്നുചുഴന്നേററം
ജ്വലിച്ചീടുന്നോരഗ്നിഭഗവാനെ
വലംവച്ചു വണങ്ങി വിരവോട-
ഞ്ജലിപൂണ്ടങ്ങിവണ്ണം കരുതിനാൻ.
“വിശ്വനായക! നിന്നുടെ ഭക്തനാ-
മർജ്ജുനനിതാ! വഹ്നിയിൽച്ചാടുന്നു.
ചിത്തമോഹമശേഷമകന്നു ഞാൻ
ചിൽസ്വരൂപത്തിൽച്ചെന്നു ലയിക്കണം.”
ജ്ഞാനമൂർത്തിയോടീവണ്ണം പ്രാർത്ഥിച്ചു
ധ്യാനശക്തിയുറച്ചിതു പിന്നെയും.
“ഏഴുരണ്ടു ഭുവനമശേഷവും
ചൂഴവേ നിറഞ്ഞീടിനമായോനെ!
കള്ളമെന്നിയേ കാണണമെന്നിട്ട-
ങ്ങുള്ളിലുമേവ ദൃഷ്ടി തുറന്നുടൻ

Digitized By Kerala Sahitya Akademi

അല്ലൽതീൎന്നമനസ്സോടുകൂടവേ
നല്ലഭാസ്കരബിംബത്തിലാക്കിനാൻ.
വിഷയങ്ങളിൽ പിന്നെയുംപിന്നെയു-
മുഴന്നീടുന്നൊരിന്ദ്രിയമോരോന്നേ
കരളിൽച്ചേൎത്തു പാരം ലയിപ്പിച്ചു
കാൎയ്യകാരണഭേദമറിയാതെ
പരമാനന്ദവൻകടൽതൻകരെ-
പ്പെരുമാറിത്തുടങ്ങിയനേരത്തു
ഇക്കാണാകിയവിശ്വമശേഷവു-
മുൾക്കരളിലുദിച്ചോരുതത്ത്വവും
അക്ഷീണമായ ഭാസ്കരബിംബവു-
മഗ്രേ കാണുന്നോരഗ്നിഭഗവാനും
മൂൎത്തി മൂന്നിനുമൂന്നായവേദവും
സത്യവാസിയാം ശ്രീഗുരുനാഥനും
ഞാനുമേതുമേ ഭേദമില്ലെന്നൊരു
ജ്ഞാനമുള്ളിലുറച്ചുവിജയനും
ഇപ്രപഞ്ചഭ്രമങ്ങളശേഷവും
ദിക്കവിഭ്രമംപോലെതെളിഞ്ഞുടൻ
ഊന്നിയൂന്നിയുറപ്പിച്ച നേരത്തു
പന്നഗേന്ദ്രനുമൊന്നുകുറഞ്ഞുപോയ്

സന്താനഗോപാലം പാന. പൂന്താനം നമ്പൂരി.

---

## ൫. ജടായു.

സീതയെ മോഷ്ടിച്ചുകൊണ്ടു പോകുന്ന രാവണനോടു വൃദ്ധൻ പറയുന്നതു

വീരവീര! നിശാചരമണ്ഡലീ-
ചാരുമൌലിയിൽ ചാൎത്തിനരത്നമേ!
കണ്ടാലെത്രയും പേടിയാകുന്നോരു
പക്ഷിരാജൻ വരുന്നതുകണ്ടാലും

Digitized By Kerala Sahitya Akademi

വാരിരാശിയിൽത്തന്നെ കിടന്നോരു
മൈനാകം പോന്നു വന്നീടുകല്ലല്ലീ?
പത്മനാഭനെത്തന്നെ ച്ചുമന്നീടും
പക്ഷിരാജൻതാൻ വന്നീടുകല്ലല്ലീ?
നമ്മുടെ കുലനാശത്തിനായോരു
ധൂമകേതുവുദിച്ചീടുകല്ലല്ലീ?
വൻകോലുമിപ്പക്ഷിരാജൻ തന്നെ-
ക്കണ്ണുകാണാകിൽ പ്പേടിയാകും ദൃഢം.
കത്തീടുന്നൊരു ചെങ്കനൽക്കട്ടയ്ക്കും
ചെമ്പരത്തിപ്പൂപ്രസൂനത്തിനും
കാന്തികോലുന്നവിദ്രുമക്കല്ലിനു-
മിത്രതന്നെ ചുവപ്പില്ല നിർണ്ണയം.
കൊക്കുകണ്ടാലും പിന്നെഭയങ്കരം
കൊത്തുംപോഴെ മരിച്ചീടുമേവനും
ഛിന്നം ഛിന്നം നിരുപിക്കുമ്പോഴിത്തു
വജ്രംകൊണ്ടു ചമച്ചീടുകല്ലല്ലീ?
വൈരിവാരണദണ്ഡംഭേദിക്കീടുവാൻ
തീർത്തു വച്ചോരു തോട്ടിയെന്നല്ലല്ലീ?
വിശ്വവക്ഷ്മിക്കിരിപ്പാൻ ചമച്ചോരു
വാരുലാവും മണിയറ തന്നുടെ
സാരമായമണിത്തൂണുകൊണ്ടോയി-
ക്കണ്ണനാളും ചമച്ചു ചതുർമ്മുഖൻ?
പക്ഷിരാജന്റെ വേഗവശാൽ ചില
കാളമേഘോപാമ്പര വിസ്മയം!
വാരുലാവും ചിറകിണ തന്നോടു
കെട്ടുപെട്ടു വരുന്നതു കണ്ടാലും.
വേഗവാനാമിപ്പക്ഷിരാജൻ തന്റെ
പക്ഷമാരുതമേററു വശംകെട്ടു
വൃക്ഷരാവങ്ങളോടുന്നതു കണ്ടു
പേടിയാകുന്നു പാരമെനിക്കിപ്പോൾ!

Digitized By Kerala Sahitya Akademi

വീരർചൂഴ്മുടിയായ ഗരുഡൻെറ
ഘോരമായ വരവിതെന്നോൎത്തിട്ടു
പാരിലുള്ള ഭുജംഗങ്ങളൊക്കവേ
പാരം ഭീതിയോടോവിലൊളിക്കുന്നു.
നിൎത്തിരുവടി തൻെറ കുതിരകൾ
സന്താപംപൂണ്ടു മുററും വിറയ്ക്കുന്നു;
കൊക്കുതങ്ങളിൽ കൊട്ടുന്നയൊച്ച കേ-
ട്ടൊക്കവേ വിറയ്ക്കുന്നു ത്രിലോകവും

രാമായണപ്രബന്ധം, · അജ്ഞാതനാമാ

——)o(——

## ൯. തൃഷ്ണ.

കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യൎക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല;
കിട്ടിയതൊന്നും മതിയല്ല; പിന്നെയും
കിട്ടിയാലും മതിയല്ല; ദുരാഗ്രഹം
രണ്ടുപണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടു കാതമെന്നാകിലും;
ഭോജനത്തിന്നും പ്രധനത്തിനും പിന്നെ
രാജസേവയ്ക്കും ദുരാഗ്രഹം ലോകൎക്കു
രാജാവിനെച്ചെന്നു സേവിച്ചു നില്ക്കയും
വ്യാജംപറഞ്ഞു പലരെച്ചതിക്കയും
കൈക്കൂലിമെല്ലെപ്പിടുങ്ങുവാനല്ലാതെ-
യിക്കാരിയക്കാരന്മാൎക്കില്ല വാഞ്ഛിതം.
മൂക്കിൽവിരൽതള്ളി നില്ക്കുന്നവരെയും
നോക്കുവാൻപോലുമവസരമില്ലപോൽ;
ഏത്രയുംദുഃഖമാം രാജസേവാദിക-
ളെത്രജനമുണ്ടതിന്നു തുനിയുന്നു.
ശ്ലോകങ്ങളുണ്ടാക്കിയാലിന്നു നമ്മുടെ
ശോകങ്ങൾ തീരുമെന്നെല്ലാം നിരൂപിച്ചു
ശ്ലോകംചമയ്ക്കും പദങ്ങളും നിൎമ്മിക്കു-
മേകൻ ദുരാഗ്രഹംകൊണ്ടതു ചെയ്യുന്നു.

Digitized By Kerala Sahitya Akademi

പട്ടുകിട്ടുമ്പൊഴും സന്തോഷമില്ലവ-
ന്നൊട്ടുപണംകൂടി മുമ്പേറിനശ്ശയാൽ
വീരവാളിച്ചേല കിട്ടിയെന്നാകിലോ
പോരാ തരിവള കിട്ടുവാനാഗ്രഹം.

പാരിലോരോജനം ദ്രവ്യമുണ്ടാക്കുവാ-
നോരോരോവിദ്യകൾ കാട്ടുന്നു സന്തതം,
ആട്ടംപഠിക്കുന്നു ചാട്ടം പഠിക്കുന്നു
കൊട്ടുപഠിക്കുന്നു പാട്ടു സാധിക്കുന്നു
മുട്ടാതെ കച്ചകെട്ടുന്നു ചിലർനിന്നു
വെട്ടും തടയും വടിയും പയററുന്നു;
വായനകൊണ്ടേ ഫലിപ്പൂവിക്കാലമെ-
ന്നായതിനും ചിലരൂററംപിടിക്കുന്നു.
ആയാമം വേണമെന്നാൽ പണം കിട്ടുമെ-
ന്നായുധവിദ്യയ്ക്കൊരുത്തൻ തുനിയുന്നു.
വിദ്യകൾ മററുള്ളതെല്ലാം വൃഥാ തന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ;
ക്ഷാരസ്ഥരഘൃതം ഗുൽഗുലു തിക്തകം
ചേരുന്നനെയ് കളുമെണ്ണപൊടികളും
സാരമായുള്ള ഗുളികയും കൊണ്ടുചെ-
ന്നോരോവിധം പണം കൈക്കലാക്കീടുന്നു.
മന്ത്രവാദംപഠിക്കുന്നു ചിലർപിന്നെ
യന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു;
മന്ത്രികളോടുമരചരോടും ചെന്നു,
മന്ത്രിച്ചു പട്ടും വളയും പറിക്കുന്നു.
ജ്യോതിഷശാസ്ത്രം പഠിച്ചവൻ മിക്കതും
പാതിരാജ്യം കൈക്കലാക്കാൻ തടവില്ല;
ജാതകംനോക്കീട്ടവൻ പറഞ്ഞീടുന്ന
കൈതവംകേട്ടാൽ കൊടുക്കും പല വസ്തു
ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാതുര്യമേറുന്ന വൈദ്യനും...

Digitized By Kerala Sahitya Akademi

ഏതുംമടിക്കാതെ വേണ്ടതു നല്കുവാൻ
ഭൂതലവാസികൾക്കില്ലൊരു സംശയം.
മററുള്ളവിദ്യകളെല്ലാം പണിപ്പെട്ടു
പഠിച്ചുകൊണ്ടു നടക്കുന്ന ഭോഷക്കു
കൊററു മാത്രപോലുമെങ്ങും കഴിവരാ;
മററുള്ളതോ പിന്നെയൊട്ടു നിനയ്ക്കേണ്ട.
നീററിലെപ്പോളകൾ തുല്യമാം ജീവനെ
പ്പോററുവാനെത്ര ദുഃഖിക്കുന്നു മാനുഷർ!
അററമില്ലോരോന്നു ചിന്തിച്ചു കാണുമ്പോൾ
മുററും ദുരാഗ്രഹമെന്നേ പറയാവൂ.
കാണുന്നതൊന്നും പരമാർത്ഥമല്ലെന്നു
കാണിനേരം ബോധമില്ല മനുഷ്യർക്കു്,
ഊണുമുറക്കവുംകൊണ്ടു ദിവസങ്ങൾ
പോണതുമാർക്കു മനക്കാമ്പിലില്ലെടോ!
ഓണത്തിനില്ലത്തു വേണ്ടും പദാർത്ഥങ്ങൾ
കാണാഞ്ഞൊരുത്തനുഴന്നു നടക്കുന്നു,
ഓണപ്പുടവത്തരങ്ങളെട്ടുപ്പതി-
ന്നോണച്ചരക്കു വന്നില്ലെന്നൊരുവിധം;
പ്രാണനോടുംകൂടി വാഴുന്നതൊന്നെങ്കി-
ലേണമിഴിയാൾക്കു വേണ്ടതു നല്കുവാ-
നാടലില്ലേതും വിഷുവിന്നകം പുറം
വീടുപണിയിക്കുമെന്നങ്ങൊരു വിധം;
കണ്ടേടമൊട്ടുള്ള ദിക്കിൽ കുടിയിരു-
ന്നുണ്ടുകൊള്ളാമെന്നൊരുത്തൻെറ വാഞ്ഛിതം;
കെട്ടുംചുമടുമെടുത്തു നടന്നിട്ടു
വീട്ടിലുള്ളോരെപ്പൊറുപ്പിക്കയും ചിലർ;
കിട്ടുന്നതെല്ലാം കളത്രത്തിനേകീട്ടു
പട്ടിണിതന്നെ കിടക്കുന്നിതു ചിലർ;
പട്ടുംപണങ്ങളും കെട്ടിവച്ചുംകൊണ്ടു
നാട്ടിലുള്ളൂട്ടുകൾ തേടുന്നി ചിലർ;

Digitized By Kerala Sahitya Akademi

ആയുസ്സുപോകുമെന്നാകിലും നിനവില്ല,
കായം നശിക്കുമെന്നുള്ളതുമോൎക്കില്ല;
കായാംപൂവൎണ്ണനെ ച്ചിന്തിക്കയുമില്ല;
മായാബ്ധിതന്നിൽ മുഴുകിക്കിടക്കയാൽ.
ദേഹം മുടങ്ങിക്കിടക്കുന്നതോഷവും
മോഹത്തിനേതും കുറവില്ലബാലക!
ദേഹമെന്നും തന്റെ ദേഹിയെന്നും പല-
സാഹസം ചിന്തിച്ചുതന്നെ നടക്കയും,
ജ്ഞാനം മനസ്സിലുറയ്ക്കുന്ന നേരത്തു
ഞാനെന്ന ഭാവം നശിക്കും കുമാരക!

ധ്രുവചരിതം തുള്ളൽ, കുഞ്ചൻനമ്പ്യാർ.

---

## ൧൦. ബാലിസുഗ്രീവയുദ്ധം.

വാവിൻനാളങ്ങാവിൎമ്മോദം
ജലനിധി തെരുതെരെയിളകുംപോലെ,
മനസി നിറഞ്ഞൊരു കോപമുറഞ്ഞും
ചെങ്കനൽപോലെ കണ്ണുചുവത്തി,
കാലൻ കയറു വളച്ചു കണക്കെ
പിരികത്തെല്ലു ഞെളിഞ്ഞു ഞെരിഞ്ഞും
ചന്ദ്രക്കലകൾ കടിച്ചുകണക്കേ
ചൎമ്മം ചിന്തും ദംഷ്ട്രം കഴററി-
ക്കഹകഹനാദം മുഹുരപി പായി-
ച്ചുടനുടനലറിക്കൂൎത്തനഖങ്ങൾ
ചുരത്തിനകൈത്താർ തത്ര നിലത്തി-
ലടിച്ചു കട്ടത്തൊരു ഭാവം പൂണ്ടു
മുഷ്ടികളുഴകൊട്ട ചേൎത്തു മുറുക്കി-
ധരണീചക്രവുമൊന്നു കുലുക്കി-
ഗ്ഗിരിവരരെച്ചിലകുത്താടിച്ച-
പ്രളയത്തീക്കനലെന്നകണക്കെ;

Digitized By Kerala Sahitya Akademi

അന്തകനൊരു വാനരന്റെ രൂപം
കൈക്കൊണ്ടൊട്ടു വരുന്നകണക്കെ
പോരിൽ ക്കൊട്ടുമകളുടമകലന്നൊരു
ദേഹംപൂണ്ടു വരുന്നകണക്കെ;
സംഹാരത്തിനു ശങ്കരഭഗവാൻ
കരുതിക്കൊണ്ടുവരുന്നതുപോലെ;
രത്നാക്കടലൊരുരൂപംകൈക്കൊ-
ണ്ടുദ്ധതഘോഷമിയന്നകണക്കെ;
കപികുലപെരുമാൾ വന്നതു കണ്ടു
ഭയാകുലനായീ ദിനകരതനയൻ.
അരയും തലയും കരുതി മുറുക്കി
പ്പെട്ടെന്നിതവിയ മുഷ്ടി പിടിച്ചും
തീയൊടുമറെറാരു തീയണയും പോൽ,
കടലൊടു മറെറാരു കടലണയുമ്പോൾ,
മലയൊടു മറെറാരു മലയണയുംപോൽ,
കാററൊടു മറെറാരു കാററണയുംപോൽ
കട്ടതായലറിത്തങ്ങളിൽ നോക്കി-
ക്കിമപി ചുരുങ്ങി പ്പുറത്താണു
വലത്തേമുഷ്ടി യടക്കിയൊതുക്കി-
യിടത്തേമുഷ്ടി തട്ടപ്പതിനാക്കി
യിടക്കാൽ മുൻപിൽ ഝടിതി ചവിട്ടി
വലക്കാൽ നീക്കി വലത്തുമിടത്തും
താണുനടന്നും പഴുതുകൾ നോക്കി-
പ്പൊട്ടുപൊടെമുഷ്ടികൾകൊണ്ടു കൊട്ടുത്തും
ഝടിതി തട്ടുത്തും പഴുതിലടിച്ചും
മാറിലിടിച്ചും കെട്ടിയൊഴിച്ചും
ഇടസ്സ്കൊ തൊഴിച്ചും പുക്കപിടിച്ചും
വാങ്ങിയയച്ചും കൈകളമത്തും
കൈത്തലയോങ്ങിയടിച്ചീടുന്നു;
കുത്തുകൾ കൊണ്ടു ഞെരിച്ചീടുന്നു;
പൽക്കടിയിട്ടു പൊടിച്ചീടുന്നു;

Digitized By Kerala Sahitya Akademi

മുഷ്ടിലണഞ്ഞുപിടിച്ചീടുന്നു;
തലകൊണ്ടധികം പാഞ്ഞീടുന്നു;
നിലകൊണ്ടുടനെ വാങ്ങീടുന്നു;
മെയ്യുംമെയ്യുമണഞ്ഞീടുന്നു;
കയ്യുംകയ്യുമുറഞ്ഞീടുന്നു;
നഖതതി പലവഴിയേല്പിക്കുന്നു
മുഖരുചി കലുഷത വായ്പിക്കുന്നു.
ദിനകരകുലമണി രാമനതപ്പോൾ
പരിചിതകൗതുകമയച്ചു ബാണം
വല്മീകാലങ്ങരിയൊരു ഫണിപതി
ചെമ്മേയങ്ങനെ പോകുംപോലെ;
"യുദ്ധം മതിമതി നിങ്ങളിലെന്നരുളി-
ച്ചെയ്തു ശ്രീരാമൻതിരുവടി"
എന്നറിയിപ്പാനായിട്ടങ്ങൊരു
ദൂതൻ വിരവൊടു ചൊല്ലുംപോലെ;
സുഗ്രീവൻതൻ ദുഃഖാകാശ-
ക്കുരിരുൾകളവാനർക്കൻപോലെ;
കപികുലനാഥനു വാനിൽ പ്പോവാൻ
ചങ്ങാതം ചെല്ലുന്നതുപോലെ;
മുക്തിപദത്തിനു വഴികാട്ടുവതിനൊ-
രുത്തമനഴകൊടു ചെല്ലുംപോലെ;
ദുഷ്കൃതമരവേരൊക്കെയറുപ്പാൻ
തീക്കനലഴകൊടു ചെല്ലുംപോലെ;
സീതാന്വേഷണവൃത്താന്തം മേ-
ലുണ്ടാവാൻ നൂലിട്ടുകണക്കെ;
രാമശരംചെന്നനുപമകപികുല
മാർവിൽ ചെന്നു തറച്ചു പിന്നെ.
ബാണം തച്ചുളവവനും വേഗാൽ
സുഗ്രീവന്മേൽ കൈയും വച്ചൊരു
പക്ഷമൊഴിഞ്ഞപർവ്വതമുച്ചിയി-
ലുദ്ധതഘോഷം വീണതുപോലെ;

Digitized By Kerala Sahitya Akademi

താരാഭാഗ്യമരാമരമമ്പൊട്ടു
വേരുമുറിഞ്ഞു പതിച്ചതുപോലെ;
ദേവേന്ദ്രൻതൻ കൊടിയൊരു കൊടിമര-
മുൻപിൽ മറിഞ്ഞു പതിച്ചതുപോലെ;
സുഗ്രീവൻതൻ ദുഃഖപ്രവരൻ
കനിവിലിരിക്കും പൊന്നിൻമാളിക
തൂണു പൊളിഞ്ഞു പതിച്ചകണക്കെ
മോഹാൽ ബാലിയുമവനിയിൽ വീണു.

രാമായണപ്രബന്ധം, അജ്ഞാതനാമാ

---

## ൧൧. പുണ്യപാപങ്ങൾ.

(മരിക്കുന്നവരോടു യമദൂതന്മാരുടെ പെരുമാററം.)

പുണ്യപാപങ്ങളുടെ ഫലത്തെബ്ഭുജിക്കുന്നു
പുണ്യപൂരുഷന്മാരും പാപിഷ്ഠജനങ്ങളും.
യാതന സഹിയാഞ്ഞു ഖേദിക്കുന്നിതു ചിലർ
ഭൂതനസുഖംപൂണ്ടു മോദിക്കുന്നിതു ചിലർ
കണ്ടുള്ളിൽ കൌതൂഹലം കൊണ്ടെല്ലാമറിവാനൽ-
ക്കുണ്ഠയാലവൻ യമദൂതരോടറിയിച്ചാൻ.
മാർഗ്ഗത്തിൻമദ്ധ്യേ ചെന്നു കാണണമെന്ന വാഞ്ഛയാ
മാർഗ്ഗത്തെത്തന്നെയനുസരിച്ചാരവർകളും.
അയ്യയ്യോ! എന്നുപരിദേവനം ചിലദിക്കിൽ-
പയ്യവേ സൽക്കാരസന്തോഷാക്തികൾ ചിലദിക്കിൽ.
ഘനല്ലന്നം ഭുജിച്ചാലും, നന്മധു സേവിച്ചാലും,
മെല്ലവേ നടന്നാലും, നിഴലിലിരുന്നാലും;
ഇതല്ലോ കുറുക്കപാലിതല്ലോ കട്ടത്തായി-
രിതല്ലോ പുത്തരുക്കനെയ്മണംചേരും മോരും
ഇതല്ലോ രസായനമിതല്ലോ നല്പാനക
മിതല്ലോ പനസാമ്രകദളീഫലങ്ങളും;
ഏലവും രാമച്ചവും ലവങ്കം കർപ്പൂരവും
മേളനം ചെയ്ത ജലമിതല്ലോ സുശീതളം;
തൃപ്തിവന്നീടുവോളമെല്ലാമാസ്വാദിച്ചാലും,
തൃപ്തസംഭ്രമം മന്ദം സുഖമേ ഗമിച്ചാലും.

Digitized By Kerala Sahitya Akademi

ചന്ദനം ഗോരോചനം കസ്തൂരിപനിനീരും
കുന്ദമല്ലികാജാതിമാലയുമണിഞ്ഞാലും,
ദത്തമായതുതന്നെ ലഭിക്കും തപസ്വിക്ക-
മുത്തമോത്തമന്മാരായുള്ള സജ്ജനത്തിനും
കൊടുത്തിട്ടുള്ളോർക്കറിന്നിടുത്തതിങ്ങും കിട്ടും
തൊടുത്തു തപസ്സെങ്കിൽ പരലോകവും തഥാ
കൊടുക്കാതവർക്കില്ല ധനവും സ്വർഗ്ഗപ്രാപ്തിയും
കൊടുക്കാതവർക്കില്ല മനശ്ശുദ്ധിയും സുഖം;
കൊടുക്കാതവർക്കില്ല പുത്രരമാത്മജ്ഞാനം
കൊടുക്കാതവർക്കില്ല പിതൃപ്രീതിയും നൂനം.
കൊടുക്കാതവർക്കില്ല പശുവൃദ്ധ്യാദികളും;
കൊടുക്കുന്നവർക്കില്ല നരകപ്രാപ്തിയെങ്ങും.
ധാതാവു പലപല സൽകർമ്മം പഞ്ചയജ്ഞം
പ്രാതസ്നാനവും ചെയ്തുഫലത്തെ പ്രാപിച്ചീടും.
മുഖ്യകാവേരിസ്നാനംകൊണ്ടു പാപങ്ങൾപോക്കി
സ്വർഗ്ഗത്തെ ഗമിക്കുന്ന സജ്ജനശ്രേഷ്ഠന്മാരേ!
സതിയാമരുന്ധതിദേവിക്കു തുല്യമാരാം
പതിദേവതമാരേ! ഭർതൃസമ്മതമാരേ!
പാരിൽനിന്നവരവർ ചെയ്യുന്ന പുണ്യംതന്നെ
പാരലൌകികമായ പാഥേയം നിങ്ങൾക്കെല്ലാം.
നിത്യവും സദാചാരരതമാരായുള്ളോരേ!
ശുദ്ധമാരല്ലോ പതിപ്രിയമാരല്ലോ നിങ്ങൾ.
വൈദികകർമ്മം കൊണ്ടു ലഭ്യമാം സുരലോക-
മാദരാൽ സുലഭമായ് നിങ്ങൾക്കു ചിത്രം ചിത്രം!
ആതുരനെന്നാകിലും വിഷിദ്ധനെന്നാകിലും
മേദുരക്രോധശീലനാകിലും ഭർത്താവിങ്കൽ
നിശ്ചലയായഭക്തി നിങ്ങൾക്കു പാഥേയമൊ-
ന്നിച്ചാനരൂപമതിൻ ഫലത്തെബ് ഭുജിച്ചാലും;
അന്ത്യകാലത്തെങ്കിലുമന്തകൻതന്നെ കാണാം,
സന്തോഷാൽ സ്വർഗ്ഗം പുക്കു സന്തതം സുഖിച്ചാലും
എന്നിത്ഥമുപകരിച്ചന്തകദൂതന്മാരാ-
ലുന്നിദ്രസംപൂജ്യരായ് ദിവ്യരായാത്രാധരായ്

Digitized By Kerala Sahitya Akademi

സാമോദം ത്രിവിഷ്ടപം പ്രാപിക്കുന്നിതു ചില-
രാമയമെന്നുമണഞ്ഞീടാതെ ചിലദിക്കിൽ
മുൽഗരം ഭിണ്ഡിപാലം ഗദയും മുസൃണ്ഠിയും
ഖഡ്ഗവും ധരിച്ചു ദംഷ്ട്രാകരാളാസ്യന്മാരായ്
ഘോരാകാരരായൂൎദ്ധ്വകേശരാം യമഭട-
രത്യുഗ്രരോഷം ഛിന്ധിഭിന്ധിയെന്നുടനുടൻ
ചൊല്ലിബ്ഭൎത്സിച്ചു പേർത്തും നിർദ്ദയംമർദ്ദിക്കയാ-
ലല്ലൽപൂണ്ടത്യുച്ചത്തിൽ കരയുന്നിതു ചിലർ.
ചേറും ചുട്ടുള്ള മണൽ വീറേറും കണ്ടകങ്ങ-
ളാറാതെ പഴുപ്പിച്ചൊരിരിമ്പുകീലങ്ങളും
തഴച്ചമാൎഗ്ഗങ്ങളിൽ പഴിച്ചും കമഴ്ത്തിയി-
ട്ടിഴച്ചും ദ്രുതം കണ്ണീർ പൊഴിച്ചും നിരന്തരം
തൊഴിച്ചും പൈദാഹത്താൽ കഴച്ചും തീകൊണ്ടു ചു-
ട്ടിഴച്ചുമവരവർ പിഴച്ച പിഴപോലെ
വെള്ളവും ജനങ്ങളുമില്ലാതെ കൊടുങ്കാട്ടിൽ
തുള്ളത്തുള്ളവേ വെട്ടിയെല്ലൊത്തു നുറുക്കിയും
ക്രൂരദംഷ്ട്രങ്ങളായ സാരമേയങ്ങൾ ചുററു-
മോരോമൎമ്മങ്ങളിൽക്കടിച്ചു പിടയിച്ചും
സാഹസാദേവം യമദൂതന്മാർ പീഡിപ്പിച്ചു
ഹാഹേതി ചിലരലറുന്നിതു ചിലദിക്കിൽ.

കാവേരിമാഹാത്മ്യം, കടിയങ്കുളത്തു ശുപ്പുമേനോൻ.

---

## ൧൨. സീതയുടെ അഗ്നിപ്രവേശം.

അന്നപ്പേടയരവിന്ദപ്പൊയ്കയി-
ലമ്പിനോടു ചാടീടുന്നതു പോലെ
അതിഘോരമായി ജ്വലിച്ചീടുന്നോ-
രഗ്നിയിൽ പത്മപത്രാക്ഷി ചാടിനാൾ.
ഹരശങ്കരയെന്നിതങ്ങെല്ലാരും
ഹരിയോഹരിയെന്നും ജപിക്കുന്നു
അന്നേരത്തിയന്നോരാശ്ചര്യത്തി-
ന്നവസാനമെന്തുള്ളതു പാൎക്കുമ്പോൾ!

Digitized By Kerala Sahitya Akademi

രാജലക്ഷ്മിയെ ജയിക്കണം ജാനകി
രാമചന്ദ്രൻ ജയിക്കേണമിങ്ങനെ
നാലുദിക്കിലും ഘോഷം മുഴങ്ങുന്നു,
നാരിമാരുമങ്ങോട്ടിയൊളിക്കുന്നു.
ചെയ്യും താപം കലർന്നുകൊണ്ടെല്ലാരു-
മയ്യോവയ്യോയെന്നോതിനട്ടങ്ങുന്നു
ഭൂമിയും വാനുമൊന്നുകുലിങ്ങീതു,
ഭൂതലങ്ങളുമൊന്നു വിറച്ചീതു,
ദിക് തരുണികൾക്കു മുഖംമങ്ങീതു,
പത്തുദിക്കും ഭയത്താൽ വിറച്ചിതു;
പത്മനാഭനുണർന്നൊന്നു നോക്കീതു;
പത്മബാണാരി വിസ്മയപ്പെട്ടിതു,
പവമാനനും മെല്ലെയടങ്ങീതു;
സർപ്പരാജനുമൊന്നുവിഷാദിച്ചു.
അർക്കരശ്മിയും മങ്ങീതുലോമപ്പോൾ
അസ്തമിച്ചെന്നപോലെ ചമഞ്ഞിതു.
ആദിത്യാശ്വങ്ങളും ക്ഷണം നിന്നിതു;
അരവിന്ദങ്ങളും കൂമ്പിയന്നേരം
അതിഖേദം പൂണ്ടെല്ലാരുമൊക്കവെ-
യവശപ്പെട്ടു നിന്നിതു വല്ലാതെ
പ്രളയാഗ്നിയെപ്പോലെ കത്തിക്കാളി
ജ്വലിച്ചീടുന്ന പാവകദേവനും
അതിശീതളനായിച്ചമഞ്ഞിതു
കുളിർകൊണ്ടു സഹിച്ചില്ലങ്ങെല്ലാർക്കും
കുളുത്തോരു മലർത്തെന്നലും വീശി-
ക്കനലുകട്ടയും പൊട്ടിത്തെറിച്ചിതു
ചെമ്പരുത്തിപ്പൂപോലെയും ചെമ്പക-
പ്പൂവുപോലെയും പൊന്നിൻച്ചെന്താമര-
പ്പൂവുപോലെയുമെങ്ങും ചമഞ്ഞിതു
കത്തിനില്ക്കുന്ന തീക്കനൽക്കട്ടകൾ
താരിൽമേവിന വണ്ടുകൾ തീക്കനൽ
താരിതെന്നോർത്തു തേൻ കുടിച്ചീടുന്നു.

Digitized By Kerala Sahitya Akademi

കനൽക്കട്ടയിൽ ചെന്നങ്ങിരുന്നപ്പോൾ
ചിറകും കാലും വെന്തുപോയീലൊട്ടും
നിന്നവർ കനൽക്കട്ടകൾ വാരുമ്പോൾ
പാണികൾ ചുട്ടുപോയീലെന്നുമല്ല
ആലിപ്പഴം കണക്കെ തണുത്തിട്ടു
ചൂടിക്കൊള്ളാം തലയിലെന്നാർ ചിലർ,
മാലയായ് കോർത്തു മാറിലിടാമെന്നാർ.
മടിയിൽകൊണ്ടുപോകാമെന്നാർചിലർ,
കോരിക്കുന്നിലിടാമെന്നാർ ചിലർ
ക്രീഡിക്കുന്നു കനൽകൊണ്ടു തങ്ങളിൽ.

രാമായണപ്രബന്ധം, അജ്ഞാതനാമാ

---

## ൧൩. രാമനില്ലാത്ത അയോധ്യ.

പെരിച്ചാഴി കൂമൻ പെരിയപൂച്ചയും
നിറഞ്ഞിരിക്കുന്ന പുരവും കണ്ടിതു
ഇരുട്ടിനാൽ നിറഞ്ഞൊരു കാളരാത്രി
പരിശോഭിക്കാതെയിരിക്കുന്നപോലെ,
തപനനെക്കൊണ്ടു തപിച്ചിരിക്കുന്ന
കൃശയായുള്ളൊരു ഗിരിനദിപോലെ,
കൊടികുടതഴ കവചമെന്നിവ
ഭടവരന്മാരും മുറിഞ്ഞുപോയുള്ള
പടയിലാപത്തു ഭവിച്ചിരിക്കുന്ന
പടക്കൂട്ടം പാരം തളർന്നു പോലെ;
പവനനില്ലാത്ത കടൽത്തിരകൾതൻ
രവമില്ലാതെകണ്ടിരിക്കും പോലെയും
സുകൃതമൊക്കെയുമൊടുങ്ങിബ് ഭൂമിയിൽ
പതിച്ചനക്ഷത്രാവലിയെപ്പോലെയും
നവമണികളാൽ വിഹീനമായുള്ള
നവഹാരലതാവലികൾപോലെയും,
വസന്തകാലത്തിൽ സുപുഷ്പിതലത
വനാഗ്നിനാ വാടിക്കിടക്കുംപോലെയും,

Digitized By Kerala Sahitya Akademi

ജലദങ്ങൾകൊണ്ടു മറഞ്ഞിരിക്കുന്ന
മതിയും താരകാഗണങ്ങൾ പോലെയും,
അടിച്ചുതളിക്കാതെയിരിക്കകൊണ്ടെങ്ങും
പൊടികളുംകുഴി പലതുണ്ടാകയാൽ
ഉടഞ്ഞപാത്രങ്ങൾ ചുഴലവുമതിൽ
കിടക്കുന്നതായ പ്രപയെന്നപോലെ,
കറുത്തിരിക്കുന്ന ജലധരംകൊണ്ടു
മറച്ചിരിക്കുന്ന രവിപ്രഭപോലെ.

വാല്മീകിരാമായണം, കേരളവർമ്മത്തമ്പുരാൻ.

---

## ൧൪. ഒരു ഉപദേശം.

പുതിയ പല പരിഷ്കൃതിപ്രകാര-
സ്ഥിതികളഹോ! മഹിതന്നിൽ മാറിമാറി
പ്രതിദിനമുളവായ്‌വരുന്നു വാനിൽ
പ്രതിനവസാന്ധ്യപയോധരങ്ങൾ പോലെ.
മഹിയിലഭിനവം ഭവിപ്പതെല്ലാം
മഹിതപരിഷ്കൃതിയെന്നഹോ ഭ്രമത്താൽ
അഹിതഹിതവിചാരമററു ലോകം
രഹിതനയം പലതും നടത്തിടുന്നു.
ഫലലവമിയലാതെ പാരിടത്തിൽ-
ച്ചിലതുമഹോ! ജനമാചരിച്ചിടുന്നു;
നലമൊടു പരിണാമസംഭവത്തിൽ-
നിലശുഭമാകിലതേ ക്രിയാർഹമാവൂ.
വെടികളിഹ കഥിച്ചിടുമ്പൊഴും നാം
വെടിയണമക്കപടോക്തി മുക്തശങ്കം;
ഇടിവെതിനുമിയററിടുന്ന ദോഷ-
ച്ചെടിയുടെ കാതലു കൈതവോക്തിയത്രേ.
ഗുരുജനതയിലേററമാനതത്വം
ഗുരുതരഭക്തിയൊടാചരിപ്പതാണും;
തരുവതിനുപരിയൊന്നുയൻനുപോകു-
ന്നൊരു തൃണതുലതതിക്കുതാൻ ലഘുത്വം.

Digitized By Kerala Sahitya Akademi

അപരനുകഴിയും വിധത്തിലെല്ലാ-
മുപകൃതിചെയ്യണമേതുമാതിരിക്ക
സ്വപദതലമണഞ്ഞവൎക്കു താപം
സപദി പലാശികൾപോലുമാററിടുന്നു.
വിനയവഴിവിടാതെ സഞ്ചരിച്ചാൽ
വിനകളൊരുത്തനുമേതുമേൽക്കയില്ല;
ഘനമൊടുമുയരുന്ന വസ്തുവിന്നേ
നിനവുപെടാത്തൊരു വീഴ്ച സംഭവിക്കൂ.
പെരുകുമഭിനിവേശമൊന്നിലും ചേ-
ൎക്കരുതു വിനാശമതിങ്കലങ്കുരിക്കും;
വിരുതുടയ സുയോധനാദികൾക്കും
പുരുതരഭ്രാന്തിഹേതുവായ് മൃതിക്കും.
ഖലജനസഹവാസമുഗ്രഹാലാ-
ഹലവിഷമെന്നു വെടിഞ്ഞിടേണ്ടതത്രേ;
ഖലമതിഫണിതൻെറ ചേൎച്ചമൂലം
സുലളിതചന്ദനശാലി ദുഷ്ടമാകും.
ചിതമൊടു നിജമാം പ്രവൃത്തിമൂലം
ഹിതമരുളി സ്വകുലത്തിനും പരക്കും
ധൃതരസമമരും സമൎത്ഥനായി-
സ്സതതമമൎത്ത്യപുരം തുറന്നിരിക്കും.
തനിയെയപരനായ്ക്കുറച്ചുപോലും
കനിവുകലൎന്നുപകാരമേകിടാത്തോൻ
അനിശമവനിയിൽ തദീയമാകും
ജനി ബത കേവലഭാരമാക്കിടുന്നു.
പരനിഹ പരിതാപമേതുകൊണ്ടോ
പരമുളവാകുമതൊന്നുതാൻ വിവൎജ്ജ്യം;
പരമഖിലവുമാചരിച്ചിടാൻ തൽ-
പ്പരത ഭവിക്കുകിലിതരപോലെ ചെയ്യാം.

സൂക്തിമാല,

പന്തളത്തു കേരളവൎമ്മതമ്പുരാൻ

——(o)——

Digitized By Kerala Sahitya Akademi

## ൧൯. ലോകാപവാദം.

ബാലന്മാരും വൃദ്ധന്മാരും
യൌവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷലികളും ചില വിഷത്രപികളും
ചിത്തഗുണത്തിനൊത്തതുപോലെ
തപമിളച്ചു പറഞ്ഞുതുടങ്ങി
കാലത്തിന്റെ പകച്ചു നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ.
വേലികൾതന്നെ വിളവു മുടിച്ചാൽ
കാലികളെന്തു നടത്തീടുന്നു?
കപ്പലകത്തൊരു കള്ളനിരുന്നാൽ
എപ്പൊഴുമില്ലൊരു സുഖമറിയേണം.
വീട്ടിലിരിപ്പാൻ വശമില്ലാഞ്ഞാൽ
കാട്ടിലിരിക്കാം പണ്ടൊരു കാലം
കാട്ടിൽച്ചെന്നും കൊന്നുപറിക്കും
കൂട്ടമതിപ്പോളുണ്ടായ്വന്നു.
നാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും
നല്ല മനോഗുണമുള്ള ജനത്തെ-
ക്കൊല്ലാനില്ലൊരു മടിയില്ലേതും;
പത്തമ്പതുപറ നെല്ലുണ്ടെന്നുടെ
പത്തായങ്ങളിലല്ലവേ കണ്ടതെ-
ട്ടുത്തുകൊട്ടത്തെൻ വിത്തും കൂലിയു-
മെത്താനൊരുവഴി കണ്ടതുമില്ല;
പത്തായത്തിനുറപ്പും പോരാ;
കാത്തുകിടപ്പാനാളും പോരാ;
കട്ടുനടക്കും ദുഷ്ടജനത്തിനു
കിട്ടിയതെല്ലാം കൊള്ളാംതാനും;
തുമ്പകിളച്ചും ചേമ്പുകൾ നട്ടും
തുവരകൾ പിഴുതും വാഴകൾ വെച്ചും

Digitized By Kerala Sahitya Akademi

നമ്പൂരാന്മാരുടെ പിറകെ നടന്നി-
ട്ടിമ്മിണിമുതലു നമുക്കുണ്ടായതു
പാടേ കട്ടുമുടിച്ചെന്നാകിൽ
പാളപിടിച്ചു നടക്കേയുമുള്ളു.
തെല്ലുംതാൻപൊലിശക്കടമുള്ളതു-
മെല്ലാമിങ്ങു വശത്തായില്ല;
ഒരു മേനികളും പല മേനികളും
സമ്പാദിച്ചോട്ടു കളത്തിലുമായി;
പലിശകൊടുപ്പാനല്ലൊരു നെല്ലും
പലതരമാക്കിയളന്നും വച്ചു;
ഇപ്പോൾ നമ്മുടെ വീട്ടിൽ കള്ളനു
കപ്പാൻ നല്ലൊരു തരമായ്വന്നു;
ഏതാനും ചില കാളകളുള്ളതു-
മേതൊരു ദിക്കിൽ സൂക്ഷിക്കേണ്ടു?
കാളകളേയും മൂരികളേയും
കള്ളനു കപ്പാൻ വിരുതേറീടും;
എള്ളു വിതച്ചിട്ടുള്ളതുമെല്ലാം
കള്ളന്മാരുടെ വായിൽത്തന്നെ.
കള്ളന്മാരതു കട്ടു ഭുജിച്ചാൽ
പള്ളപൊളിപ്പാനാവതുമല്ല;
അച്ചികളും ചിലരങ്ങു വിളിച്ചു
കൊച്ചുകളോടു പറഞ്ഞുതുടങ്ങി:—
"ഉണ്ണികളൊന്നു ധരിച്ചീടേണം,
കണ്ണനനേകം വിദ്യകളുണ്ടു്"
എന്നതുകൊണ്ടവനന്തികസീമനി
നിന്നു കളിക്കരുതെന്നറിയേണം;
കാലേലുള്ള ചിലമ്പുംമണിയും
ചാലേ വന്നു പിടിച്ചു പറിക്കും;
കണ്ഠത്തിൽ ചില മോതിരമുള്ളതു
കൊണ്ടുനടപ്പാനെളുതല്ലേതും;
കണ്ടവരോടു പിടിച്ചു പറിപ്പാ-
നതൊരു വിരുതക്കൃഷ്ണനു പാർത്താൽ;

Digitized By Kerala Sahitya Akademi

സത്രാജിത്തിന്നനുജനെയെത്തി-
ക്കുത്തിക്കൊന്നാൻ മണിയുടെ മൂലം.
അരയിൽ കെട്ടിയ മണികൾ പറിപ്പാൻ
പരിചൊടു നിങ്ങളെയങ്ങു വിളിക്കും;
അപ്പവുമടയും പഴവും കാട്ടി
ശിപ്പമണച്ചു മയക്കിക്കൊള്ളും;
അച്ചുതരി കണ്ടാൽ പോന്നീടേണം
അച്ചുതൻ വേഗേത്ത തരുമിഹ വന്നാൽ
അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങി;
കൈയേൽച്ചെന്നു പിടിക്കുന്നേരം
അയ്യോയെന്നു കരഞ്ഞുതുടങ്ങി;
തിന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
അമ്മ കലമ്പും മേടിച്ചാലെ-
ന്നാക്കുഞ്ഞുങ്ങൾ പറഞ്ഞുതുടങ്ങി.
എന്തിഹ നമ്മെശ്ശങ്കിപ്പാനൊരു-
ബന്ധമിതെന്നവർ ചെയ്യുന്നേരം
"പ്രസേനനേത്താൻ കൊലചെയ്തില്ലേ?
സ്യമന്തകംമണി മോഷ്ടിച്ചില്ലേ?
ഞങ്ങടെ മണിയും മോതിരമെല്ലാ-
മങ്ങുപറിപ്പാൻ കൂട്ടുകയില്ല;
അച്ഛനുമമ്മയുമൊന്നുപറഞ്ഞു,
അച്യുതനരികേ ചെല്ലുന്നാകിൽ
തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം;
തുണിപോയാലതുമുണ്ടാക്കീടാം;
പ്രാണൻപോയാലുണ്ണികളേ! പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു.
പണ്ടേതന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുംപോൾ നീ;

Digitized By Kerala Sahitya Akademi

എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദൂഷിച്ചീടുന്നു."

[സ്യമന്തകം തുള്ളൽ, കുഞ്ചൻനമ്പ്യാർ]

---

## ൧൩. സത്യഗാഥ.

അമ്മേ, ജയിക്ക ജയിക്കുക സൽസത്യ-
ധർമ്മാദിദേവതേ, ധന്യധന്യേ!
നിൻമഹിമാവൊന്നുതാനല്ലോ നിശ്ശേഷ-
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാലംബം!
മേൽവശത്തററമില്ലാതെ കിടക്കുമോ-
ക്കേവലമാം മരുഭൂമിതന്നിൽ
എത്ര പുഷ്പങ്ങളെച്ചിന്നിത്തിളങ്ങിറ്റു
ചിത്രം നിൻതേജസ്സിൻ കന്ദളങ്ങൾ!
അലക്ഷ്യമായൂർദ്ധ്വഭാഗത്തി മാഹേന്ദ്ര-
നീലപ്പലകപ്പുറത്തു നീളേ
തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി! നിൻചരിത്രാംശലേശം.
മുപ്പാരുകൾക്കേകറാണിയാം നിന്നുടെ
തൃപ്പാണിച്ചെങ്കോലിൻ കാന്തിയത്രേ.
നാകസ്ഥലത്തേശി,ക്കാലേ നിയോഗിപ്പൂ
ലോകരെ വേലയ്ക്കും വിശ്രാന്തിക്കും.
ദേവി! നിൻകോവിലിൻതാഴികപ്പൊൻകുടം
തൂവിന രമ്യമാം രശ്മിജാലം
പീവരധ്വാന്തത്തെപ്പാടനം ചെയ്തതി-
പാവനമാക്കുന്നു പാരിടത്തെ.
നീ വിശ്വമാതാവേ, പൊക്കിപ്പിടിച്ച നൽ-
ത്തൂവെള്ളിക്കിണ്ണത്താലുൾകളിക്കേ
അന്നന്നൊഴുക്കിത്തരുന്നതു ദിവ്യമാം
വെൺനറുംപാലോ നിൻവാത്സല്യമോ?

Digitized By Kerala Sahitya Akademi

മന്നാകെ മുക്കാനനുക്ഷണം ഭീഷണ-
സന്നാഹമാർന്നുമണ്ണവത്തെ
പിന്നാക്കമാശു പിടിച്ചു തള്ളീടുമീ
നിന്നാജ്ഞയ്ക്കുള്ളതലിൻക്രീഡ കൊള്ളാം!
കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾ
കൊണ്ടുള്ളുടുപ്പുമായ് പ്പർവതങ്ങൾ
നിന്നരുളപ്പാടു കേൾപ്പതിന്നായിതാ
നിന്നനിലക്കിളകാതെനിൽപ്പൂ
ഏകത്ര, തീക്കപ്പൽ പാറമേൽച്ചെന്നടി-
ച്ചാകവേ പെട്ടെന്നുടഞ്ഞിടുന്നു;
അന്യത്ര, കാർമുടലപ്പൊഴേ നീങ്ങുന്നു
നിന്നുടെ വൻകൊടുംകാററിനാലെ
മിന്നൽ നിൻപള്ളിവാൾ; മേഘം നിൻപള്ളിത്തേ-
രുന്നതമാമിടി നിൻപടഹം
ശാശ്വതമാകുമകൃത്രിമശംഖങ്ങ-
ളീശ്വരീ! നിൻജയകാഹളങ്ങൾ.
ശ്രീമത്താം നേർവഴികാട്ടും പ്രദീപമേ!
ഹാ! മർത്ത്യജാതിതൻ ദുർമ്മോഹങ്ങൾ.
മാറാലകൊണ്ടു മറയ്ക്കും പോലെന്നെന്നും
മാറാതെ നില്പതാം നിൻവെളിച്ചം,
അററമില്ലാത്ത നിൻപ്രേമമോ നിന്നുടെ
കററക്കിടാങ്ങളെക്കാത്തിരുപ്പൂ!
നിങ്കഴൽ ചുംബിപ്പാൻ താഴും ശിരസ്സിനു
ശങ്കയില്ലെങ്ങുമുയർന്നു നില്ക്കാം.
നിൻതൃക്കൊടിക്കൂറതൻ തണലൊന്നൊഴി-
ഞ്ഞെന്തുള്ളു നിർവാണസ്ഥാനം വേറെ?
ഈടുററ നിൻതൃക്കാലാകും കിരീടത്തെ-
ച്ചൂടുന്നതാരവനാണരചൻ.
ശ്രേഷ്ഠമാം നിന്നുപദേശമോരോന്നിഹ
കേട്ടുപഠിച്ചവനാണു വിദ്വാൻ.
താവകനിശ്ശബ്ദഗീതങ്ങൾ പാടുന്ന-
തേവനോ, കാവ്യകൃത്തായവൻതാൻ.

Digitized By Kerala Sahitya Akademi

'തൽപദപീഠത്തിൽ സർവ്വസ്വവും ശരി-
ക്കർപ്പണം ചെയ്യുതേ ത്യാഗധർമ്മം,
ആനാം നിൻനിർമ്മലമഞ്ജുള രൂപത്തെ
ധ്യാനിച്ചു കൊൾവതേ രാജയോഗം.

വള്ളത്തോൾ നാരായണമേനോൻ.

---

## ൧൭. ഒരു മാതൃകാപുരുഷൻ.

അപകാരം പലതൊരുവൻ ചെയ്താലും
കൃപ മുഴുക്കയാലുടൻ മറന്നിടും
ഉപകാരമൊന്നും കുറഞ്ഞൊന്നു ചെയ്താ-
ലപസ്മരിക്കയില്ലൊരിക്കലുമതു.
കടുത്തവാക്യങ്ങൾ പറകിലും പരൻ
കടുത്തൊരുത്തരം പറകയുമില്ല;
പടുതമേററവും പലതിലുമുണ്ടു്;
പടുഞാനെന്നഹംമതിയില്ലതാനും.
പതുക്കെ വല്ലതും വചിക്കമല്ലാതെ-
യതിക്രൂരമായിട്ടൊരിക്കലുമില്ല.
മതികുളിർക്കും തദ്വചനങ്ങൾ കേട്ടാൽ;
മതിമാനേവർക്കും പ്രിയംതന്നെ ചൊല്ലൂ
അസത്യമില്ലവനൊരിക്കലും തന്നെ,
അസൽസംസർഗ്ഗവുമൊരിക്കലുമില്ല.
ദയാ ദീനന്മാരിൽ; ജയമിന്ദ്രിയേഷു;
ഭയമകൃത്യത്തിൽ; നിയതി കൃത്യേഷു;
ശരണ്യനെത്രയും ശരണാഗതന്നു;
പരമപുണ്യനെപ്പരിപാലിച്ചിടും;
പരിചിൽ ദുഷ്ടരെപ്പരിഭവിച്ചിടും;
വരുന്നപുണ്യമേ വരൂ നമുക്കെന്നു
കരളിൽ നിശ്ചയം പരമായിട്ടുണ്ടു്.
വിരുദ്ധവാക്യരിൽ വിരക്തനത്യന്തം

Digitized By Kerala Sahitya Akademi

മരൽപ്പതിഗ്ഗുരു മറഞ്ഞുചൊൽകിലു-
മൎയ്യമുത്തരമതിന്നു മേൽക്കുമേൽ
പറഞ്ഞാൽ വല്ലതും ഗ്രഹിക്കും വേഗത്തിൽ
മറക്കയില്ലതാനൊരിക്കലും പിന്നെ
വ്യവഹാരത്തിങ്കലധൎമ്മമെന്നിയേ
പ്രവൎത്തിപ്പിച്ചീടുമവൻ ധൎമ്മംതന്നെ
വിനയസമ്പന്നൻ സുനയമന്ത്രങ്ങൾ
മറച്ചു ചെയ്തീടും പുറത്തുപോകാതെ
വികൃതഭാവനല്ലൊരിക്കലുമവൻ
വികൃതിയുമില്ല സുഖദുഃഖാദിയിൽ
വരുത്തേണ്ടുന്നേരം വരുത്തുമൎത്ഥവു-
മഴിക്കേണ്ടുന്നേരമഴിക്കയുംചെയ്യും
ഉറപ്പുണ്ടു ബുദ്ധിക്കസൽഗ്രഹമില്ല
വെറുത്ത വാക്കുകളൊരിക്കലുമില്ല
പരന്മാരുടെ ദോഷമറിയുന്നപോലെ
പരം നിജദോഷമറിഞ്ഞകറ്റീടും,
മുഖത്തു നോക്കുമ്പോൾ പരന്മാരുടെ ഭാവ-
മഖിലവുമറിവതിന്നു കോവിദൻ.
പലേടത്തുനിന്നു ഗുണമുള്ളപേരെ-
ല്ലുലതരത്തിലും വരുത്തി നന്നായി
സ്വവശരാക്കീട്ടുമവശരെങ്കിലു-
മതിന്നുപായങ്ങൾ പലതരമുണ്ടു
ധനം ന്യായത്തോടെ വരുത്തുവാൻ പണി,
വരുത്തിയാലതുമിരുത്തുവാൻപണി;
ഇരുത്തിയാലതു പെരുക്കുവാൻപണി;
പെരുക്കിയാൽ പാത്രസമൎപ്പണം പണി;
ഇതൊക്കെയും രാമനിതമായിട്ടുണ്ടു
മിതേതരമായി മതി ഗുണംകൊണ്ടും
പിഴച്ചു തക്കതു ദമനമേവൎക്കും,
മൊഴിക്കു തക്കതു വ്യവഹാരഗതി.
പണം പലതരം വരുത്തീടുമവൻ,
ഗുണക്കേടെന്നതു പരികയുമില്ല;

Digitized By Kerala Sahitya Akademi

വരവിൽ നാലൊന്നോ വരവിൽ മുക്കാലോ
വരവിൽ പാതിയോ ചെലവത്രേ ചെയ്യൂ.
സകലശാസ്ത്രവും വരുമതിന്നൎത്ഥം
സരഹസ്യമായി ഗ്രഹിച്ചിരിക്കുന്നു.
ധനകാമനാശം വരുന്ന ധൎമ്മവും
ധനധൎമ്മനാശം വരുന്ന കാമവും
ഹതധൎമ്മകാമധനത്തെയും പിന്നെ
ധരിക്കയില്ലവനലസനുമല്ല.
സുരാസുരന്മാരുമൊരുമിച്ചു വന്നു
പരിഭവിച്ചാലും ഭയമവനില്ല
ഒരുത്തരെക്കുറിച്ചവമാനമില്ല,
ഒരുത്തരെക്കുറിച്ചസൂയയുമില്ല,
പരാക്രമംകൊണ്ടു ശതക്രതുതുല്യൻ,
വരനയംകൊണ്ടു ബൃഹസ്പതി തുല്യൻ,
ക്ഷമാഗുണംകൊണ്ടു ക്ഷമാസദൃശനാം,
ക്ഷമയല്ലോവേണ്ടു ബലമുണ്ടാകിലും.

വാല്മീകിരാമായണം, കേരളവൎമ്മരാജാവു്.

---

## ൧൯. ഒരു ദാനവീരൻ.

മലയഗിരിശിരമമരുമഹികുലവിനാശനൻ
മാഹാത്മ്യമേതും പറയാവതല്ലല്ലോ.
കനൽ ചിതറുമണിമിഴികളനലകണവുംചെയ്തു
കായം കുലുക്കിക്കുതിച്ചു പൊങ്ങീടിനാൻ.
ചിറകടിയിലിളകിയൊരു പവനബലവേഗേന
ചിന്നിപ്പലവഴി പാഞ്ഞു ഘനങ്ങളും
ഉദരമതിൽ മരുവിനൊരുഗ്രതവഹ്നരയ്യോയാ-
ചുണ്ടോ മമ ഭക്ഷണമെന്നു നോക്കിനാൻ.
അതുപൊഴുതിലൊരു പുരുഷനരികരുണപൂണ്ടട-
നാനന്ദനിദ്രപോൽ കണ്ടാൻ ശിലാതലേ.
വിധിവിഹിതമിവനിവിടെയശനമിതി ചിന്തിച്ചു
വിഭ്രമം പൂണ്ടധോഭാഗേ പറന്നുടൻ.

Digitized By Kerala Sahitya Akademi

വിടപികളുമഖിലലതകളുമിളകി വേഗത്തിൽ
വീണും ഞെരിഞ്ഞും മറിഞ്ഞും പതിക്കയും,
വിഹഗകുലമതുപൊഴുതിലധികഭയമോടൊത്തു
വിദ്രുതമോടിയൊളിച്ചിതു കാനനേ.
മൃഗതതികളതുപൊഴുതിലലറിയതിഭീതരായ്
മാഴ്കിക്കരഞ്ഞന്യകാന്താരമുൾപ്പുക്കു;
വ്യഥയൊടഥ വിപിനചരരധിക ഭയമുൾക്കൊണ്ടു
വിഭ്രമിച്ചോടിയൊളിച്ചാർ ഗുഹകളിൽ.
അരുണസഹജനമഥശിലാതലേ നോക്കിനാ-
നാർത്തിയൊഴിഞ്ഞു കിടക്കുന്നതാരിവൻ?
അരുതരുതി തുരഗകുലമതിലൊരുവനാകയി-
ല്ലാഹാരമിന്നു വേണ്ടായെന്നു താർക്ഷ്യനും;
അതിരുജയൊടവനുമഥ മലമുകളമർന്നുട-
നാകുലം പൂണ്ടു നിനച്ചാൻ പലതരം.
"മമ ചിറകിലിളകിനൊരു പവനബലമേൽക്കുമ്പോൾ
മാഴ്കിക്കരഞ്ഞു കൊണ്ടോടുമഹീഗണം.
ഇവനൊരുവനതികഠിനഹൃദയനതു നിർണ്ണയ-
മില്ലാതുളുംഗമക്കിതു ധൈര്യം ദൃഢം.
മരണഭയമിവനു നഹി കിമിദമതിവിസ്മയം
മറെറാരു ജാതികൾ വന്നു മരിക്കുമോ?
അഹികളിലുമതികഠിനഹൃദയമുടയോർ ചില-
രല്ലാതൊരുവൻ വരാ മരിച്ചീടുവാൻ."
വിഹഗപതി പലതുമിതിവിവിധമഥ ചിന്തിച്ചു
വിദ്രുതം കോപേന പാഞ്ഞടുത്തീടിനാൻ;
ചലനമതു പൊഴുതുമവനില്ല കാണ്മാനെന്നു
ചിന്തിച്ചു താർക്ഷ്യനുപരി പൊങ്ങീടിനാൻ.
പതഗപതി പുനരുമഥ മലമുകളയന്നുടൻ
പാരം വിശന്നു ദാഹിച്ചു പൊറായ്കയാൽ,
മരണമതു വരുവതിനു കരുതിയൊരുവൻ വന്നാൽ
മാററലരെപ്പോലെ കൊൽകെന്നതേ വരൂ.
ഇതി കരുതി ഗരുഡനഥ താണു മൂന്നാമതു-
മിച്ചുയാ വദ്ധ്യശിലയിലിറങ്ങിനാൻ

Digitized By Kerala Sahitya Akademi

വടിവൊടവനുടെ ചുഴലുമുടനെ പെരുമാറിനാൻ
വായ്ക്കൊണ്ടുയർന്നു പറന്നാനനന്തരം.
മലയഗിരിവരശിരസി പരിചിനൊടിരുന്നു തൻ
മാംസം ഭുജിച്ചുകൊൾവാനും തുടങ്ങിനാൻ.
ഉദരതലമുരുപലലമുടനുടനശിച്ചവ-
നൽഗളരക്തപാനം ചെയ്തു നേരം
വിമലതരമുഖമപി ച നോക്കി നിന്നീടിനാൻ
വിസ്മയിച്ചാൻ മന്ദഹാസാനനം കണ്ടു.
ഉരഗപരിവൃഢരിലൊരു പുരുഷനുമിതല്ലഹോ
യുക്തമില്ലിന്നു ഞാൻ ഭക്ഷിച്ചതും കഷ്ടം!
ഇവനുടയ കുലമഹിമയറിയരുതു ചിന്തിക്കി-
ലിന്നവനെന്നറിഞ്ഞോ ഭുജിച്ചീടാവൂ.
അനുചിതമിതരുതരുതു നരകമിതിനെന്നോട-
നാഹന്ത ദൂരേയിരുന്നാൻ ഗരുഡനും!
വിരതമതിയുരഗരിപു മരുവിനതു കണ്ടവൻ
വിദ്യാധരനും ചിരിച്ചു ചൊല്ലീടിനാൻ.
വിനതസുത! ഗരുഡ! പുനരുഴറിയെന്നൊക്കൊല്ല.
വിഭ്രമത്തോടുമൊഴുകുന്നിതു രക്തം.
അരിയ മമ തനുവിനിയുമതിചിതമെന്നുമ-
ങ്ങാത്മസംതൃപ്തി വന്നില നിനക്കേതും.
ഇതു സമയമിഹ വിരതി തവ വരുത്തൊല്ല നീ-
യിച്ഛാനുരൂപേണ ഭക്ഷിച്ചുകൊൾകെടോ.
സ്മിതമൃദുല മധുരതര വചനമിതു കേട്ടവൻ
വിസ്മയപ്പെട്ടു ഗരുഡനും ചൊല്ലിനാൻ.
അറിവുടയ തവ ചരിതമഖിലമറിയാതെ ഞാ-
നാശു ഭുജിക്കുന്നതല്ലെന്നു നിർണ്ണയം.
അഹിരിപുവൊടതുപൊഴുതിലവനുമഥ ചൊല്ലിനാ-
നാത്തരോട്ടുണ്ടോ പറയേണ്ടതൊന്നുമേ?
തവ ജഠരഗതവഹന ശമനമിഹ ചെയ്യേടോ
താൽപരിയം പറഞ്ഞീടുവൻ പിന്നെ ഞാൻ
അഥ സകലവിഹഗപതി ഹസിതമൊടു ചൊല്ലിനാ
നാർത്തി തീർന്നീടുമ്പോൾ നീ മൃതനാമെല്ലോ:

Digitized By Kerala Sahitya Akademi

പ്രാവരിന്ന സമയമഥ നാറിനാറി നിനക്കൊട്ടോ;
പാറാപറഞ്ഞൊഴിഞ്ഞാൻ ഗരുഡനും.

ഘോഷയാത്രാകിളിപ്പാട്ട്, അഞ്ചാം പാദം.

## ൩൯. തലയിലെഴുത്ത്.

മരപ്പാവകണക്കിനെ ചരടിട്ടു വലിക്കുമ്പോൾ
തിരപ്പോടെ കാലിളക്കം കൈയിളക്കം മെയ്യിളക്കം;
ചിരിപ്പാനും ശയിപ്പാനുമിരിപ്പാനും ശക്തിതോന്നും;
ചരടുവിടുന്നേരം ചത്തുവീഴുന്നതും കാണാം.
ധനമേറും പ്രഭുക്കന്മാരുടെ സേവ മുഴുത്താലും
തനിക്കു ദ്രവ്യമുണ്ടാവാൻ കർമ്മമുണ്ടെങ്കിലേ കിട്ടൂ.
ധനദന്റെ കലന്തന്നിൽ സഖിത്വം പൂണ്ടിരിക്കുന്ന
മനസിജാന്തകസ്വാമി ഭിക്ഷയേറുനടക്കുന്നു;
ഉടുപ്പാൻ വസ്ത്രമില്ലാഞ്ഞു പുലിത്തോൽകൊണ്ടുടുക്കുന്നു;
കുടിപ്പാൻ പാലുകിട്ടാഞ്ഞു വിഷം തന്നെ കുടിക്കുന്നു.
അലങ്കാരങ്ങളില്ലാഞ്ഞങ്ങസ്ഥിമാല ധരിക്കുന്നു;
ചിലമ്പും കാഞ്ചിയുമെല്ലാം പാമ്പിനെക്കൊണ്ടുളവാക്കി
കളഭം കുങ്കുമം കസ്തൂരിയുമെങ്ങും ലഭിയാഞ്ഞു
പൊളിയല്ല വെളുത്ത ചാരവും പൂശി നടക്കുന്നു;
മതിക്കുചേർന്നൊരു നല്ലവാഹനത്തെ ലഭിയാഞ്ഞു
മുതുക്കൻ കാളമേലേറി പതുക്കെസ്സഞ്ചരിക്കുന്നു.
തനിക്കു ഭക്ഷണത്തിനു വകയില്ലാഞ്ഞിരക്കുന്നു;
തനിക്കുതാൻപോന്നവർക്കും ഭവിക്കും ജാതകദോഷം.
ഇരക്കുന്ന ജനങ്ങൾക്കു വേണ്ടതൊക്കെക്കൊടുപ്പാനാ-
യിരിക്കുന്ന പുരവൈരിഭഗവാൻ ശ്രീമഹാദേവൻ,
ഇരപ്പാളിപ്പരിഷക്കു സമനായ് സഞ്ചരിക്കുന്നു.
മറിമായങ്ങളാക്കാനുമറിയാ ദൈവം വിചാരിച്ചാൽ?
ധനമുള്ള ജനത്തിന്റെ സേവകൊണ്ടു ഫലമില്ല
ജനനരാശിയാലുള്ള ഫലമൊന്നേ തനിക്കുള്ളൂ.
ധനവാനായ്പ്പരുവാനും ദരിദ്രനായ്ഭവിപ്പാനും
ഘനമാം പൂർവ്വകർമ്മത്തിൻ പരിണാമമത്രതന്നെ.

ഘോഷയാത്രാവം തുള്ളൽ,

കുഞ്ചൻനമ്പ്യാർ.

Digitized By Kerala Sahitya Akademi

## ൨൦. കാട്ടിൽപ്പെട്ട രണ്ടുകുട്ടികൾ.

(കുചേലൻ ശ്രീകൃഷ്ണനോടു ബാല്യകഥപറഞ്ഞുകേൾപ്പിക്കുന്നതു്)

ആൎയ്യനായുള്ളൊരു ദേശികൻ തന്നുടെ
ഭാൎയ്യതാൻ വന്നു നിന്നന്നൊരുനാൾ;
ഇന്ധനം വേണമെന്നിങ്ങനെ ചൊല്ലുവാ-
നന്ധരാം നമ്മോടുണ്ടായിതല്ലോ.
എന്നതു കേട്ടു നാമന്നടേ പോയങ്ങു
ചെന്നൊരു കാനനംതന്നിലപ്പോൾ
ആരാഞ്ഞു നിന്നിട്ടു പോരാതെ വന്നപ്പോൾ
ദൂരത്തുനിന്നൊരു കാനനത്തിൽ
പാരാതെ ചെന്നതു പൂരിച്ചുകൊള്ളുവാ-
നാരാഞ്ഞുനീളേ നടന്നനേരം
പാരിച്ചുനിന്നൊരു പാഴിടിതന്നെയും
മാരിയും വന്നതുകാണായപ്പോൾ
വേഗത്തിൽവന്നൊരു പേമഴയേല്ക്കയാൽ
വേപഥുപൂണ്ടു നാമോടിയോടി
തെറ്റെന്നുപോരുമ്പോൾ നൽവഴികാണാതെ
മറ്റൊരുകാനനം തന്നിലായി.
പോക്കുമുടങ്ങിന മാൎഗ്ഗവുമന്നേരം
നോക്കിനാം നീളെ നടന്നനേരം
ഉൽക്കടമായൊരു പേമഴയേറ്റു
നിൽക്കരുതാഞ്ഞയാലെന്നപോലെ
വൃക്ഷസ്ഥരായുള്ളൊരു പക്ഷികൾ നാനാ
മസ്തമിച്ചീടിനാനംബരത്തിൽ.
പാരിച്ചുചോരുന്നപേമഴതാനു-
ന്നേരത്തുനിന്നൊരുപാഴിടിയും
കുന്നിനോടൊത്തുള്ള വങ്കാറ്റുമെന്നപ്പോൾ
മുന്നമീവേററവും.വന്നിതല്ലോ.
പാരിച്ചുവന്നോരു കൂരിരുട്ടന്നേരം
പാരിടമെങ്ങുമേ മൂടിനിന്നു

Digitized By Kerala Sahitya Akademi

കാറേററുനിന്നുള്ളവന്മാരെല്ലാമ-
ങ്ങേററം ഞെരിഞ്ഞു മറിഞ്ഞുപിന്നെ
നമ്മുടെ പൃഷ്ഠവും വീഴുന്ന നേരത്തു
നമ്മുടെ വേദനയാരറിഞ്ഞോർ!
എന്നതുകണ്ടു നാമേറിനപേടിപൂ-
ണ്ടെങ്ങുമേ പോകരുതായ്കയാലെ
മെയ്യോടുമെയ്യുമണച്ചുകൊണ്ടങ്ങനെ
പയ്യവേ നിന്നൊരു നേരത്തല്ലോ
വന്മദം പൂണ്ടൊരു വൻകരി പിന്നാലെ
വന്നൊരു കേസരിവീരൻതന്റെ
പൊട്ടുമാറുള്ളൊരു നാദത്തെക്കേട്ടിട്ടു
ഞെട്ടിനാം ഭൂതലംതന്നിൽ വീണു.
പിന്നെയെഴുന്നേററു നിന്നൊരുനേരത്തു
മിന്നൽകൊണ്ടീഷൽ വിളങ്ങുകയാൽ
വൻനരി വന്നതു കണ്ടൊരുനേരത്തു
വന്നുള്ളോരല്ലലെച്ചൊല്ലാമോ താൻ.
കാട്ടികൾവന്നു കരഞ്ഞൊരുനേരത്തു
ഗോഷ്ഠികൾ കാട്ടിനതേറെനീതാൻ
കാട്ടാനവന്നപ്പോൾ കാട്ടിന ഗോഷ്ഠികൾ
നാട്ടാരെ മുമ്പിലെ ചൊല്ലാമോതാൻ?
നേരിട്ടുവന്നുള്ള പന്നികൾ പാഞ്ഞെല്ലോ
വേറിട്ടപോയതുനാമ്മളപ്പോൾ
നാമത്തെച്ചൊല്ലി വിളിച്ചുകൊണ്ടെങ്ങുമേ
നാമത്തൽ പൂണ്ടുനടന്നതെല്ലാം
കണ്ടുള്ളോരാരാനുമുണ്ടായിരുന്നാകിൽ
കണ്ണുനീരിന്നാമേമാറാഞ്ഞിരും
കാട്ടാനകാട്ടികൾ ചങ്ങാതമായ് നിന്ന-
കാട്ടിലെ നീളെനടന്നുപിന്നെ
രോദനംകേട്ടു ഞാൻ വന്നതങ്ങോർക്കുമ്പോൾ
വേദനയുള്ളത്തിലിന്നുമുണ്ടേ!
കണ്ടൊരു നേരത്തു മണ്ടി നാം പൂണ്ടല്ലോ-
ളുണ്ടായ സന്തോഷമോർത്തുകൊണ്ടാൽ,

വാനരാവൃതനെ കൊതിച്ചിതെന്നാകിലും
ഇന്നുമുണ്ടായീലയന്നെയോളം
ദർപ്പത്തോടുണ്ടൊരു സർപ്പത്താൻ മുന്നിൽവ-
ന്നൽപ്പന്നരോഷനായ് നിന്നനേരം
വേറിട്ടുപോകാതെ വേഗത്തിൽ പാഞ്ഞങ്ങും
ദൂരത്തു പോയതു നന്നായി നാം.
നാമങ്ങു ചെന്നപ്പോൾ ഭീമന്മാരായുള്ള
കൂമന്മാർ വന്നങ്ങു മൂളുന്നേരം
ഓട്ടവാനേറ്റമേ കാണാതുതാഴ്ത്തിട്ടു
പേടികൊണ്ടേറ്റവും കൂട്ടകന്നാൽ
കോഴയുംപൂണ്ടു നാം കേഴുവാനോങ്ങുമ്പോൾ
കോഴികൾ കൂവുന്ന നാദംകേട്ടു
മേളത്തിൽ വന്നീടുമാദിത്യൻ തന്നുടെ
കാളത്തിൽ നാദങ്ങളെന്നപോലെ
ക്ലേശിതരായ നാമേറിയ മോദംകൊ-
ണ്ടാശികൾ മേന്മേലെ ചൊൽകയാലെ
അന്നങ്ങു കൂകിന കോഴികൾ ചിന്തിച്ചാ-
ലെന്നുമേ ചാകയില്ലെന്നു ചൊല്ലാം.
പിന്നെ നാമന്നേരം ഖിന്നതകൈവിട്ടു
വന്നൊരു സൂര്യനൊപ്പാർക്കുന്നേരം
പാരാതെ പെയ്യുന്ന മാരിയും നമ്മുടെ
പാരിച്ച പേടിയും കൂരിരുട്ടും
ചാരത്തു നിന്നുള്ള നമ്മെയും കൈവിട്ടു
ദൂരത്തുപോയി മറഞ്ഞിരല്ലോ.

പക്ഷിഗാഥ, ചെറുശ്ശേരിനമ്പൂരി

---

## ൨൧. പിതൃഭക്തി.

ശ്രീരാമദേവനും ചോദിച്ചിതന്നേരം
"കാരണമെന്തൊന്നു താത ദുഃഖത്തിനു
നേരേ പറവിനറിഞ്ഞവ"രെന്നതു
നേരം പറഞ്ഞിതു കേകയപുത്രിയും

Digitized By Kerala Sahitya Akademi

"കാരണം താതദുഃഖത്തിന്നു നീ താനല്ലൊ;
പാരിൽ സുഖം ദുഃഖമൂലമല്ലോ നൂനം
ചേതസി നീ നിരൂപിക്കിലെളുതിന്നി
താതന്റെ ദുഃഖനിവൃത്തിവരുവാനും
ഭർത്തൃദുഃഖോപശാന്തിക്കു കിഞ്ചിൽ തനയാ
കർത്തവ്യമായൊരു കർമ്മമെന്നായ് വരും
സത്യവാദിശ്രേഷ്ഠനായ പിതാവിനെ
സത്യപ്രതിജ്ഞനാക്കീടുക നീയതു
ചിത്തഹിതം നൃപതീന്ദ്രന്റെ നിർണ്ണയം;
പുത്രരിൽ ജ്യേഷ്ഠനാകുന്നതു നീയല്ലൊ
രണ്ടു വരം മമ ദത്തമായിട്ടുണ്ടു
പണ്ടു നിൻതാതനാൽ സന്തുഷ്ടചേതസാ
നിന്നാൽ സാദ്ധ്യമായുള്ളൊന്നതുരണ്ടു-
മിന്നുതരേണമെന്നർത്ഥിക്കയും ചെയ്തേൻ.
നിന്നോടതു പറഞ്ഞീടുവാൻ നാണിച്ചു
ഖിന്നനായുന്നിതു താതനറിക നീ
സത്യപാശേന സംബദ്ധനാം താതനെ-
സ്സത്വരം രക്ഷിപ്പതിന്നു യോഗ്യൻ ഭവാൻ
പുന്നാമമാകും നരകത്തിൽനിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചു ശത-
പത്രസമുത്ഭവനെന്നുമറിക നീ
മാതൃവചനശൂലാഭിഹതനായ
മേദിനീപാലകുമാരനാം രാമനും
എത്രയുമേററം വ്യഥിതനായ് ചൊല്ലിനാൻ
"ഇത്രയെല്ലാം പറയേണമോ മാതാവേ
താതാർത്ഥമായിട്ടു ജീവനെത്തന്നെയും
മാതാവുതന്നെയും സീതയെത്തന്നെയും
ഞാനുപേക്ഷിപ്പേനതിനില്ല സംശയം
മാനസേ ഖേദമതിന്നെനിക്കില്ലേതും
രാജ്യമെന്നാകിലും താതൻ നിയോഗിക്കിൽ
ത്യാജ്യമെന്നാലെന്നറിക നീ മാതാവേ

Digitized By Kerala Sahitya Akademi

ലക്ഷ്മണൻതന്നെ ത്യജിക്കെന്നു ചൊല്കിലും
തൽക്ഷണം ഞാനുപേക്ഷിപ്പേനറിക നീ
പാവകൻതങ്കൽ പതിക്കേണമെങ്കിലു-
മേവം വിഷം കുടിക്കേണമെന്നാകിലും
താതൻ നിയോഗിക്കിലേതുമേ സംശയം
ചേതസി ചെററില്ലിനിക്കെന്നറിക നീ
താതകാൎയ്യമനാജ്ഞാപൂൎവ്വമെന്നാകിലും
മോദേന ചെയ്യുന്ന നന്ദനനുത്തമൻ,
പിതാനിയുക്തനായിട്ടു ചെയ്യുന്നവൻ
മദ്ധ്യമനായുള്ള പുത്രനറിഞ്ഞാലും;
യുക്തമെന്നാകിലുമിക്കാൎയ്യമെന്നാലെ
കൎത്തവ്യമല്ലെന്നു വച്ചുടങ്ങുന്നവൻ,
പിത്രോൎമ്മലമെന്നു ചൊല്ലുന്നു സജ്ജന-
മിത്ഥമെല്ലാം പരിജ്ഞാതം മയാധുനാ.
ആകയാൽ താതനിയോഗമനുഷ്ഠിപ്പാ-
നാകുലമേതുമെനിക്കില്ല നിൎണ്ണയം
സത്യം കരോമ്യഹം സത്യം കരോമ്യഹം
സത്യം മയോക്തം മറിച്ചു രണ്ടായ്വരാ"
രാമപ്രതിജ്ഞകേട്ടോരു കൈകേയിയും
രാമനോടാശു ചൊല്ലീടിനാളാദരാൽ
"താതൻ നിനക്കഭിഷേകാൎത്ഥമായുട-
നാദരാൽ സംഭരിച്ചോരു സംഭാരങ്ങൾ-
കൊണ്ടഭിഷേകം ഭരതനു ചെയ്യണം
രണ്ടാം വരം പിന്നെയൊന്നുണ്ടു വേണ്ടുന്നു
നീ പതിന്നാലുസംവത്സരം കാനനേ
താപസവേഷേണ വാഴുകയും വേണം;
നിന്നോടതു നിയോഗിപ്പാൻ മടിയുണ്ടു
മന്നവനിന്നതു ദുഃഖമാകുന്നതും"
എന്നതു കേട്ടു ശ്രീരാമനും ചൊല്ലിനാൻ
"ഇന്നതിനെന്തൊരു വൈഷമ്യമായതും,
ചെയ്കഭിഷേകം ഭരതനു ഞാനിനി
വൈകാതെ പോവെൻ വനത്തിനു മാതാവേ!

Digitized By Kerala Sahitya Akademi

എന്നതെന്നോട്ടു ചൊല്ലാഞ്ഞു പിതാവതു
ചിന്തിച്ചു ദുഃഖിപ്പതിന്നൊരു കാരണം?
രാജ്യത്തെ രക്ഷിപ്പതിന്നു മതിയവൻ;
രാജ്യമുപേക്ഷിപ്പതിന്നു ഞാനും മതി,
ദണ്ഡമത്രേ രാജ്യഭാരം വഹിപ്പതു;
ദണ്ഡകവാസത്തിനേററമെളുതല്ലൊ.
സ്നേഹമെന്നേക്കുറിച്ചേറ്റുമമ്മയ്ക്കുമി-
ന്ദ്രേഹമാത്രം ഭരിക്കെന്നു വിധിക്കയാൽ.
ആകാശഗംഗയെപ്പാതാളലോകത്തു
വേഗേനകൊണ്ടു ചെന്നാക്കിച്ച് ഭഗീരഥൻ
തൃപ്തിവരുത്തി പിതൃക്കൾക്കു; പൂരുവും
തൃപ്തനാക്കീടിനാൻ താതനും തന്നുടെ
യൌവനം നല്കിജ്ജരാനരയും വാങ്ങി-
ട്ടിവ്വണ്ണമാരായപ്പിതൃപ്രസാദത്തിനാൽ.
അല്പമായുള്ളൊരു കാര്യം നിരൂപിച്ചു
മൽപ്പിതാ ദുഃഖിപ്പതിനില്ലവകാശം"

അദ്ധ്യാത്മരാമായണം, തുഞ്ചത്തെഴുത്തച്ഛൻ

---

## ൨൨. പരോപകാരം.

(ദേവേന്ദ്രൻ നളനോടു പറയുന്നതു്.)

എന്തെടോ നൈഷധ! ജന്തുധർമ്മങ്ങളെ-
ച്ചിന്തിച്ചു ധർമ്മം ത്യജിക്കുന്നതെങ്ങനെ?
മിന്നൽപ്പിണരിനു തുല്യം നിനയ്ക്കിലീ
മന്നിടം തന്നിലേ വാസമൊന്നാകെ നീ.
കാണുന്നതല്ലീ ജനിച്ചും മരിച്ചുമീ
പ്രാണിപ്രപഞ്ചം വിരിഞ്ചസൃഷ്ടാൽ?
സ്ത്രീകളെച്ചൊല്ലി ദുരിതം വരുത്തുവാൻ
പ്രാകൃതന്മാർക്കേ മനസ്സുള്ളു മന്നവ!
മാംസപിണ്ഡങ്ങളിൽ കാമമെന്നുള്ളതും
മാംസളപ്രജ്ഞതെ! നിനക്കു വേണ്ടുന്നതോ?

Digitized By Kerala Sahitya Akademi

ജന്മമുള്ളോരു ശരീരത്തിനും മേലി-
ലന്തമില്ലെന്നോ നിനക്കു ഭാവം നള!
കാന്തയാം വൈദർഭിതന്നെ ഭവാനേകി-
താനന്യൻ വരുമ്പോൾ ഉണർച്ചീടുമെന്നതോ?
ഞാൻ തന്നെ പോരും മഹാസങ്കടങ്ങളിൽ
സന്താപഭ്രമങ്ങളെല്ലോർക്കുവാനെന്നതോ?
സത്യം പിഴച്ചാലതിനില്ല ദോഷമെ-
ന്നത്യന്തമുൾമുള്ളിലുറച്ചുവോ
മൃത്യുവെന്നുള്ളതു നിത്യമല്ലെന്നങ്ങു
തത്ത്വാന്തരങ്ങളിൽ കണ്ടുറപ്പിക്കയോ?
ചിത്രമപ്പൻ വരച്ചിട്ടു കിടക്കുന്ന
പത്രം നിരസിച്ചു പോമെന്നഭാവമോ?
ശാസ്ത്രങ്ങളൊന്നും പ്രമാണമല്ലെന്നൊരു
ശ്രോത്രിയൻ ചൊല്ലിദ്ധരിച്ചുണ്ടിരിക്കയോ?
എന്തെന്റെ നൈഷധ! രണ്ടു വാക്കേകുവാൻ
ബന്ധം പറക നിബന്ധം ശ്രീനിധേ!
യാചിച്ച വസ്തു കൊടുപ്പാൻ മടിക്കുന്ന
നീചപ്രഭുക്കളിലേകനോ നീ നള?
ദാനധർമ്മങ്ങൾ ധരിച്ചിരിക്കുന്ന നീ
ദീനഭാവങ്ങളെ ഭാവിച്ചതെന്തെടോ
വിത്തങ്ങളാർജ്ജിച്ചുവെയ്ക്കുന്നതെന്തിനെ-
ന്നുൾത്താരിലുണ്ടോ നിനക്കിന്നു നൈഷധ?
അർത്ഥിജനങ്ങൾക്കു സമ്പത്തു നല്കുവാ-
നർത്ഥം വരുത്തുന്നു സാധുവായുള്ളവൻ
അർത്ഥവ്യയത്തിങ്കലാധിയുണ്ടാകില-
നർത്ഥമെന്നോർത്തു ബോധിച്ചുകൊൾക നീ.
അർത്ഥികൾ തന്നുടെ പാണിയാംപങ്കജേ
നിത്യം ഭഗവതി ലക്ഷ്മി വസിക്കണം
പാർത്ഥിവന്മാരുടെ ധർമ്മം നിനക്കുമ്പോ-
ളെത്രയും സാരമതെന്നു ധരിക്കെടോ.
ദേഹാന്തരപ്രാപ്തികാലം വരുന്നേര-
മാഹാമഹാദേവ! പാരം വിഷണ്ണനാം

Digitized By Kerala Sahitya Akademi

ദാനങ്ങൾ ചെയ്യുവൻ ജന്മാന്തരങ്ങളിൽ
താനേ വരും ദ്രവ്യമവ്യാജഭാവേന
നിത്യം ലഭിച്ചും സുഖിച്ചും രമിച്ചുമ-
ങ്ങത്യന്തമോദം വസിക്കുമെന്നോൎക്ക നീ.
ഒന്നുകൊടുത്താലിരട്ടിക്കുമിക്കാല-
മന്യജന്മങ്ങളിലങ്ങനെയല്ലെടോ.
ഇന്നൊരു ദേഹിക്കു മോദം കലൎന്നൊരു
പൊന്നുകൊടുത്തു ലഭിച്ചുവെന്നാകിലോ-
ജന്മാന്തരത്തിൽ സഹസ്രാദികം വൃദ്ധി
ചെമ്മേ വരുമെന്നോൎക്ക മഹാമതേ!
സത്യമെന്നുള്ളതാവശ്യം ശരീരികൾ-
ക്കത്യുദാരം ഗുണം നേടുവാൻ കാരണം.
കീൎത്തിയുണ്ടാകുവാനായിട്ടു തന്നുടെ
മൂൎത്തിയെപ്പോലും ത്യജിക്കാം മഹീപതേ!
എന്നതുകൊണ്ടു പറഞ്ഞു ഞാൻ നൈഷധ!
ചന്ദ്രപ്രകാശയശസ്സ് നേടീടണം;
കൎത്തവ്യമാകും പരോപകാരത്തിങ്ക-
ലാൎത്തിവൈമുഖ്യാദി യോഗ്യമല്ലേതുമേ.

നളചരിതം കിളിപ്പാട്ട്, കുഞ്ചൻനമ്പ്യാർ.

---

## ൨൩. ഗോവൎദ്ധനോദ്ധാരണം.

ഞാൻ വേഗമോടേ കുടയെന്നപോലീ-
ഗ്ഗോവൎദ്ധനം പൎവ്വതമങ്ങെടുത്തു;
അവിഘ്നമാമീ വ്രജവാസിവൃന്ദ-
മാവോളവും സംപ്രതി കാത്തുകൊൾവൻ.

അമ്പോടിവണ്ണം നിരൂപിച്ചു കണ്ണൻ
ജംഭാരിതന്നുൾമദമോടുകൂടെ;
വൻപൎവ്വതത്തെച്ചുവടേ പറിച്ചാൻ
കൊമ്പൻ നളമ്പുല്ലിനെയെന്നപോലെ.

പങ്കേരുഹാക്ഷൻ പ്രഹരിക്കുമെന്നു
സംക്രന്ദനൻ മാനസതാരിലേററം;
ശങ്കിച്ചു ഞെട്ടുമ്പടിയങ്ങെടുത്താൻ
തൻകൈയിലാക്കുന്നൊരു പന്തുപോലെ.

Digitized By Kerala Sahitya Akademi

ഗോവൃന്ദമോടൊത്തു കിടന്നുകൊൾകീ-
ഗ്ഗോവർദ്ധനത്തിൻെറ ച്ചുവട്ടിൽ നിങ്ങൾ;
ഈവർണ്ണമക്കന്നു വഹിച്ചുനില്ക്കും
ഗോവിന്ദനഗ്ഗോപഗണത്തൊടോതി.

ദൈത്യാരി ചൊല്ലും മൊഴി കേട്ടു പാരം
പ്രീത്യാ വ്രജൌകസ്സുകൾ ഗോക്കളോടും;
സാദ്ധ്യം പ്രവേശിച്ചു രസാതലംപോൽ
വിസ്താരമുള്ളഗ്ഗിരിതൻ ചുവട്ടിൽ.

ഞെരുങ്ങിടാതായവിടെസ്സുഖത്തോ-
ടിരുന്നതേ ഗോകുലമാകവേ താൻ:
പാരം ജഗത്തൊക്കെ യുഗാന്തകാലേ
മുരാരിതൻ കുക്ഷിയിലെന്നപോലെ.

ചക്രായുധൻ ഗോകുലവാസികൾക്കു-
ള്ളക്കണ്ണുനീർദ്ധാരകളോട്ടുകൂടി;
ഉൽക്കൂലയാം വാരിദവർഷധാര-
യൊക്കെത്തടുത്താൻ ധരണീധരത്താൽ.

ചീർത്തോരു ധാരാധരപംക്തി തൂകും
നീർദ്ധാരയാലാവൃതമാകയാലേ;
ദൈത്യാരിദോർദ്ദണ്ഡധൃതം മഹീധ്രം
നീർത്തോരുമുത്തുക്കുടപോലെയായി.

അക്കുട്ടിയായുള്ളൊരു കൃഷ്ണനേയു-
മക്കുററനായുള്ളൊരു കുന്നിനേയും
വായ്ക്കുന്ന കണ്ണീരൊടു മാറിമാറി
നോക്കീവ്രജസ്ത്രീകളനേകവട്ടം.

ശ്രീകാന്ത! നാരായണ! ദീനലോക-
ക്കേകാന്തബന്ധോ! ഭുവനൈകനാഥ!
മാഴ്കുന്ന മൽപ്പുത്രനെ മന്ദമെന്യേ
നീ കാത്തുകൊൾകെന്നു യശോദ കേണാൾ.

കുഴങ്ങി ദാമോദരനെന്നു ശങ്കി-
ച്ചിണങ്ങരെല്ലാം പ്രണയാതിരേകാൽ
കരങ്ങൾ പൊക്കിത്തരസാവഹിച്ചാ-
നൊരുങ്ങി ഗോവർദ്ധനപർവ്വതത്തെ.

Digitized By Kerala Sahitya Akademi

ഘനങ്ങൾ വർഷിച്ച ശിലാഗണത്താൽ
ഘനം വളന്നെങ്കിലുമാമഹീധ്രം;
ജനാർദ്ദനൻ തൻെറ ഭുജം വളസ്സ്വാ-
നനീശമായ്ത്തന്നെ ഭവിച്ചിതപ്പോൾ.

ആരാലണഞ്ഞീടിന ഗോക്കളെക്ക-
ണ്ടാരോമലാം പുഞ്ചിരിയോടുകൂടി;
പാരാതെ മറേറക്കരതാരുകൊണ്ടാ
നാരായണൻ താനവയെച്ചൊറിഞ്ഞാൻ.

എല്ലാപ്പൊഴും വർഷജലങ്ങൾ വീണി-
ട്ടെല്ലാടവും പായൽപിടിച്ചപോലെ;
ചൊല്ലാന്തു ഗോവർദ്ധനമാശു പച്ച-
പ്പുല്ലാൽപരം ശ്യാമളമായ്വിളങ്ങി.

ഗോവർദ്ധനം നൽക്കുടജപ്രസൂന-
ശ്രീവൃത്തിയെന്നുള്ളൊരു കൈതവത്താൽ;
താവൽപ്രയത്നം വിഫലീഭവിച്ച
ദേവേന്ദ്രനേ നോക്കി ഹസിച്ചു നൂനം.

ശൈലം വഹിക്കും ശിശുവിൻഭുജേ തൽ-
കാലം ഞരമ്പൊന്നുമെഴുന്നതില്ല;
അല്പം മുഖേ സ്വേദകണം പൊടിച്ചി-
ട്ടുൽപ്പന്നമായില്ല കിതപ്പുമല്പം.

ചൊൽക്കൊണ്ട പൂർണ്ണാമൃതരൂപനാകു-
മക്കൃഷ്ണനേ നോക്കുകൾകൊണ്ടു നക്കും;
പൈക്കൾക്കു പൈദാഹനിമിത്തമായ
ദുഃഖം ഭവിച്ചില്ലിഹ തെല്ലുപോലും.

അലക്ഷ്യമായേഴുവയസ്സു ചെന്നാ-
ബ്ബാലാനുജൻ നിന്നപദത്തിൽനിന്നും
ചലിച്ചിടാതേഴു ദിനം തികച്ചും
ശിലോച്ചയം കൈയിലെടുത്തു നിന്നാൻ.

ശ്രീകൃഷ്ണവിലാസം, കവിയൂർ രാമൻനമ്പൂ...

Digitized By Kerala Sahitya Akademi

## ൨൮. കാലനില്ലാത്ത കാലം.

വൃദ്ധന്മാരൊരുകൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ;
ചത്തുകൊൾവതിനേതും കഴിവില്ല, കാലനില്ല;
മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവനുള്ള മുത്തച്ഛൻ മരിച്ചീലാ;
അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നോരപ്പൂപ്പനവർക്കുണ്ട്;
കഞ്ഞിക്കു വകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടുപത്തുപറയരി കൊണ്ടുപോരാ;
പത്താറുപറവെച്ചാൽ മുതുക്കന്മാർക്കുകൊണ്ടു-
ങ്ങത്രമാത്രം രണ്ടുവറ്റു വിളമ്പുമ്പോളെത്തുമെല്ലാം;
പത്തുകോടിജ്ജനമുണ്ടു പല്ലുപോയിട്ടൊരു വീട്ടിൽ
കുത്തിവച്ചപാവപോലെ തിങ്ങിവിങ്ങിക്കിടക്കുന്നു.
കണ്ണിലെല്ലോളകൾകൂടി നരച്ചുള്ള നരന്മാർക്കു-
ണ്ടെണ്ണമില്ലീവണ്ണമുള്ള പെണ്ണുങ്ങൾക്കുമെണ്ണമില്ല;
കണ്ണുകാണാത്തവർ പിന്നെക്കാതുകേളാത്തവർപിന്നെ-
കണ്ണിനെക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറയുണ്ട്.
അസ്ഥിയല്ലാതൊരുവസ്തു ശരീരത്തിലവർക്കില്ല,
ദുസ്ഥിതിക്കും കുറവില്ല ദുർന്നിലസ്സും കുറവില്ല.
പത്തുനാൾ ഭക്ഷിയാഞ്ഞാലും ചത്തുപോകുന്നതുമില്ല,
പത്തനങ്ങൾക്കിടം പോരാഞ്ഞെത്ര ദുഃഖം മനുഷ്യർക്ക്.
ഉന്നതത്തിൽ ക്കിടക്കുന്നോരുരുണ്ടു പാറമേൽ വീഴും
ഭിന്നമാകുമതുനേരം മസ്തകം ഹസ്തവും കാലും
ഒന്നു രണ്ടല്ലൊരുലക്ഷം മുതുക്കന്മാർ പതിക്കുന്നു,
ഒന്നുകൊണ്ടും പ്രാണനാശം വരുന്നീലന്നൊരുത്തർക്കും.
ഉള്ളതിൽ സങ്കടമോർത്താൽ നാടുവാഴിപ്രഭുക്കൾക്കു
കള്ളനെ ക്കൊല്ലുവാൻ മേലാ, വെട്ടിയാൽ ചാകയില്ലല്ലോ;
ഉള്ള വസ്തുക്കളെപ്പേരും കട്ടുതിന്മാനൊരുകൂട്ടം
തള്ളലോടെ നടക്കുന്നു തെല്ലുപേടിയവർക്കില്ല.
രാജധാനിക്കകംപുക്കു രാജഭണ്ഡാരവുംകട്ടു
വ്യാഘ്രമെന്ന്യേ പകൽക്കൂടെ തസ്കരന്മാർ നടക്കുന്നു

Digitized By Kerala Sahitya Akademi

രാജാശിക്ഷ കുറഞ്ഞപ്പോളമ്പലത്തിൽ പൂജമുട്ടി,
പൂജകൊണ്ടു പുറം മാറിത്തിരിച്ചുയെമ്പിറാന്മാരും;
മന്ത്രിമാൎക്കു തമ്പുരാനെ പേടിയില്ല തൃണത്തോളം
മന്ത്രികളെ പ്രജകൾക്കും ശങ്കയില്ല മനക്കാമ്പിൽ.
അന്തമില്ലാ ദുരാചാരം മുഴുത്തു ഭൂമിയിലെല്ലാം
അന്തകൻെറ യാഗമിപ്പോളനൎത്ഥത്തിനാകമൂലം;
അന്തണൎക്കു യാഗമില്ല കൎമ്മമില്ലാ ധൎമ്മമില്ല
ശാന്തിചെയ്യാൽ ക്ഷേത്രമില്ല ശാന്തരായിട്ടാരുമില്ല;
എന്തുപിന്നെ നിനക്കെന്നാൎഹ്മംകൃതിക്കാക്കൊത്തവണ്ണം
ജന്തുധൎമ്മത്തിലുംപിന്നെ-വേസ്ഥയില്ലെന്നായിവന്നു.
പെററുപെററുവളരുന്ന ജീവജന്തുക്കൾക്കുപാൎത്താൽ
അററമില്ല പാരിടത്തിലൊരുദിക്കുമൊഴിവില്ല;
മററു മാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതുകാലം
കൊററുപോലും നാസ്തിയായി മരിപ്പാനുമെളുതല്ല.
മെച്ചമോടെ പുലിപന്നി സിംഹവും തങ്ങളിൽത്തന്നെ
പച്ചമാംസം കടിച്ചാശു ഭുജിക്കുന്നു സൎവ്വകാലം.
കൊച്ചുമത്സ്യങ്ങളെപ്പാടെ വിഴുങ്ങും ഘോരമത്സ്യങ്ങൾ,
സ്വച്ഛമായ് മററൊരു ദ്വാരത്തൂടെ പോരുമവയെല്ലാം.
ദുഷ്ടജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭൂതലമെല്ലാം
അഷ്ടിമാത്രം പോലുമാരും കൊടുപ്പാനില്ലെന്നുവന്നു.
പട്ടിണിക്കു വഴിവീണു വഴിപോക്കൎക്കേറ്റുകഷ്ടം!
പട്ടണത്തിലെങ്ങുമിപ്പോൾ പണവും കാശുമില്ലാതായ്.
അട്ടമാടിനടക്കുന്നോരോരോട്ടമെല്ലാമുപേക്ഷിച്ചു
കൂട്ടമൊക്കെ പ്പിരിഞ്ഞോരോ കോട്ടിലയ്യമിരക്കുന്നു.
പാട്ടുകാൎക്കു വിശന്നിട്ടു സ്വരവും ദുൎഘടമായി
നാട്ടിലെങ്ങുമൊരുകാശു ലഭിപ്പാനും വകയില്ല.
പാട്ടുകേട്ടാലാൎക്കുസൌഖ്യം പട്ടിണിയായ്ക്കിടക്കുമ്പോൾ?
ഊട്ടുകേട്ടാൽ തലപൊക്കുമതു കേൾപ്പാനെങ്ങുമില്ല
ചേട്ടനെന്നും തമ്പിയെന്നും തങ്ങളിലുള്ളനുരാഗം
ചേട്ടകൾക്കും നാസ്തിയായി കൂട്ടമേറിച്ചമകയാൽ-
ചേട്ടനെന്നാലൊന്നുരണ്ടല്ലേൻപത്തും നൂറുമഞ്ഞൂറും
കൂട്ടമായിപ്പിരില കൊൾവാനെന്തുബന്ധം ചാക്കുമില്ല,

Digitized By Kerala Sahitya Akademi

നാട്ടുവാഴിക്കങ്കമില്ല കപ്പമില്ല ചുങ്കമില്ല,
കാട്ടുവാഴിക്കിപ്പോൾ നല്ല വല്ലതും തിന്നുപാർത്തിടാം.
മോടികൂട്ടിനടക്കുന്ന പുരുഷന്മാർ നാസ്തിയായി-
ത്തേടിവെച്ച പണംവിററു തിന്നശേഷം വകയായി:
കാരിയക്കാരനായ്പ്പണ്ടു കോലകത്തു മാളികമേൽ
നാരിയെക്കൊണ്ടുപോയ് വച്ചു സുഖിച്ചു വാണവനിപ്പോൾ
ആരിയച്ചെട്ടിയെ ചെന്നു കാൽപിടിച്ചു നടക്കുന്നു
കാരിയംരണ്ടു വറെറങ്ങാൻ കിടച്ചെങ്കിലതുതന്നെ.
പാരിച്ചുള്ള വർത്തമാനം കഷ്ടമെന്നേ പറയാവൂ
നീരസങ്ങൾ വിസ്തരിച്ചിട്ടെന്തു കാര്യം നമുക്കിപ്പോൾ?
കവടിക്കാരനായുള്ള ഗണിതക്കാരനുമിപ്പോൾ
കപടങ്ങൾ പറഞ്ഞോന്നു കളിപ്പിപ്പാൻ വകയില്ല.
ഗണിതഗ്രന്ഥവും കെട്ടിത്തലയ്ക്കു വച്ചൊരുദിക്കിൽ
കണികന്മാർ വിശന്നങ്ങു ശയിക്കുന്നു പലർകൂടി;
ഗുണദോഷം വിചാരിച്ചു പറഞ്ഞാലെങ്കിലും നാലു
പണംകിട്ടാൻ തരവില്ല പണ്ടുതിപ്പോളുപായമായി,
ഗുണമെന്തു ദോഷമെന്തു? മാരണമില്ലൊരുനാളും,
ഗണിതം കൊണ്ടൊരുവസ്തു ഗ്രഹിപ്പാനില്ലെന്നുവന്നു.
ചികിത്സിപ്പാനൊന്നുമാകും രോഗമില്ല ശരീരത്തിൽ
രോഗമെല്ലാമന്തകൻെറ സചിവന്മാരവർ പിന്നെ
യോഗമങ്ങു ശ്രവിക്കുന്നു നടപ്പാൻ കല്പനയില്ല.
യോഗഗ്രന്ഥവും നല്ലോരഷ്ടാംഗഹൃദയവും
അകത്തുകടവേയങ്ങു കെട്ടിവെച്ചു വൈദ്യരെല്ലാം
രോഗംകൊണ്ടുഴലുന്ന ജനത്തിൻെറ ഗൃഹത്തിൽച്ചെ-
ന്നാകണ്ണം ഭുജിപ്പാനും കൊതിക്കേണ്ട വൈദ്യരാരും.
അസനവില്വാദി ഭൃംഗ്ഗാമലകാദിയെന്നുകാച്ചി
വ്യസനത്തെയൊരുകാലും കൈക്കലാക്കാനിനിക്കൂടാ.
രസികച്ചാരെന്നഭാവം നടിച്ചു സഖിയുമായി-
ട്ടസുരന്മാരെന്നപോലെ രോഗിവീട്ടിൽച്ചെന്നുകൂടി,
ഗുളികയും കഷായവും കൊട്ടത്തു ചാക്കടുക്കുമ്പോൾ
കളവുവല്ലതും ചൊല്ലിത്തിരിക്കും വൈദ്യനിക്കാലം
തരംകെട്ടു തനിക്കു ഭക്ഷണത്തിന്നും വകയില്ലാ-
ഞ്ഞിന്നുണ്ടുനടക്കുന്നു വിരുന്നുണ്ണാനെങ്ങുമില്ല.

Digitized By Kerala Sahitya Akademi

"ഘനചന്ദനചൂൎണ്ണഭസ്മപച്ചകൎപ്പൂരരോശീരസാധിതം"
മനസ്സിലുണ്ടിവയെല്ലാം പ്രയോഗിപ്പാനെങ്ങുമില്ല;
യമനും വൈദ്യനും തമ്മിൽ പ്രാണവിശ്വാസമെന്നാലും
യമനെക്കൂടാതെ കൊൽവാൻ വൈദ്യനേകനെളുതല്ല;
അനൎത്ഥം മന്ത്രവാദിക്കും കനക്കേ സംഭവിക്കുന്നു
സമൎത്ഥനെങ്ങുമേ ചെന്നാലൊരൎത്ഥം കിട്ടുകയില്ല;
യക്ഷിപീഡ കുക്ഷിപീഡ ദേവതാപീഡയും ബ്രഹ്മ-
രാക്ഷസദ്രോഹവുമില്ല കാലനില്ലാത്തുള്ള നാട്ടിൽ;
സാക്ഷിയായിട്ടിവൎക്കെല്ലാമീശ്വരനന്തകനല്ലോ
ദീക്ഷിതനായതു നേരമിവരെല്ലാമടങ്ങിപ്പോയ്;
മനുഷ്യം തുള്ളുവാനുള്ള മനുഷ്യൎക്കിതുകാലം
മനസ്സുമുട്ടതിയായിട്ടകപ്പെട്ടു വിശപ്പൊട്ടും,
സഹിക്കാത്ത വെളിച്ചപ്പാടൊളിച്ചപ്പാ ശയിക്കുന്നു
വഹിയാ വാളെടുപ്പാനും തുള്ളലേതും ഭവിക്കാതായ്.

പഞ്ചേന്ദ്രോപാഖ്യാനം, കുഞ്ചൻനമ്പിയാർ.

---

## ൨൭. പൂതനാമോക്ഷം.

ദൂരത്തു നിന്നങ്ങു കണ്ടൊരു നേരത്തു
ചാരത്തുചെന്നു പതിച്ചു പുക്കാൾ;
അണ്ഡജനായകൻ തന്നുടെ ചാരത്തു
കുണ്ഡലിതാൻ ചെന്നു പൂകുംപോലെ.
ഓമനപ്പൂമുഖം തന്നിലേ നോക്കിക്കൊ-
ണ്ടോൎത്തുനിന്നീടിനാളൊട്ടുനേരം;
ചീൎത്തൊരു കോപം കൊണ്ടന്തകൻ വാരാഞ്ഞു
പാൎത്തു നിന്നീടുന്നോളെന്നപോലെ.
മെല്ലവേ ചെന്നങ്ങു തൊട്ടു നിന്നീടിനാൾ
പല്ലവംവെല്ലുമപ്പൂവൽമേനി;
രത്നമെന്നിങ്ങനെ തന്നിലെ നണ്ണി നി-
ന്നഗ്നിയെച്ചെന്നു തൊടുന്നപോലെ.
പാരാതെ പിന്നെയെടുത്തു നിന്നീടിനാ-
ളാരോമൽപ്പൂങ്കനിപ്പൈതൽ തന്നെ

Digitized By Kerala Sahitya Akademi

പാശമെന്നിങ്ങനെ നിൎണ്ണയം പൂണ്ടിട്ടു
പാമ്പിനെച്ചെന്നങ്ങെടുക്കും പോലെ.
ഓമനപ്പൂമെയ് തന്മേനിയിൽ കൊണ്ടപ്പോൾ
കാൾമയിർ തിണ്ണമെഴുന്നു മെയ്യിൽ;
ഉമ്പർകോൻ നാട്ടിലപ്പൂതനതന്നേക്കാൾ
മുമ്പിലേ പോവാനായെന്നപോലെ.
നീണ്ടുള്ള ബാഹുക്കൾ കൊണ്ടവൾ പൂവൽമെയ്
പൂണ്ടുനിന്നീടിനാളൊന്നു പിന്നെ;
പല്ലവമാണ്ടൊരു സല്ലകിയെന്നിട്ടു
പാവകജ്വാലനല്ലാനപോലെ.
നൂതനനായൊരു പൈതലുമന്നേരം
പൂതനതന്നെയും നോക്കിനിന്നാൻ;
മസ്തകമേറിന കേസരിവീരൻതാൻ
മത്തേഭൻ തന്നുടൽ നോക്കുംപോലെ.
ആരാനുംപോന്നു വരുന്നതിൻ മുന്നിലെ
കാരിയമായതു സാധിക്കേണം;
എന്നങ്ങു നണ്ണിനപ്പൂതനതാനപ്പോൾ
നന്ദകുമാരകൻ വായിൽനേരേ;
ദുസ്തനംതന്നെയും നൽകിനിന്നീടിനാൾ
ദുഷ്ടന്മാൎക്കങ്ങനെ തോന്നി ഞായം.
കൈകളെക്കൊണ്ടു പിടിച്ചു നിന്നന്നേരം
കൈടഭസൂദനനായബാലൻ
വന്മുലതന്നെക്കുടിച്ചു നിന്നീടിനാ-
നമ്മതൻനൽമുലയെന്നപോലെ.
പാൽകൊണ്ടു ചൊവ്വന്നെ പൈകെട്ടുകൂടാഞ്ഞി-
ട്ടാകുലനായിട്ടങ്ങെന്നപോലെ:
കാറെറയും കൂടക്കുടിച്ചു നിന്നീടിനാൻ
താറേറാലിച്ചങ്ങവൾ നല്ലമപ്പോൾ.
ഏററമെഴുന്നോരു പീഡയെക്കൊണ്ടവൾ
ചീററം തിരണ്ടുകരഞ്ഞു പിന്നെ;
ഭൂതലം തന്നിൽപതിച്ചു നിന്നീടിനാൾ
ചേതനയോടു പിരിഞ്ഞു നേരേ.

Digitized By Kerala Sahitya Akademi

ഭാരമിയന്നൊരു ദൈവിതനാടൽ
ഘോരമായ്പ്പുനിന്നു വീഴുകയാൽ;
ഊഴിയുമെല്ലാം കലുങ്ങീതായന്നേര-
മാഴിയും കിഴിൽ കലങ്ങീതായി.
ചാരത്തു നിന്നുള്ള ദാരുക്കളെല്ലാമെ
പാരം ഞെരിഞ്ഞു പതിച്ചിതെങ്ങും;
ഗേഹത്തെപ്പൂണ്ടുള്ള ഗോപികമാരെല്ലാം
ഗോപാലന്മാരോടും കൂടിച്ചെമ്മേ;
കേടററുനിന്നുള്ള ബാലകന്മാരോട-
ത്തോടിച്ചെന്നീടിനാർ പേടിച്ചപ്പോൾ;
ഭൂലോകം തന്നിൽ പതിച്ചു കിടന്നൊരു
പൂതനതന്നെയും കണ്ടാരപ്പോൾ,
ഉമ്പർകോൻ ചെന്നിട്ടു പക്ഷമറുക്കയാൽ
വമ്പററു നിന്നൊരു ശൈലംപോലെ.

കൃഷ്ണപ്പാട്ടു, ചെറുശ്ശേരി നമ്പൂരി

---

## ൨൩. ദുശ്ശാസനവധം.

പിടിച്ചാനന്നേരമണഞ്ഞു ഭീമനെ
ക്കടിച്ചു മുഷ്ടികൾ ചുരുട്ടി കുത്തിയും
പൊടിച്ചൊഴുകിനരുധിരം കൈക്കൊണ്ടു
വടിച്ചു വീഴ്ത്തിയും മിഴിയിലെച്ചോര
തുടച്ചും മുഷ്ടികൊണ്ടടിച്ചും പല്ലുകൾ-
കടിച്ചു ഭൂമിയിൽപ്പതിച്ചുമപ്പൊഴേ
പുരണ്ടെഴുന്നേററും തിരണ്ടകോപത്താൽ
ഉരുണ്ടകണ്ണിണ പൊടിയാൽ മൂടിയും
കഴുത്തിൽ കുത്തുമൂത്തിരിക്കുന്ന നഖം
പതിച്ചും വായ്പൊട്ടു പറിച്ചുമെത്രയും
തിരിച്ചു കമ്പംകെട്ടിയും ചരണങ്ങൾ
ഞെരിച്ചും കൈത്തലം തിരിച്ചുമാകുലാൽ
പറിച്ചു മൂക്കൊട്ടു തലമുടി ചോര
തെറിച്ചു നാലു ദിക്കിലും ചിതറിയും

Digitized By Kerala Sahitya Akademi

ഉരത്തൊട്ടു പറഞ്ഞുമുരസ്സുതങ്ങളിൽ
കരത്തൊട്ടു കരമുരച്ചു മുഴിയി-
ലുറച്ചു നില്ക്കയും ചവിട്ടുകൊണ്ടു പോ-
യ്യേറിച്ചു വീണു പോയുരുണ്ടു മല്ലൊഴേ
ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്നു ചിലർ
ജയം വരും വൃകോദരനെന്നു ചിലർ
ഭയം കളഞ്ഞു കാൺകടവെന്നു ചിലർ
ഭയങ്കരമിതു സമരമെന്നെല്ലാം
പറഞ്ഞു തങ്ങളിൽ വിവദിക്കുന്നേരം
കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി
ചുവട്ടിൽ മാറിനിന്നടി രണ്ടും വാരി-
ച്ചുവട്ടിലാക്കിമേൽ ഹരെയേറിക്കര-
മമത്തു നന്നായിച്ചവിട്ടി നിന്നുകൊ-
ണ്ടമത്ത്യമത്ത്യന്മാർ പലരും കാണവേ
ചളിപ്പു കൈവിട്ടങ്ങെടുത്തു കൈവാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും
തുടുതുടപ്പൊടിച്ചുടനുടനുടൽ
ചുട്ടച്ചുടത്തിളച്ചരുവിയാർ പോലെ
തുടുതുടവന്ന രുധിരപ്പൂരത്തെ
കുടുകുടക്കുടിച്ചലറിച്ചാടിയും
പെരുവെള്ളംപോലെ വരുന്ന ശോണിത-
മൊരുതുള്ളിപോലും പുറത്തു പോകാതെ
കവിഴ്ന്നു നന്നായിക്കിടന്നു കൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും
മദിച്ചു മാരുതി ചിരിച്ചുചൊല്ലിനാൻ
കുതിന്നിതു നാവുമുദരവുമെല്ലാം
കുടർമാല മെല്ലെനൊട്ടുത്തു കൊണ്ടുടൻ
തുടർമാലപോലെ കഴുത്തിലിട്ടുകൊ-
ണ്ടുടൽക്കളമെല്ലാം പൊടിപെടുംവണ്ണ-
മുടനുടൻ ചാടിത്തുടമേലേ രാച്ചും
പശുസമർ പാണ്ഡുസുതന്മാരെന്നല്ലോ

Digitized By Kerala Sahitya Akademi

പറഞ്ഞിതു മൂന്നാം പലരും കേൾക്കവേ
പരിഹാസത്തോടു മടിച്ചു കൈകൊട്ടി
ച്ചിരിച്ചു കൂത്താടി നടന്നു നിങ്ങളും.
പശുസമന്മാർ കൌരവരെന്നിക്കാലം
പറഞ്ഞു ഞാൻതാനുമിതാ കൂത്താടുന്നേൻ.
ഇനിയിക്കള്ളന്മാർ കുലത്തിൽ മൂത്തവ-
നെനിക്കൊരുനാളെക്കളിക്കുണ്ടായ്‌വരും.
പൊരുതവനെയുമൊടുക്കി രാജ്യവും
പൊരുളും നല്കുവനരചൻതന്നെ. *
പൊട്ടുക്കനവേയെന്നരത്താമാരുതി
നടിച്ചുനർത്തകിയൊടു കലർന്നൊരു
നടപ്രവരനെക്കണക്കെമത്തനായ്
നരഹരിഹിരണ്യനെപ്പിളർന്നൊരു
കുരുതിയുമണിഞ്ഞിരിപ്പതു പോലെ
നടക്കുന്ന നേരമടൽക്കളമെല്ലാം
പൊടിച്ചു മാററാരെയൊടുക്കി വേഗത്തിൽ
കുരുവര്യസഹോദരന്മാരും വന്നു
പൊരുതാർ മാരുതിയവരെയും കൊന്നാൻ
പെരുത്തദുഃഖവും ഭയവും കൈക്കൊണ്ടു
കുരുക്കളൊക്കവേ തിരിച്ചുമണ്ടിനാർ.

—ഭാരതം കർണ്ണപർവ്വം.  എഴുത്തച്ഛൻ.

---

## ൨൧. ദാരികനും ഭദ്രകാളിയും

ഭദ്രകാളിയെ പ്രയോഗിപ്പതിനനന്തരം
ഭദ്രമായീടും ബ്രഹ്മദണ്ഡെടുത്തവനപ്പോൾ
പാണിയിൽനിന്നു താനേ ബ്രഹ്മദണ്ഡതുമ്പലാൽ
ക്ഷോണിയിൽ വീണുഴവത്രാരികനു ചെയ്തു.
നന്ദനാനാവിധനിൻമായകളോരോന്നോത്താ-
ലെന്നുടെ കരതലം തന്നിൽ നിന്നവനിയിൽ

Digitized By Kerala Sahitya Akademi

ളന്നു നീ പതിപ്പിച്ച ബ്രഹ്മദണ്ഡിനെ ക്ഷണാ-
ലെന്നുൾ കൊണ്ടു ജയിച്ചെന്നു നീ നിനയ്ക്കേണ്ട.
എന്നുടെ ശക്തിതന്നെ പോരുമഞ്ജസാ മൂഢേ!
നിന്നുടെ ശിരസ്സിനെ മുറിച്ചുകളഞ്ഞീടാൻ.
എന്നിയേ വാൾകൊണ്ടു നിൻകണ്ണുനാസികകളെ
ഛിന്നങ്ങളാക്കിക്കളഞ്ഞീടുവെനസംശയം.
എന്നുമല്ലിറിയുണ്ടു കണ്ടുകൊൾകന്യാവിധ-
മെന്നുടെ കാരാഗ്രഹമെത്രയും ഭയങ്കരം.
നിന്നെയിന്നിതിനുടെ തൂണിന്മേൽതന്നെകൊണ്ടു
ചെന്നുനല്ലിരിമ്പു ചങ്ങലയാൽ കെട്ടിയിട്ടു
കന്നുകാലിയെ മേയ്പ്പാനുള്ളൊരു വടികൊണ്ടു
സന്ദേഹം വെടിഞ്ഞടിച്ചീടുവെനഹോരാത്രം
അറിയുന്നില്ല നീയിദ്ദാരികാസുരേന്ദ്രനെ-
പ്പറയുന്നുണ്ടു നിനക്കറിവാൻ പരമാർത്ഥം.
"ദാരികനൊരു മഹാവാരിധിയെന്നോർക്കണം,
നീരതിനിസ്സാരമായുള്ളൊരു തടാകം നീ;
ദാരികനൊരു മഹാ വാരണമെന്നോർക്കണം,
സാരമല്പവുമില്ലാതുള്ളൊരു പെണ്ണാടു നീ;
ദാരികനെന്നൊരു മഹാ കേസരിയെന്നോർക്കണം,
ഭീരുതയേറും മുയൽപ്പേട നീ മഹാശയേ!
എനിക്കും നിനക്കുമുള്ളവസ്ഥാശക്തികളെ
നിനയ്ക്കുന്നേരം ചെറ്റല്ലന്തരമുണ്ടു പാരം."
ദാരികദൈത്യനുടെ ഗീരുകൾ കേട്ടു മന-
താരുകോപാകുലമായരുൾചെയ്തിതു ദേവി;—
"ഹന്ത! നീ വൃഥാലാപം ചെയ്യൊല്ല പോരും പോരു-
മന്തകഭവനത്തിനന്തികം പ്രാപിച്ചു നീ;
അന്ധത മൂലമല്ലോ നീയതു കാണാത്തതും,
ജന്തു സന്നിഭൻ നീയെന്നരുൾചെയ്തു സത്യം;
അന്തമേശുവാനാരംഭിക്കുന്നതറിഞ്ഞീടാ
ദന്തിയും മൃഗേന്ദ്രനും നീയുമിന്നൊരു പോലെ.
പ്രൌഢതയോടു പാരം തെളിഞ്ഞു ഘോഷിക്കുന്ന
മൂഢനാകും നീയറിവില്ലാത്ത ജളപ്രഭു;

Digitized By Kerala Sahitya Akademi

ജീവിച്ചു വാഴുമിനിയുമെത്രനാൾ നീയെന്നല്ലോ
ഭാവിച്ചു ചൊന്നതിതു ചിന്തിച്ചാൽ ചിരിവരും;
ഗരളം കരമേറി വളരും മരം പിന്നെ
വളരെദ്ദിനമുണ്ടോ നില്ക്കുന്നു നിനയ്ക്കു നീ;
അരുളി വിധിയെനിക്കഖില വരമെന്നു
കരളിലനാരതം കരുതി മദിച്ചു നീ:
ഞെളിഞ്ഞല്ലയോ ചൊല്ലുന്നീവണ്ണമാത്മസ്തുതി
തെളിഞ്ഞു വിളങ്ങുമെൻ ശൂലമെന്നിതു കാൺക;
ഇതിനാൽ തന്നെ ഹതരായീടുമവർ പോലും
ചതുരാനനൻ ഹരിഹരനും മഹേന്ദ്രനും;
പിന്നെയെന്തതിഭീരു പ്രാകൃതനൊരു തൃണ-
സന്നിഭനശരഥസാരഥിരഹിതൻ നീ;
എന്നു മാത്രവുമല്ല നിന്നുടെ കഴുത്തോളം
വന്നിരിക്കുന്നു പ്രാണവായുക്കൾ പോയിടുവാൻ"
എന്നരുൾചെയ്തു ദേവി ദാരികന്റെ കൈയിൽ-
നിന്നു മേദിനി തന്നിൽപ്പതിച്ചു കിടക്കുന്ന
ബ്രഹ്മദണ്ഡിനെ കൈയിലെടുത്തങ്ങതുകൊണ്ടു
ഭീഷണനാമസുരാധിരാജനെ പ്രഹരിച്ചാൾ.
ഊക്കോടു പ്രയോഗിച്ചതുല്ക്കടമായിട്ടേററു
ചിക്കനെശ്ശിഥിലിതസന്ധിബന്ധനായ്ത്തീർന്നു;
നില്ക്കരുതാതെ ഭയമുൾക്കാമ്പിലെഴുന്നുടൻ
പോർക്കളമതിൽ നിന്നു ധാവനം ചെയ്തീടിനാൻ.

ചെങ്ങോട്ടുപ്പുത്തി, മൂത്തേടത്തു വാസുദേവൻ പോറ്റി.

---

## ൨൮. ഒരു ലക്ഷനിർമ്മിതി.

(പാഞ്ചാലീസ്വയംവരത്തിനു ക്ഷണിക്കുവാൻ മന്ത്രി ദ്രുപദമഹാരാജാവോടു പറയുന്നതു്)

കമനീമതി കലിതരസമവിടെ മമ തനൂജാൻ
കല്പിച്ചുവരാമൊന്നു കല്പിച്ചു കൊള്ളേണം.

Digitized By Kerala Sahitya Akademi

അതിനുടയമുറികളുമതിശയമാറുമിന്നിഭമേ-
ലാചരിക്കേണ്ടതുമാശുകേൾക്ക ഭവാൻ
പട്ടുപടവിയൊട്ടു നെടിയ കുടകളൊട്ടുമെത്തുന്ന
പാർത്ഥിവേന്ദ്രന്മാർക്കു പാർത്തരുളീടുവാൻ
രജതമണി കനകമണി രചിതമണി മഞ്ചങ്ങൾ
രണ്ടുവരി നിരന്നുണ്ടാക്കണം ക്ഷണം.
അഴകുടയ മണിനിലയ നിരയതിനിടയ്ക്കുള്ളൊ-
രാസ്ഥാനമേറ്റവും വിസ്താരമാക്കണം.
ഇടവഴിയിലിടമിയലുമണിമണി വിരിപ്പന്ത-
ലിപ്പൊഴുതൊന്നുടൻ കെല്പൊടുണ്ടാക്കണം.
അതിനിടയിലൊരു നെടിയകൊടി വടിവിൽ നാട്ടണ-
മായിരക്കോലതിന്നാക്കമുണ്ടാക്കണം.
വലിയകൊടിമുകളിലിളിവായും പൊളിച്ചുടൻ
വ്യാളീ മുഖമൊന്നു വാർത്തു വച്ചീടണം.
പട്ടുകൊടിയുടയ മൃഗമതിനുടെ വളഞ്ഞുള്ള
പല്ലിന്മേലഞ്ചു പൊന്നിൻ തുടൽ തൂക്കണം
പണികളതിവികടമിതു തുടലുകളിലഞ്ചാതെ
പഞ്ചവർണ്ണക്കിളിക്കൂടഞ്ചു തൂക്കണം
അതുലഗുണഗണനിലയപൈങ്കിളിക്കൂട്ടുകൾ-
ക്കഞ്ചാതെ വാതിലങ്ങഞ്ചായിരിക്കണം
പരമറിക പണികളതു പഞ്ജരപഞ്ചകം
പമ്പരം പോലങ്ങു ചക്രം തിരിയണം
തടവരുതു തരമുടയൊരഞ്ചു കൂട്ടുള്ളതിൽ
തത്തകളോരോന്നു തത്തിക്കളിക്കണം
അറിക കൊടിയുടെ കടയിലുണ്ടെന്ത്രമൊന്നങ്ങൊ-
രാണിതിരിക്കുമ്പോളാണീവിധം വിഭോ!
ഒരു സമയമൊരു പഴുതിലൊരുകിളി മുഖംപുറ-
ത്തൊന്നങ്ങുകാട്ടിടും പിന്നോട്ടെടുത്തിടും
അതിനടിയിലതിരഭസമസ്ത്രങ്ങളഞ്ചുവി-
ട്ടഞ്ചും കിളിത്തലയഞ്ചുമറുക്കണം
വിരവിലിതു വിഗതതരവിഷമമൊട്ടു പാറിച്ച
വില്ലാളിവീരൻ വിവാഹം കഴിക്കണം

Digitized By Kerala Sahitya Akademi

കൊടിയകൊടി വടിവിലിതു പണിവതിന്നു നമ്മുടെ
കോന്നനാശാരിപ്പണിക്കരായീടേണം
കരുതിടുകിലവനു കരകൌശലമത്രം നല്ല
കൈയും കണക്കും വെടിപ്പുമുണ്ടേററവും
അവനു സമമവനിയതിലിവ പണിവതിന്നില്ലൊ-
രാശാരി, ശില്പികൾക്കാശാനതാണവൻ
ഹിമകിരണകുലതിലക! പലമൊഴികളെന്തിന്നു
ഹേമധ്വജം മഹാക്ഷേമമായ് തീരണം.

പാഞ്ചാലീസ്വയംവരം, [illegible] നമ്പൂരിപ്പാട്

---

## ൨൯. മഹാലക്ഷ്മിയുടെ അവതാരം.

ശുഭ്രബ്രഹ്മാദികൾക്കുമാശ്ചര്യമാകുംവിധം
സർവ്വസൽഗുണങ്ങളുമിണങ്ങും കാലം വന്നു;
സർവ്വലോകത്തിങ്കലും സർവ്വാനർത്ഥവും തീർന്നു
സർവ്വലോകത്തിങ്കലും സർവ്വാർത്ഥസിദ്ധിയുണ്ടായ്
ദാരിദ്ര്യമെന്നുള്ളതു കൂരിരുട്ടാണെന്നാകിൽ
പാരെല്ലാം സൂര്യബിംബമായി തൽസമയത്തിങ്കൽ
ദാരിദ്ര്യമെന്നുള്ളതു ഘോരമാം വ്യാധിയെങ്കിൽ
പാരെല്ലാം ധന്വന്തരി മൂർത്തിയായതുകാലം
സമ്പത്തെന്നുള്ളവസ്തു വാമ്പലാകുന്നുവെന്നാ-
ലമ്പിളിയായിത്തീർന്നു ലോകമണ്ഡലമെല്ലാം.
അളവില്ലാതെ ശുകശിംബിധാന്യങ്ങളുടെ
വിളവുണ്ടായിവന്നു ലോകത്തിലക്കാലത്തിൽ
വളരെ വർദ്ധിച്ചിതു ഫലങ്ങളധികവും
തളിരും പൂവുംകൊണ്ടു നിറഞ്ഞു വൃക്ഷമെല്ലാം
കനക മാണിക്യാദിശ്രേഷ്ഠവസ്തുക്കളപ്പോൾ
ജനിച്ചു ധാരാളമായ് ധരയിൽ നിരന്തരം
ധനധാന്യാദിയുടെ സമൃദ്ധികൊണ്ടു സർവ്വ-
ജനവും മഹാനന്ദരസത്തിൽത്താണുമുങ്ങി

Digitized By Kerala Sahitya Akademi

തങ്ങൾ തങ്ങൾക്കുവേണ്ടും സൽകൎമ്മങ്ങളിലും
മങ്ങാതെ ജനങ്ങൾക്കു വളൎന്നു മനോത്സവം
മംഗളം വൎദ്ധിക്കയാൽ ഫലത്തെക്കൊതിച്ചീടാ-
തെങ്ങുമേ കൎമ്മമൊന്നുപോലുമില്ലാതെയായി
പാലു ധാരാളമായി പശുക്കൾക്കെല്ലാമത്ര-
കാലത്തിലാനകൾക്കു വളൎന്നു മദമേററം
നാലുവേദങ്ങളുപവേദങ്ങൾ മററുശാസ്ത്ര-
ജാലങ്ങളിവ വിപ്രന്മാൎക്കെല്ലാം തികവായി.
ക്ഷത്രിയൎക്കെല്ലാം വീൎയ്യശൌൎയ്യധൈൎയ്യാദിഗുണ-
മത്രയുമതുകാലമെത്രയും സമ്പൂൎണ്ണമായ്.
ചിത്രമീവൎണ്ണംതന്നെ വൈശ്യശൂദ്രാദിജാതി-
ക്കൊത്തു ചേരേണ്ടും ഗുണം സൎവ്വവുമുളവായി.
സന്ധിയെന്നുള്ള ഗുണം പ്രാണികളെല്ലാററിലും
ബന്ധുരമാകുംവൎണ്ണം സന്ധിച്ചു ദൃഢമായി.
ദന്തിപഞ്ചാസ്യപശുവ്യാഘ്രാഹിനകുലാദി
ജന്തുക്കൾക്കുള്ള ജാതിവൈരമുംവേരോടററു
ശൃംഗാരവീരാത്ഭുതരസങ്ങൾ ജഗത്തിങ്കൽ
മംഗലമാകും വിധമെങ്ങുമേ വിളയാടി.
ഭംഗമായ് വന്നു ഭയബീഭത്സരൌദ്രങ്ങൾക്കു
ഭംഗിയിലഭ്യസിച്ചു ഭൎത്തന്മാരിലെന്ന്യേ
കള്ളമെന്നിയേ സൎവ്വപ്രാണിവൎഗ്ഗത്തിന്റെയു-
മുള്ളേററം പ്രസന്നമായ് ദിക്കുകളോടു കൂടി.
വെള്ളത്തിൻ പ്രസാദത്താൽ പുഴകൾ തൊട്ടുള്ളതി-
നുള്ളിലുള്ളൊരു വസ്തു സമസ്തം കാണാറായി.
പുണ്യമാം മന്ദാകിനീജലത്തിൻഗുണമെല്ലാം
മണ്ഡൂകസരസ്സിൽ കൂടിയുമപ്പോളുണ്ടായ്.
കണ്ണിനാനന്ദമുണ്ടാംപടിക്കു ഹംസാദിയാ-
മണ്ഡജങ്ങളാലേററം നിറഞ്ഞു തടാകങ്ങൾ.
കഞ്ജാദിമധുപാനമത്തഷട്പദകുലം
മഞ്ജുനാദങ്ങൾ കൊണ്ടു മുഴങ്ങീ പത്തു ദിക്കും
രഞ്ജിതമായി പാരിലഖിലപ്രാണേന്ദ്രിയ-
മഞ്ജസാ സരസിജസൌരഭ്യപ്രവാഹത്താൽ.

Digitized By Kerala Sahitya Akademi

ശിഖകൾകൊണ്ടു വലംവച്ചു ചുററിക്കൊണ്ടേററം
ശിഖികളുജ്ജ്വലിച്ചു പ്രസന്നപ്രഭയോടെ.
സഹിതം വഹനിക്കേകുമനിലനതുകാലം
സുഖമായീടുംവിധം ചരിച്ചു ജഗത്തിങ്കൽ.
ആത്മമാമുച്ചബലം മുതലാം ബലമെല്ലാം
സൂൎയ്യാദിഗ്രഹങ്ങൾക്കു സമ്പൂൎണ്ണമായി വന്നു.
ക്രൌൎയ്യാദി ദോഷമൊന്നും കൂടാതമഹാഗുണ-
സ്ഥൈൎയ്യത്തോടൊത്തു ചേൎന്നു ശൌനകാദികളെല്ലാം.
ദ്രവ്യങ്ങളെല്ലാമതു കാലത്തിലതിമാത്രം
ഭവ്യങ്ങളായിവന്നു സൽഗുണോൽക്കൎഷത്തിനാൽ.
ഇവ്വണ്ണം ജഗത്തെല്ലാം മംഗലമയമായി
ചൊവ്വോടെ വിളയാടി വിളങ്ങീപരമപ്പോൾ!

ലക്ഷ്മീസ്വയംവരം കിളിപ്പാട്ട് കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

---

## ൩൦. ദ്വാരക.

ഇപ്പാരിലില്ലിന്നീവണ്ണമൊരു മഹാരാജധാനി,
മുപ്പാരിലുമില്ല മന്യേ മുകുന്ദപദം
അല്പവുമില്ലാത്തതുവിധിയിങ്കൽ പോയി വാസുദേവൻ
ചിൽപൂരുഷനോടുകൂടിപ്പരമപദം.
പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കഞ്ചന പൊന്നുരുത്തുമതിന്റെ മീതെ.
ദുശ്ച്യവനനഗരിയെ നാണിപ്പിച്ചു രത്നപുരി
നിശ്ചലമായിട്ടുനിന്ന നിലയുമോൎപ്പൂ.
ഭാഗവതിയായപുരി പൊക്കംകൊണ്ടു നഭസ്സിന്റെ
ഭാഗത്തേയുമതിക്രമിച്ചനേകം കാലം.
ഭോഗവതീപുരിയുടെ തലയിലിരുന്നുപോലും
ഭോഗിശായിയോടു കൂടിപ്പോകയും ചെയ്തു.
ചുററുമംബരം ചുംബിക്കും പൊന്നിൻപുറക്കോട്ടയ്ക്കക-
ത്തൊററ രത്നക്കൽത്തളം ചെയ്തിരിക്കുമൂലം;

Digitized By Kerala Sahitya Akademi

മുററമെല്ലാം മിനുങ്ങീട്ടു തെററുതെളുതെളെ മിന്നും
മുററുമെപ്പിടെയുമാക്കും കണ്ണാടി കാണാം.
മുകളിലാകാശം മുട്ടുമകമതിലുകടേയും
മുകപ്പുകടേയും എണ്ണം ഗണിച്ചു കൂടാ.
മുകുന്ദൻെറ പാദമെൻെറ മനോമയമായിരിക്കും
മുകുരത്തിൽ കണ്ടപോലേ പറഞ്ഞുകൂട്ടു.
സാലംതോറും നന്നാലു ഗോപുരങ്ങളുണ്ടത്രയല്ല;
സാലംകാരപുരദ്വാരങ്ങളുടെ നേരേ
നാലുദിക്കിലോട്ടുമോരോ മഹാമാർഗ്ഗങ്ങളുണ്ടതി-
ന്നാലിൻെറ പാർശ്വങ്ങളിലുള്ളാപണങ്ങളും,
അങ്ങാടികളിലൊക്കയുമാലയങ്ങളിലൊക്കയും
മങ്ങീടാതെ മഹാലക്ഷ്മിയുടെ കടാക്ഷം,
തങ്ങീടുകകൊണ്ടു ധനധാന്യാദികൾക്കിടംപോരാ
പൊങ്ങീടുന്ന നാനാമണി ഹേമാദികൾക്കും,
ഇന്ദിരരണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നവരും
മന്ദിരങ്ങളുമത്രയുമുണ്ടെവർ വയ്പു.
നന്ദഗോപപുത്രപുത്രപൌത്രാദിഗൃഹഗണന
ദന്ദശൂകേശനുമെളുതല്ല നിണ്ണയം.
പ്രദ്യോതനകോടിപ്രകാശമ്പോലായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദി സത്മങ്ങളും സദാ,
മദ്ധ്യമത്തനായ മാധവാഗ്രജൻെറ മന്ദിരവും
വിദ്വാന്മുഖ്യനാമുദ്ധവരുടെ ഗൃഹവും,
സാത്യകികൃതവമ്മാദി മഹാരഥന്മാരുടേയും
സത്വസംഘമതിൻേറയും കോടികോടികൾ,
സാധ്യസംഖ്യാദികളെല്ലാം സഹസ്രാനുസഹസ്രവും
സാദ്ധ്വസത്തെ ഗമിച്ചിട്ടുമടങ്ങിവാണും.
ചിന്മയൻെറ പുരിക്കുള്ളിൽ ഗൃഹമില്ലാത്തിടമില്ല;
ചൊന്മയമല്ലാതെയില്ല ഗൃഹത്തിലെങ്ങും.
നിമ്മലമായ പൂങ്കാവും പൊയ്കയും വേണ്ടുന്നതെല്ലാം
നമ്മാലയംതോറും വെവ്വേറെയുണ്ടെല്ലാക്കും
ജ്യേഷ്ഠനെ മുമ്പിട്ടുചെല്ലും പ്രവാചപ്പെരുമാളുടെ
കോട്ടയ്ക്കകത്തകപ്പെട്ട പൂരുഷന്മാക്കും.

Digitized By Kerala Sahitya Akademi

കേട്ടാലും പുരസ്ത്രീകൾക്കും കരിതുരഗാദികൾക്കും
വാട്ടംവിനാ വസിപ്പാനിപ്പാരിടം പോരാ;
പട്ടിണികൊണ്ടു മെലിഞ്ഞപണ്ഡിതനെ കുശസ്ഥലീ-
പട്ടണംകണ്ടപ്പോഴേ വിശപ്പും ദാഹവും,
പെട്ടന്നകന്നുവെന്നല്ല ഭക്തികൊണ്ടെന്നിയേ പണി-
പ്പെട്ടാലുമൊഴിയാത്ത ഭവാത്തിയും തീൎന്നു.
രാമാനുജാഞ്ചിത രാജധാനിസൽക്കാരിച്ചേകിയ
രോമാഞ്ചക്കുപ്പായമീറനായിച്ചമഞ്ഞു.
സീമാതീതാനന്ദാശ്രുവിൽക്കുളിക്കകൊണ്ടു കുചേല-
ഛോമാതിരിക്കളു ചുമടായിച്ചമഞ്ഞു.
ഭക്തിയായകാററു കൈകണക്കിലേററു പെരുകിയ
ഭാഗ്യപാരാവാരംഗപരമ്പരയാ
ശക്തിയോടുകൂടിവന്നു മാറിമാറിയെടുത്തിട്ടു
ശാൎങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.

കുചേലവൃത്തം വഞ്ചിപ്പാട്ടു്, രാമപുരത്തുവാൎയ്യർ.

——)o(——

## ൩൧. ബുദ്ധഭഗവാന്റെ ഭൂതദയ.

യുവരാജാക്കൾചേൎന്നു മോടിയിൽ നായാട്ടുമ്പോ-
ളവനെക്കാൾ ധൈൎയ്യമാൎന്നോടിച്ചീലശ്വമാരും
കളിച്ചുപോരാട്ടുമ്പോൾ മുററുമുയുവാക്കൾ,തേർ-
തെളിച്ചീടുന്നതിലുമവനെവെന്നീലാരും
എന്നാലുംബാലൻ വേട്ടയാടുമ്പോളുടിക്കടി
നിന്നുപോമോടിപ്പോകുംമൃഗത്തെയെത്തീടാതെ
എന്നല്ലവാതിൽവെന്ന പന്തയംവിട്ടുനില്ക്കും
തന്നുടെയശ്വമോടിത്തളൎന്നു തേങ്ങിയെന്നാൽ,
എന്നുമല്ലിഷ്ടകുമാരന്മാരിലാക്കെങ്കിലും
ഛിന്നതതോൽവികൊണ്ടുകണ്ടാലും മത്സരത്തിൽ
അല്ലെങ്കിൽ ചിന്താശീലനവനുള്ളത്തിൽ സ്വയം
ചല്ലൊരൌൽസുക്യം തോന്നിയാലുമങ്ങനെ നില്ക്കും

Digitized By Kerala Sahitya Akademi

കാലങ്ങൾപോകുന്തോറും പിന്നെയീയനുകമ്പാ-
ശീലവും കുമാരനവദ്ധിച്ചിതുൾത്തടത്തിൽ;
മാലകററുന്നതണ്ണലേകുവാനാദ്യം രണ്ടു-
ലോലപല്ലവംപൂണ്ടു വളരും വൃക്ഷംപോലെ
ഉണ്ണിയാമവനെന്നാൽ ദുഃഖവും വേദനയും
കണ്ണീരുമെന്താണെന്നതറിഞ്ഞീലൊരിക്കലും
മന്നവരൊരുനാളുമറിയപ്പോകാത്തതായ്
മന്നിലുള്ളതിൻേറയോ നാമങ്ങളെന്നല്ലാതെ
അക്കാലമൊരുദിനം നൃപൻെറയുദ്യാനത്തിൽ
പുഷ്കലമായ പുഷ്പകാലത്തിൽ പറന്നെത്തി
ചൊൽക്കൊള്ളും ഹിമാദ്രിതൻനടുവിൽ തങ്ങൾക്കുള്ള
നൽക്കുലായങ്ങൾനോക്കിപ്പോകുമോരന്നക്കൂട്ടം
മഞ്ഞുമൂടിടുമമ്മാമലതൻ തടത്തുടേ-
യഞ്ജസാ പ്രണയരാഗങ്ങളും പാടിപ്പാടി.
രഞ്ജിച്ചുതമ്മിൽ പ്രേമനീതരായ്വെളുത്തേറെ
മഞ്ജിമകാളുന്നോരപ്പക്ഷികൾ പറക്കുമ്പോൾ
സത്വരം നോക്കിവില്ലുകുലച്ചുശരമെയ്താൻ
സിദ്ധാത്ഥപിതൃവ്യനന്ദനനാം ദേവദത്തൻ.
അംബുധി പോലെ നീലവണ്ണമായ് തടവേറെറാ-
രംബരവീഥിതൻെറ നടുവേ ഭയമെന്ന്യേ
അമ്പോടു തൂവലെല്ലാം പരത്തിപ്പറന്നാഞ്ഞു
മുമ്പേപോമന്നത്തിൻെറ ചിറകിന്നേററുമ്പാണം.
വെൺപട്ടുപോലെ ചാരും ചോരയാൽ വെള്ളത്തൂവൽ
സമ്പ്രതി വിവണ്ണമായിത്തറച്ച ക്രൂരമ്പോടും
പാരിലപ്പക്ഷിവീണ തൽക്ഷണം കണ്ടു മന-
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു
കാലിന്മേൽ കാൽ വച്ചിരുന്നങ്കത്തിലണച്ചുടൻ
ചാലവേ മന്ദം തലോടീടിനാൻ ഭയം തീരാൻ;
ചിന്നിയതൂവലുകൾ തടവിയൊതുക്കിനാ-
നന്യൂനമിളകുന്ന നെഞ്ചിടിയടക്കിനാൻ;
പിന്നെ നല്ലിളം വാഴത്തളിരുപോൽ തണുത്തുള്ള
തനുടെ സസ്നേഹമാം കോമളകരാഗ്രത്താൽ

Digitized By Kerala Sahitya Akademi

അതിനെ ലാളിച്ചോട്ടൊട്ടാശ്വാസം നൽകീട്ടവൻ
സദയമിദം കൈയാൽ പക്ഷിയെത്താങ്ങി സ്വയം
അതിതീക്ഷ്ണമാം ശരം മുറിവിൽനിന്നു മെല്ലെ
വ്യഥതോന്നാതെയൂരിയെടുത്തു വലംകൈയാൽ
അതിരോപണമായ മധുവും തണുത്തുള്ള
മൃദുപല്ലവങ്ങളുംവെച്ചു കെട്ടിനാൻക്ഷതം
എങ്കിലും വ്യഥയെന്തെന്നോതുമൊന്നറിയാതെ
ശങ്കതേടീട്ടു ശരാഗ്രംകൊണ്ടു കൈത്തട്ടിന്മേൽ
കൗതുകമാൎന്നു കുട്ടി കുത്തിനോക്കിനാനുട-
നതു നല്കീടും രുജയറിഞ്ഞു പിന്നെയവൻ
ചൊരിഞ്ഞകണ്ണീരൊടും ഹന്ത! പക്ഷിയെ വീണ്ടും
തിരിഞ്ഞു നോക്കിയാശ്വസിപ്പിച്ചാൻ പലവിധം.

ശ്രീബുദ്ധചരിതം, എൻ. കുമാരനാശാൻ

——(o)——

## ൩൨. സൈരന്ധ്രി.

സൈരന്ധ്രിയായ് ദാസികളെന്നപോലെ
പാരം തദാനീം ഗൃഹകൃത്യജാലം;
ഓരോന്നുചെയ്താളവിടത്തിൽ മുന്നം
പാരിന്നു മുഖ്യേശ്വരിയായ കൃഷ്ണാ.

തുടുത്ത നൽത്താമരസത്തിനുള്ളം
മടുത്തകൈകൊണ്ടൊരു ചൂലു കൃഷ്ണാ,
പിടിച്ചനേരത്തതിയോഗ്യമെന്നോ-
ത്തടിച്ചുമട്ടായവിടം സമസ്തം.

മാണിക്യരത്നോപമകാന്തി ചിന്നും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി;
ചേണാൎന്നു ഭംഗ്യാ മെഴുകും ദശായാം
ചാണം പരം കുങ്കുമമായ് ച്ചമഞ്ഞു.

വിളഞ്ഞഭംഗ്യാ കലശങ്ങളേററം
തെളിഞ്ഞുതൻ കൈത്തളിർകൊണ്ടു കൃഷ്ണാ,

Digitized By Kerala Sahitya Akademi

കളങ്കമെന്ന്യേ കലശങ്ങളേന്തി
വിളങ്ങിനാർ വൃക്ഷഗണം നനാസ്ഥാൻ.

എന്നുംനടക്കാത്തൊരു ദിക്കതിൽ താൻ
നിന്നാടൽതേടും ലതകൾക്കശേഷം,
മന്നിൽച്ചരിക്കുന്നൊരു വെള്ളിയായി
മിന്നുന്നപാഞ്ചാലി ജലംകൊടുത്താൾ.

മായംവിനാ നന്ദനനിവ്വിശേഷ-
മായിട്ടു പാഞ്ചാലി വളക്കയാലെ
ന്യായത്തിൽ നൽപ്പൂവനമണ്ടു പാരം
ശ്രീയൊത്തുടൻ നന്ദനതുല്യമായി.

ചൊൽപ്പൊങ്ങിടും പാഷ്ഷതിതൻ കുചത്തിൻ
നൽഭംഗി കാട്ടിക്കളിയാടിയേററം,
പുഷ്പങ്ങൾ തൻഗന്ധരസങ്ങൾതേടി
സൽഭൃംഗപോതാളി മദിച്ചുമോദാൽ.

പുത്തൻമഴക്കാർ കുഴൽദേവി കൃഷ്ണ-
യെത്തുംവിധൌ കോകിലഗാനമോടെ;
അത്യന്തമാൺ മൈലുകളങ്ങുചെയ്താർ
നൃത്തം തദാനത്തകരെന്നപോലെ.

പാരംമരുൽ പ്രേരണയാൽ തരുക്കൾ
ചേരുംവിധൌ പൌരജനങ്ങൾപോലെ,
നേരററിടും പാണ്ഡവപത്നി ചെല്ലു-
ന്നേരം നമിച്ചാർ തലതാഴ്ത്തി നന്നായ്.

പാരാതെ പാഞ്ചാലി പലാശികൾക്കു
നീരങ്ങുനല്കുമ്പൊളുളളി വൃക്ഷങ്ങൾ;
പൂരിച്ചഹംകാരമിഷാൽ സ്തുതിച്ചാർ
പരേഷ്ടദാനേഷു ജനങ്ങൾപോലെ

പഞ്ചാലിയാം ദാസിയൊടൊത്തു രാജ്ഞി
ചാഞ്ചാടി മോദാലെഴുന്നള്ളിടുമ്പോൾ;
പാഞ്ചാലിതാൻ രാജ്ഞി സുദേഷ്ണദാസി
ചാഞ്ചല്യമില്ലെന്നതു പാമരോത്താർ

വീശീടുവാൻ മാരുതജായ കൃഷ്ണ
വീശംമടിക്കാതെ തുടങ്ങിടുമ്പോൾ .

Digitized By Kerala Sahitya Akademi

"കേശാദിപാദാവധി രാജ്ഞി തൻ നൽ-
ക്ലേശം ജവാൽത്തീൎത്തിതു മന്ദവാതം.

ചൊല്ലൊങ്ങിടും ദ്രൌപദി തൊട്ടുകൊണ്ടു
നല്പട്ടുടുപ്പിച്ചിടുമദ്ദശായാം;
ഇപ്പട്ടു നിൎമ്മിച്ചതു കല്ലു കൊണ്ടെ-
ന്നൽഭുതപ്പൂവിലോൎത്താളുടനേ സുദേഷ്ണ.

വെടിപ്പിലാപ്പാൎഷതി നിശ്ചയിച്ചോ-
രുടുപ്പുകൾക്കുള്ളൊരു സമ്പ്രദായം
പഠിപ്പതിന്നായ് വനിതാ ജനങ്ങ-
ളടുത്ത രാജ്യങ്ങളിൽ നിന്നു വന്നാർ.

പാഞ്ചാരവാക്യാഞ്ചിതപുഞ്ചിരിപ്പാ-
ലഞ്ചാതെ കണ്ടിങ്ങനെ സൽഗുണങ്ങൾ
തഞ്ചുന്ന പാഞ്ചാലിയൊടൊത്തിണങ്ങാൻ
നെഞ്ചിൽ ക്കിളിക്കുഞ്ഞുകൾ വാഞ്ഛ പൂണ്ടാർ.

പാണ്ഡവചരിതം, കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

---

## ൩൩. വത്സസ്തേയം.

ഭുക്തിവേലയിൽ ഞങ്ങൾക്കൊക്കവേ കൂടക്കൂടേ
പൈക്കലങ്ങളെക്കാണ്മാനാകുന്നവണ്ണംതന്നെ
നിൎത്തിവെച്ചുണ്ണുന്നേരം കണ്ടുകണ്ടിരുന്നതു
തത്ര തൽക്ഷണേ കണ്ടീലെന്തതെന്നറിയാഞ്ഞു
ചിത്തവിഭ്രമം കലൎന്നാശ്ചൎയ്യം ബദ്ധപ്പെട്ടു
വിദ്രുതമൊട്ടൊട്ടുണ്ടു സാദരം നോക്കീടുവാൻ
വത്സപകുലം പായുന്നേരമങ്ങതു കണ്ടു
ഭക്തവത്സലൻ ചിരിച്ചവരോടരുൾ ചെയ്തു:—
"നിങ്ങളെന്തേവം ഭ്രമിച്ചീടുവാനെല്ലാവരും
ഇങ്ങനെ ശുണ്ണം പുല്ലുള്ളേടം കണ്ടങ്ങിങ്ങോടും
ചെന്നകപ്പെട്ടാർ പശുവൃന്ദങ്ങളൂണിന്നു നാം
അന്നമുള്ളേടം തിരഞ്ഞിങ്ങു വന്നതു പോലെ.

Digitized By Kerala Sahitya Akademi

ചെന്നത്തു തിരിഞ്ഞു കണ്ടിങ്ങു ഞാൻ വന്നീടുവെൻ
ഇന്നിലം തന്നിൽ നിങ്ങളേതുമൊന്നലസാതെ
മുന്നതിലേററം സുഖമായുടനുണ്ടീടുവിൻ.”
എന്നെല്ലാമരുൾ ചെയ്തു സമ്മോദം വളൎത്തവർ
നമ്മെയങ്ങിരുത്തി വച്ചംബുജവിലോചനൻ
ചെമ്മേ താനുണ്ടങ്ങിരുന്നോരു ചോറിടം കൈയിൽ
വച്ചിരുന്നതുമെടുത്തുണ്ടുണ്ടു കറികളും
ഇച്ഛയാംവണ്ണം കൂട്ടിക്കൊണ്ടു ചെന്നടവിയിൽ
പുക്കു നോക്കീടുമ്പൊഴുതെങ്ങുമേ കണ്ടീലല്ലോ.
പൈക്കലങ്ങളെയടുത്തൊച്ചയും കേട്ടീലെങ്ങും
കഷ്ടമിങ്ങണയത്തു നിന്നു മേഞ്ഞിരുന്ന പൈ-
ക്കുട്ടികളകന്നു പൊയ്പ്പോവതിനെന്തെന്തൊരു-
'കാരണമെന്നുള്ളതെന്നോൎത്തുടൻ വൃന്ദാവനേ
കാരണപൂരുഷനന്വേഷിച്ചു, പരിചെഴും
ഗോവൎദ്ധനാഖ്യാചലത്തിൻ മുകൾപ്പരപ്പേറി;
ഗോവൃന്ദം മേഞ്ഞു കഴിഞ്ഞിറങ്ങിപ്പോയീലല്ലി
ഘോരമാം കൊടുങ്കാററിലെന്നതോൎത്തവിടെയും
പാരാതെ നടന്നന്വേഷിച്ചുടൻ കാണാഞ്ഞിങ്ങു
ബാലന്മാരുണ്മാനിരുന്നേടത്തും കണ്ടീലല്ലീ
കാലികൾ തമ്മെപ്പുനരെന്നോൎത്തു വിരവോടെ
സാദരമവിടെപ്പോയ് ചെന്നു നോക്കീടുന്നേരം
ഓദനാദികളേയും കണ്ടതില്ലെങ്ങും തത്ര
'കാനനംതോറും പശുവൃന്ദങ്ങളന്വേഷിപ്പാൻ
ആനായബാലന്മാർ പോയാരെന്നു നിനച്ചുടൻ
താനവരുടെ നാമധേയങ്ങൾ നീളെച്ചൊല്ലി
സ്സാനന്ദം വിളിച്ചുകൊണ്ടീടിനാൻ പലേടത്തും,
വേദങ്ങളോതിത്തിരഞ്ഞാദരാൽ കാണാതൊരു
പാദപങ്കജങ്ങളിക്കല്ലിലും മലയിലും
പാരിച്ച പടലിലും മുള്ളിലും നടന്നിടർ
പൂരിച്ചുവശംകെട്ടു മാഴ്കിപ്പോകയില്ലല്ലീ?
ബാലഗോജാലങ്ങളെ വേർപെട്ടുപോന്നേനെന്നാ-
ങ്ങാലയേ ചെന്നാനമ്മ കോൽകൊണ്ടു തല്ലീലല്ലീ?

Digitized By Kerala Sahitya Akademi

പാൽവെണ്ണ നിത്യം നുകൎന്നാനന്ദിച്ചീടുമന്നി-
ക്കാർവൎണ്ണനിവയില്ലാഞ്ഞാതങ്കം വായ്ക്കയാലെ
കായവും തപിച്ചുരു വ്യാധികൾ പിടിപെട്ടു
പേയായിച്ചമഞ്ഞു പോകില്ലല്ലീ വിശേഷിച്ചും.
കോമളൻതനിക്കുയിരാകിയ ചങ്ങാതികൾ
യാമിനികളിലുറങ്ങുമ്പോഴും പിരിയാതെ
കൂടിനില്പവരോടു വേർപിരിഞ്ഞേഴൽപ്പെട്ടു
ചൂടുള്ളിൽ മുഴുത്തുയിർ വേർപെട്ടു പോകല്ലല്ലീ?
ധാതാവേ! ചെറിയൊരു ബാലനോടിതു ഭവാൻ
നീതിയല്ലല്ലോ ചെയ്യതെന്നെല്ലാമമരകൾ
മാനസങ്ങളും ഭ്രമിച്ചാവോളമപേക്ഷിച്ചു
മാനങ്ങൾ തോറും പരിദീനരായ് നില്ക്കുകണ്ടു.

ഭാഗവതം കിളിപ്പാട്ട്. എഴുത്തച്ഛൻ

---

## ൩൬. മനസ്വി.

തന്നുടെ ജഠരത്തെപ്പൂരിക്കേവേണ്ടുവെങ്കി-
ലന്ന്യവസ്തുക്കൾ പലതുണ്ടല്ലോയെളുപ്പത്തിൽ;
യാതൊരു പുമാനിഹ ജീവിച്ചു വസിക്കുമ്പോൾ
ആതുരന്മാരാം ബഹുജന്തുക്കൾ ജീവിക്കുന്നു,
അപ്പുമാനത്രേ ഭൂമൌ കേവലം ജീവിക്കുന്നു,
സൽപ്പുമാനവൻതന്നെ സാധുതാനവൻതന്നെ.
തക്കത്തിൽതൻെറ ഭുക്തി മാത്രമേ വേണ്ടുവെങ്കിൽ
പക്കത്തിൽ ചോറുംമിന്നു കോയിക്കൽപാർക്കേണമോ?
പൊക്കത്തിൽപറക്കുന്ന പരുന്തും കിളികളും
ഒക്കവേ തന്നെത്തന്നേ പോററിരക്ഷിക്കുന്നില്ലേ?
അക്കണക്കുള്ള ജനം ചത്താലും ജീവിച്ചാലും
മിക്കതുമന്വേഷണമാക്കാനുമുണ്ടോ ജ്യേഷ്ഠ!
ഒക്കവേ നിരൂപിച്ചാൽ ഭൂപതിസേവകൊണ്ടു
തൽകുലത്രാണംതന്നെ സാദ്ധ്യമെന്നറിഞ്ഞാലും.

Digitized By Kerala Sahitya Akademi

തന്നുടെ ബലത്തിനും പൌരുഷത്തിനും താഴ്ച
വന്നുപോകാതെ തന്നെ വല്ലതും സാധിക്കണം;
ഭുക്തിമാത്രമേയല്ല മാനികൾക്കഭിപ്രായം
ശക്തികാട്ടേണമെന്നേയേവക്കും തൃപ്തിയുള്ളൂ.
ഗോക്കടെ ശവം തിന്നാനാഗ്രഹിച്ചിട്ടുകൂന്ന
ശ്വാക്കളും തമ്മിൽ തമ്മിൽ കുരച്ചും കലഹിച്ചും,
തരിമ്പു മാംസമില്ല ഞരമ്പുമില്ല നല്ലൊ-
രിരുമ്പുകണ്ടംപോലുള്ള സ്ഥിമേൽ പിടിപെട്ടു,
കരിമ്പിൻചണ്ടിപോലെ കടിച്ചും കൊന്നും തമ്മി-
ലിരമ്പിഘോഷിക്കെന്ന്യേ കുക്ഷിപൂരണം നാസ്തി.
തനിച്ചു സിംഹങ്ങൾക്കു തന്നുടെ മുമ്പിൽവരും
തടിച്ചക്രോഷ്ടാക്കളെ വധിപ്പാൻ മോഹമില്ല;
മദിച്ചു കൊലയാനക്കൊമ്പനോടമർചെയ്തു
നദിച്ചു കടുംചോര കുടിച്ചേ തൃപ്തിയുള്ളൂ.
എന്നതുകൊണ്ടുചൊന്നേൻ തന്നുടെബലം കാട്ടാ-
തന്യമാകുന്നോരന്നം ഭക്ഷിപ്പാൻ ചിതംപോരാ;
പട്ടിക്കണ്ടുരുളയുംകൊണ്ടു ചെല്ലുമ്പോളവൻ
കാട്ടുന്ന ഗോഷ്ടികണ്ടാലെത്രയും ചിരിയാകും;
വട്ടത്തിലോട്ടംപിന്നെ വാലങ്ങു വിറപ്പിക്കും
മുട്ടുകൾ കുത്തിക്കനിഞ്ഞുഴിയിൽ പററത്താഴും;
പെട്ടെന്നു ദാതാവിൻെറ വക്ത്രവുമുദരവു-
മൊട്ടൊട്ടു നോക്കിച്ചില ശബ്ദങ്ങൾ പുറപ്പെടീ-
ച്ചിങ്ങനെ വികൃതികൾ കാട്ടാതെ ഭക്ഷിപ്പാൻതൻ
ചങ്ങാതിക്കൊരുനാളും സംഗതിവരത്തില്ല.
കുംഭിരാജന്നു തിന്മാൻ വാഴ്ക്കുലും കൊട്ടത്തെന്നാൽ
സംഭ്രമംകൂടാതവൻ മേടിച്ചു ഭക്ഷിച്ചീടും;
ഗംഭീരവിലോകനഭാവവും ഭയങ്കരം
വമ്പനാം പുരുഷൻെറ ഭാവമിങ്ങനെ വേണ്ടു.
തന്നുടെവിദ്യകൊണ്ടും തന്നുടെ ശൌര്യംകൊണ്ടും
തന്നുദരത്തെപ്പൂരിക്കുന്നവൻ മഹാധന്യൻ.
ശ്വാവിനെപ്പോലെ കിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ
കേവലം ക്രിമിപ്രായനെന്നതേ ചൊൽവാനുള്ളൂ.

വിക്രമംകൊണ്ടും വിജ്ഞാനാദികൾകൊണ്ടും പത്തു
ദിക്കുകൾ വെളുപ്പിക്കും കീൎത്തിധാവള്യത്തോടെ,
യാതൊരുപുമാൻ മഹാമാനിയായ് ജീവിക്കുന്നു
നീതിമാനവൻ ജീവജ്ജീവനെന്നുരചെയ്യാം.
മററുള്ള മഹാമൂഢൻ കൊററിന്നുമാത്രം കൊള്ളാം
മുററുമീഗ്ഗുണമൊന്നും പററാതെ ജീവിക്കുന്നോൻ,
പെററമാതാവിനുള്ള യൌവനമാകും വൃക്ഷം
പററക്ഖണ്ഡിപ്പാനൊരു കോടാലിതന്നെയവൻ.
ആരാനും ബലിയിട്ടു കൈകൊട്ടു കേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നങ്ങു പിണ്ഡംകൊത്തി-
ത്തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു.
എന്നതുപോലെ മഹാമന്ദനും ജീവിക്കുന്നു.
സ്വല്പബുദ്ധിയായുള്ള മാനുഷൻ മഹാദീനൻ
സ്വല്പലാഭത്തെക്കൊണ്ടു തൽക്ഷണം പ്രസാദിക്കും;
അല്പമാം ജലാധാരം പൂരിപ്പാൻ മഴത്തുള്ളി
സ്വല്പമുണ്ടായാൽ പോരുമായതു നിറഞ്ഞീടും.
മൂഷികൻതന്റെ കൊച്ചുകൈരണ്ടും ജലംകൊണ്ടു
തൃഷിതമാക്കീടുവാനെത്ര പാനീയം വേണം?
കൃത്യവുമകൃത്യവും ധൎമ്മവുമധൎമ്മവും
നിത്യവുമനിത്യവും സത്യവുമസത്യവും,
ഇത്ഥമുള്ളതിലൊന്നും ചെറുമേ ഗ്രഹിക്കാത്ത
മൎത്ത്യനും പശുക്കളുമേതുമേ ഭേദം നാസ്തി.

പഞ്ചതന്ത്രം, കുഞ്ചൻനമ്പ്യാർ.

---

## ൩൫. കാശ്യപാശ്രമത്തിലെ പ്രഭാതം.

പുതുമയൊടിടചേൎന്ന ചെമ്പരത്തി-
പ്പൂതുമലർമാല വിടൎന്നുനിന്നപോലെ;
പൊതുവിലൊരുതുടുപ്പു പൂൎവദിക്കിൽ-
ക്കുതുകമണച്ചു പുലൎച്ചയിൽ ജ്വലിച്ചു.

Digitized By Kerala Sahitya Akademi

കതിരവനുടെ തേർ വലിച്ചു പായും
കുതിരകൾ ചെന്നുദയാദ്രി കേറിടുമ്പോൾ;
അതിരസമുതിന്ന കാവിമണ്ണിൻ
തതിപതറിഗ്ഗമനം ചുകന്നതാവാം.

സ്ഫുടമതു പൊഴുതാഹിമാചലത്തിൻ
തടനികടത്തിൽ നിറഞ്ഞ ശാന്തഭാവം;
ഉടനുടയമൊരൊച്ച പൂണ്ടുകാണാ-
നടജഗണങ്ങളിണങ്ങുമാഭയോടും.

പരിമൃദുപവനൻ പരം പരത്തും
പരിമളധോരണിയാന്ന പാരിലപ്പോൾ;
പരിചിയലിനകാശ്യപാശ്രമത്തിൻ-
പരിസരമത്ഭുതരൂപമായിരുന്നു.

ചിലകിളികൾ ചിലച്ചിരിക്കവേ പ-
ച്ചിലകളിളംകുളിർകാററടിച്ചിളക്കി;
മലർമണവുമണഞ്ഞു മഞ്ഞുതുകും
മലകളിൽ മഞ്ജുളകാന്തിയും വളന്നു.

ക്ഷിതിരുഹനികരങ്ങളും കിളിക്കും
കതിരവകാന്തികളിൽക്കളിച്ചു പിന്നെ;
ശ്രുതികളുരുവിടാൻ തുടങ്ങിയെന്നോ-
യതികൾ കണക്കു കിളി സ്വനങ്ങളാലേ.

അരുവികളിലണഞ്ഞഹോ കുളിച്ചു-
ങ്ങുരുതരഭക്തി കലന്നു താപസന്മാർ;
തെരുതെരെ മധുരസ്വരത്തിലോത്ത-
നുരുവിട്ടുമൊച്ചയുമുച്ചയിച്ചിടുന്നു.

കുളിയിലുഴറിടുന്ന താപസപ്പെൺ-
കിളിമൊഴിമാരുടെയോമനക്കിടാങ്ങൾ;
കളികളിലിളകി പ്പുളച്ചു പായും
പുളിനമെഴും പുഴയും വിളങ്ങിടുന്നു.

പുലരുമളവു പൂർവ്വദിങ്മുഖം തു-
മലർമണവായുവണച്ചതേററ നേരം;
അലസതയകലെക്കളഞ്ഞുണന്നു
വിലസിന പുഷ്പിതബാലവല്ലിയെല്ലാം.

Digitized By Kerala Sahitya Akademi

പരിലസിതഫലൃതാക്ഷതാദി തൂകും
പരിമള മേന്തിന ഹോമധൂമജാലം;
പരിചൊടു നിറഭേദമേകിടുന്നു
പരിമൃദുപല്ലവതല്ലജങ്ങൾ തോറും.

അണി വണിയണിയായ്ക്കിടന്നുറങ്ങും
മണിമൃദുമെയ്യുകൾ തയ്യൽ മാൻകുലങ്ങൾ;
കിണികിണിമധുരസ്വനങ്ങൾ പൂങ്കാ-
മണികളുതിർത്തുളവുല്ലസിച്ചുണർന്നു.

കതിരവ കിരണങ്ങളിൽ തിളങ്ങും
കതിരിയലും വരിനെല്ക്കുലങ്ങളോടും;
എതിരെയതിരുവിട്ട കാന്തിപൂണ്ടി-
സ്ഥിതിയിലമർന്നിതു കാശ്യപാശ്രമാന്തം.

കററിപ്പുറത്തു കേശവൻനായർ.

---

## ൩൯. മഹിഷമർദ്ദനം.

കടുദംഷ്ട്ര കടിച്ചുകൊണ്ടിടയ്ക്കിടയ്ക്കിടിനാദ-
മിടയും മട്ടലറിബ്ഭ്രു വിളങ്ങി ദേവി
വടിവോടത്രിമൂർത്തികൾക്കടിമയായടികുമ്പി
ട്ടുടനടി നടന്നുഞാണൊലി മുഴക്കി
ഉലകുകൾ നിറഞ്ഞു ഞാണോശയുമട്ടഹാസവും,
മലകളുമവനിയും കുലുങ്ങിയപ്പോൾ
ജലധികളേഴുമൊപ്പം കലങ്ങിപ്പോയ് ചരാചരം
നിലതെററിത്തല ചുററിപ്പുകച്ചു പാരം
ഇടികേൾക്കും സിംഹദംഷ്ട്രം കടിച്ചുടൻ സടകുർമ്മി-
ച്ചെടുത്തു ചാടിടുംപടികടുമദത്താൽ
ഉടനേയാഘോഷം കേൾക്കനിടം നോക്കിപ്പട കൂട്ടീ-
ട്ടടരെങ്കിലടരെന്നു മഹിഷൻ പറഞ്ഞു.
ഓടിയങ്ങോട്ടടുത്തപ്പോൾ കോടിസൂര്യനിടചേർന്നു
ധാടി തേടുമുടലാർന്ന ദേവിയെക്കണ്ടു.
മുടികൊണ്ടാമുകിലാട്ടീട്ടടിക്കടി യൂഴിതാഴും-
പടിവരും വരവുകണ്ടവൻ നടുങ്ങീ.

Digitized By Kerala Sahitya Akademi

പരസ്പരമെരികനലെഴിയുന്നകണ്ണൊരുട്ടി-
ട്ടിരുവരും കണ്ടു കരം തിരുമ്മിക്കൊണ്ട്
പരമീറ പൂണ്ടു ദംഷ്ട്രയിറുക്കിയൊന്നലറിനാർ,
പെരുമ്പോരിന്നൊരുമ്പെട്ടാർ കരം കുടഞ്ഞാർ.
വില്ലുമമ്പും ശരീരത്തിലെല്ലുമെല്ലാം തകന്നേററ-
മല്ലലാന്നു പകച്ചോട്ടം പെരുമ്പടയിൽ.
മല്ലടിപ്പാൻ വാളുമോങ്ങിത്തെല്ലു മന്ദസ്മിതം ചെയ്തു
നില്ലുനില്ലെന്നുരച്ചോടിക്കടന്നു കൂടി
കേളിയാട്ടം കിടാങ്ങളുാത്താളു വെട്ടിത്തള്ളുംപോലെ
വാളിളക്കി വെട്ടിവെട്ടിപ്പടയൊടുക്കി.
ആളുതോറുമോരോ ദേവിവാളുമായിട്ടടുത്തെത്തി-
ത്താളമൊക്കെ പിഴപ്പിച്ചു തകത്തു സൈന്യം.
പടയുടെ നടുവിലപ്പുട്ടവഃായ മൃഗരാജൻ
കടന്നുടൻ കടുകോപാൽ കലമ്പൽ കൂട്ടി
കൊടുങ്കാട്ടിലഗ്നി വന്നു പിടികൂടിയതുപോലെ
പൊടിഭസ്മം ശിവ ശിവ! മഹിഷസൈന്യം.
അതുനേരം ചോരപ്പുഴയതിരില്ലാതൊഴുകീട്ടി-
ക്ഷിതിമുക്കിത്തരുജാലം പുഴക്കിവീഴ്ത്തി.
കുതിരകളാനക്കൂട്ടം ദിതിജരെന്നിവ ചത്തി-
ട്ടതിൽ കൂടിയൊലിച്ചതും കുറച്ചുപോരാ;
ഇരുപേരും പിന്നെവാളും പരിചയുമെടുത്തേററ-
മുരത്തരം പൊരുതിനാർ കുറച്ചുനേരം.
ഒരു ലേശമൊഴിക്കാതെ പൊരുതുമ്പോൾ ഭഗവതി
പരിചയും വാളും വെട്ടിയറുത്തു വീഴ്ത്തി.
മരം പറിച്ചിലയൂരിത്തരംനോക്കീട്ടിടിക്കവാൻ
ചെറുത്തവനിരച്ചു പാഞ്ഞെടുത്തീടുമ്പോൾ
സുരവരന്മാരും വയർതിരുമ്മിക്കൊണ്ടയ്യോയെന്നു
പറഞ്ഞുപോയ് പരസ്പരം പരുങ്ങിനോക്കി
അടിയങ്ങോട്ടടുത്തിട്ടാത്തടി തട്ടിപ്പറിച്ചുട-
നടിച്ചിതു ദേവിയതു തടുത്തു ദൈത്യൻ.
അടത്തിനാൻ മല ദേവി പൊടിച്ചിതു മണ്ണിൻകട്ട
കിടാങ്ങളിട്ടടച്ചീടുംപടി ഝടിതി.

Digitized By Kerala Sahitya Akademi

പരുങ്ങീടാതവൻ മുഷ്ടിചുരുട്ടിക്കൊണ്ടെതിരിടാ-
നൊരുമ്പെട്ടാൻ ഭഗവതിയൊഴിച്ചിടാതെ
ഇരുപേരും ചൊടിച്ചും കൊണ്ടിടഞ്ഞിനാർ; മുഷ്ടിയുദ്ധം
കുറേനേരം കഴിഞ്ഞപ്പോൾ കുഴങ്ങി ദൈത്യൻ.
തരംനോക്കിക്കൊണ്ടു ദേവി കരം കൊണ്ടു കാലുവാരി
ത്തിരിച്ചിട്ടു മഹിഷനെത്തല കീഴ്പുറവും;
ഒരു പടി തിരിച്ചിട്ടാഭരണിയിൽ വലിച്ചെറി-
ഞ്ഞരംശൂലം കൊണ്ടു കുത്തിക്കഴുത്തിൽ ദേവി.
പിടിച്ചിട്ടു കൈയും കാലും കടിച്ചിതു ദംഷ്ട്രതാടി
കിടുകിടെത്തെറിച്ചു കൺതുറിച്ചു ദൈത്യൻ;
അടിതൊട്ടു മുടിയോളം തിരുവുടൽകണ്ടും കൊണ്ട-
ന്നടഞ്ഞിതു പരംപദം പരം പവിത്രം.

മഹിഷമർദ്ദനം വഞ്ചിപ്പാട്ട്, — നടുവത്തു മഹൻ നമ്പൂതിരി

---

## ൩൭. കുചേലന്റെ ഭാഗ്യം.

ഉഷസ്സതിന്നു പാർത്തിരുന്നു നീരുമുങ്ങി സന്ധ്യയും
കഴിച്ചുനൽത്രിപുണ്ഡ്രവും കഴിച്ചിരുന്നു ഭൂസുരൻ
കഴൽക്കു കൈവണങ്ങിനാൻ യദുപ്രവീരനെപ്പൊഴും
മുഴുത്തഭക്തിപൂണ്ടുടൻ മുകുന്ദ! രാമപാഹിമാം. ൧

നമശ്ശിവായ പോയ്വരട്ടെയെന്നു ഭൂസുരൻ മുദാ
സമസ്തലോകനാഥനോടു യാത്രചൊല്ലിനില്ക്കവേ
രമാവരൻ തഥാനുയാതനായുടൻ തഥാസ്തു തേ
നമോസ്തുവെന്നയച്ചു യാത്ര രാമ! രാമ! പാഹിമാം. ൨

പറഞ്ഞവന്നമല്ലയോ ധനം തരാഞ്ഞതെന്തുവാൻ
മറന്നുപോകയല്ലയല്ലിയെന്നതോർത്തു പിന്നെയും
മറിഞ്ഞുനോക്കിനോക്കി യാത്ര ഭൂമിദേവനങ്ങുപോയ്
മറഞ്ഞു കൂട്ടവോളവും മുരാരി രാമ! പാഹിമാം. ൩

വഴിക്കു നീളെയിങ്ങനെ നിനച്ചു സാധുചേതസാ
പിഴച്ചതില്ല രണ്ടു ജാതിയും മുകുന്ദദർശനം;
പഴിക്കുമെന്നെയങ്ങു പത്നി ജാതഖേദമെന്നതേ
പിഴച്ചതുള്ളു പാക്കിലിന്നു രാമ! രാമ! പാഹിമാം. ൪

Digitized By Kerala Sahitya Akademi

മനസ്സുകേട്ട കിഞ്ചിലില്ല മാപരിക്ക നിർണ്ണയം
ധനം മുഴുക്കിൽ ഞാനഹംകരിച്ചു തന്നെയെ രമേ,
നിനച്ചുയില്ല പിന്നെയെന്നുറച്ചു മല്ലവൈരിതാ-
നനുഗ്രഹിക്ക ചെയ്യതിന്നു രാമ! രാമ! പാഹിമാം ൭

പുരന്ദരൻ പുരത്തിനും വിരുന്നിനിത്ര വെണ്മയി-
ല്ലുരക്ഷണം പിരിഞ്ഞതില്ല ചെന്നു പോരുവോളവും
മുരാരി മാം പുണർന്നു ഹന്ത! കണ്ടുകൊണ്ട നേരമേ
നിരപ്പുകേട്ട ചേരുമോ മുകുന്ദ! രാമ! പാഹിമാം. ൮

വെറുപ്പെനിക്ക മററുമൊന്നുമേതുമില്ല മാനസേ
നറുങ്ങുഖേദമുണ്ടുതാനുമില്ലതാനുമെങ്കിലും
പറഞ്ഞവണ്ണമെന്നതോർത്തു പാർത്തിരുന്ന പത്നിയാൾ
കുറുക്കന്യൂനിരിക്കുമങ്ങു രാമ! രാമ! പാഹിമാം. ൯

മനക്കുരുന്നിലിങ്ങനെ നിനച്ചു പോയനേരമേ
മണത്ത പൂമരങ്ങൾ കണ്ടു ഹേമസൌധശൃംഗവും
കനത്തരത്നതോരണങ്ങൾ നാലുഗോപുരങ്ങളും
കിനാവുകണ്ട പോലയങ്ങു രാമ! രാമ! പാഹിമാം. ൰

വിമാനമാനയാദിയായയാനസാധനങ്ങളും
കുമാരിമാർ നിരക്കനില്ക്കുമാറുനിഷ്കകണ്ണിമാർ
അമേയകാന്തി പൂണ്ടു കാന്തരോടു ചേർന്നുവന്നുടൻ
സമന്ദഹാസവിഭ്രമം മുകുന്ദ! രാമ! പാഹിമാം. ൰൧

ഇടയ്ക്കുമദ്ദളങ്ങളിത്തരങ്ങൾ പൊട്ടുമാറുപ-
ന്തടിക്കുമാറുനാടകം നടിക്കുമാറു നിത്ദരം
തടില്ലതാംഗിമാർകൾ ചിന്തുപാടിയാട്ടമാറുമ-
ങ്ങൊട്ടുക്കമില്ലയാതകാഴ്ച രാമ! രാമ! പാഹിമാം. ൰൨

രമാസമാനയായ് ചമഞ്ഞെഭാര്യയാളിരുന്നു പോയ്
ഭ്രമിച്ചു പിന്നെയും മുകുന്ദമന്ദിരത്തിലായിതോ
നമശ്ശിവായ സർവ്വലോകനായകന്റെ മായമോ
നിമിത്തമെന്തിതിന്നു ഹന്ത! രാമ! രാമ! പാഹിമാം. ൰൩

ഉഴക്കനെല്ലിടിച്ചു കാഴ്ചവെച്ചു കണ്ടതിൻഫലം
പിഴച്ചു കാററടിച്ചു വന്നടുത്ത കപ്പൽപോലെയും
മുഴുത്തകാററെടുത്തു വന്ന പെയ്തമാരി പോലെയും
പൊഴിഞ്ഞിതന്നു ഭൂതിയും മുകുന്ദ! രാമ! പാഹിമാം. ൰൪

Digitized By Kerala Sahitya Akademi

നിറഞ്ഞൊരോരൊ കൌശലങ്ങൾനോക്കിനോക്കിനില്ക്കവേ
നിറകുടം സുവൎണ്ണദീപതാലതണ്ഡുലാദിയും
ധരിച്ചു കൊണ്ടെതിൎത്തു വന്നബന്ധു വൃന്ദമാദരാൽ
നിറച്ചുവച്ചുവീശിനാർ മുകുന്ദ! രാമ! പാഹിമാം. ൧൩

അരക്ഷണം മറന്നിടാതെ ഭക്തിപൂണ്ടു കൃഷ്ണനെ
സ്മരിക്കപാൎക്കിൽ നല്ലതെന്നറിഞ്ഞു കൊൾവിനേവരും;
ദരിദ്രനായൊരാക്കുചേലനിങ്ങനേ ഭവിക്കുമെ-
ന്നൊരുത്തരോൎത്തിരുന്നതോ? മുകുന്ദ! രാമ! പാഹിമാം.

കുചേലവൃത്തം പാട്ട് — അജ്ഞാതനാമാ.

## ൩൮. തത്വവിചാരം.

സുരഭിലസുമശയ്യയിൽസ്സുഖിപ്പാൻ
സുകൃതമെഴും സുകുമാരനിക്കുമാരൻ;
ഇതുവിധമിവനെക്കിടപ്പതോൎത്താൽ
വിധിഗതിവിസ്മയനീയമേവ നൂനം.

ചരമഗതിയിതീ നമുക്കുമെല്ലോ-
ളെതുവിധമേതൊരു ദിക്കിലെന്നിതൊന്നും;
അരുതരുതറിവാനതോൎത്തു പാരം
കരുതൽകലൎന്നു നടക്കതാൻ പ്രമാണം.

ക്ഷണികതയുമനേക മട്ടിലെത്തും
പിണികളുമൊന്നു മതിന്നു ചിന്തചെയ്താൽ,
മനുജനുടെ ജീവിതത്തിനല്ലോ
രനുപമശോച്യത നല്ലപോലെ കാണാം.

ശിശുത[illegible]ന്നും [illegible]
ചെ[illegible]റൊ! ക[illegible]തെ[illegible]ിൽ
കനി[illegible]ിന ധാത്രിതൻെറ താരാ-
ട്ടുന[illegible] കഴിച്ചിട്ടുന്ന കാലം.

Digitized By Kerala Sahitya Akademi

പുനരൊരു ഗുരുവിന്റെ ഗേഹമാകും
തടവിലണഞ്ഞു തദീയഭൃത്യനായി
പലതൊഴിലുകളോടു കൂടി വിദ്യാ
പഠനസമാകുലനായ് വസിച്ചിടുന്നു.

അഥ, കമനിയൊരുത്തിയെ ഗ്രഹിച്ചി-
ട്ടവളിലെഴും പ്രിയതയ്ക്കധീനനായി
അവളുടെഅഭിലാഷപൂരണത്തി-
ന്നനവരതം വിവിധം വലഞ്ഞിടുന്നു.

തരുണതയിലെഴുന്ന ദേഹകാന്തി-
ത്തിരൾമതടിൽസമമെന്നു തേറിടാതെ
ചപലതപലതാന്നു ശോച്യമാകും
നില പകരുന്നിതപകടമായ ചിത്തം.

തനയരഥ ജനിക്കവേയമേയം
പ്രണയമിയന്നു തദീയ പോഷണാൎത്ഥം
അനുപദമസമാഹിതത്വമുൾക്കൊ-
ണ്ടനവധി ഹന്ത! സഹിച്ചിടുന്നു ഖേദം.

ഉലകിൽ നിരഭിസന്ധിയായ ഹാർദ്ദം
സുവിരളമെന്നുമനേക സംഭവത്താൽ
അവനവനുടെ മിത്രമായതെല്ലാ-
മവനവനെന്നുമവൻ ഗ്രഹിച്ചിടുന്നു.

അഹമഹമികപൂണ്ടു ചിന്തയോരോ-
ന്നനിശമണഞ്ഞു ബലാൽ മനസ്സിനേയും;
അഥ ബത! ജരതൻ വികാരമോരോ-
ന്നുടലിനെയും ശിഥിലീകരിച്ചിടുന്നു.

ചരമസമയമാം മഹാന്ധകൂപം
ക്ഷണമനുപാതമടുത്തുകൊണ്ടിരിക്കേ,
അവനതിനെയകററിടുന്നതിന്നാ-
യനവരതം പണി ഹന്ത! ചെയ്തിടുന്നു.

'ഇതുവരെയനുഭൂതമായ നാനാ
സുഖമൊരു തൃപ്തിയുമേകിടുന്നതില്ല;
ഇനിയതുവരുവാനുമില്ല കെല്പ്-
ന്നവനനുതാപമിയന്നിടുന്നു ഗാഢം.

Digitized By Kerala Sahitya Akademi

'ഈഹ മതിയിലുദിച്ച ബോധമോടൊ-
ത്തിനിയുമൊരിക്കൽ നവീനയൌവനത്തിൽ.
തിരിയെയണയുമെങ്കിലെത്ര നന്നെ-
ന്നരിയൊരു ചിന്തയവന്നുദിച്ചിടുന്നു.

ഉടലിനു സുഭഗത്വവും കരുത്തും
ദൃഢമുളവാക്കുവതിന്നു വേണ്ടി നിത്യം;
അവനിഹ തുടരുന്ന സാഹസം ക-
ണ്ടഥ, ജരയും മൃതിയും ഹസിച്ചിടുന്നു.

പടുതയുടയൊരാമയങ്ങളാകും
പടകളൊടൊത്തു ജരാഖ്യയാം പിശാചി
അടവിനൊടുടലാക്രമിച്ചു പിന്നെ
സ്ഫുടതരമാർത്തി വളർത്തി വാണിടുന്നു.

ഒടുവിലപ്പടുവായ് നിരാശരായോ-
രുടയവർ തൻ ചുടുകണ്ണുനീരുകണ്ടും
കടുതര കദനം കലർന്നുകൊണ്ടും
തടിയൊടു തുല്യമവൻ കിടന്നിടുന്നു.

'പെരിയരുജയിതൊന്നു മാറി തോന്നി-
ങ്ങൊരു കുറികൂടിയെണീറ്റു മുൻപിലെപ്പോൽ,
മരുവിയഥ മരിക്കിലല്ലലില്ലെ-
ന്നരിമയൊടപ്പുളവൻ നിനച്ചിടുന്നു.

തനതു തനയദാരഗേഹവസ്തു-
പ്രകരവിയോഗവിചാരദഗ്ദ്ധചിത്തൻ,
അവനഴലൊടു ഭൂതപഞ്ചകത്തി-
ന്നുടൽ വിധിപോലെ പകുത്തുനല്കിടുന്നു.

ഇഹ നിജതനുവാൽ ഗ്രഹിച്ച സമ്പ-
ത്തപരരൊടുപ്പതിലാത്തനാമവൻ താൻ,
അഥ നിജതനുതന്നെ പങ്കുവച്ചി-
ട്ടപരവശംവദമാക്കിടുന്നു ചിത്രം.

ഇതിനിഹ വിപരീതവൃത്തിയാലും
കൃതികൾ നിനയ്ക്കിലതീവ ദുർല്ലഭന്മാർ,
ചിലരിവനു സമം യദൃച്ഛയാലു-
ളളപമൃതിയാലുമപേതരായിടുന്നു.

കേശവീയം,

കെ. സി. കേശവപിള്ള.

Digitized By Kerala Sahitya Akademi

## ൩൯. ഭാരതമാതാവിനോട്.

ഹന്തഹാ! തിരുമുഖം താഴ്ത്തിക്കൊണ്ടിരിക്കുന്നു;
നിൻതിരുവടിയമ്മേ, നിഭൃതം കരകയോ?
മാലിയന്നനേകമാപത്തുകൾ പലനാളായ്
ശ്ശീലിച്ചു ഭവതിക്കും കണ്ണുനീർ പൊഴിയുന്നോ!
അഥവാ—സ്വദുഃഖത്തിൽ പാറയാനാലും, പര-
വ്യഥയിൽ നറുംവെണ്ണതാനല്ലോ തവ ചിത്തം
ഞങ്ങളിത്തുമ്പത്തഴമ്പുയന്ന കർണ്ണങ്ങൾകൊ-
ണ്ടെങ്ങനേ തുടയ്ക്കേണ്ടു കോമളം തവ മുഖം
ഇന്നുകിട്ടിയ പണിക്കൂലിയുമിതാ കൊണ്ടു
വന്നു നിൻതൃപ്പാദത്തിൽസ്സമർപ്പിക്കുന്നു ഞങ്ങൾ
അയച്ചുകൊള്ളുകിതു,മാപത്തിൽ പതിച്ചനിൻ
പ്രിയസോദരിമാർക്കങ്ങോ;യതായൊന്നു വേണ്ടു
ഞങ്ങളെപ്പററിച്ചിന്തതേടേണ്ട തെല്ലുമൊരു
മംഗളവ്രതമത്രേ നിന്മക്കൾക്കുപവാസം
ഉള്ളംകൈക്കുഴിതന്നിലൊതുങ്ങും വെറുംപച്ച-
വെള്ളത്താൽ ദിനവൃത്തിസുഖമായ് കഴിപ്പാനും
ഉള്ളവാരിധികളെയൊക്കെയുമൊന്നായെട്ട-
ത്തുള്ളംകൈക്കുഴിയിൽ ച്ചേർത്താചമിച്ചീടുവാനും,
ത്രാണിയുള്ളവരല്ലോ താവക സന്താനങ്ങൾ;
പാണിസംസ്ഥിതമിവർക്കാത്മസംയമഗുണം.
പട്ടിണി കിടന്നേററം ചടച്ചു കൈകൊണ്ടുനിൻ
കുട്ടികൾ പെരുംകുന്നുമൊരിക്കലുമെക്കില്ലേ?
പട്ടണപ്രാസാദവും പാഴ്കൊട്ടും കാന്താരവും
പട്ടുമെത്തയും പാറപ്പുറവുമവർക്കൊപ്പം!
ത്യാഗമോ സർവ്വോൽകൃഷ്ടമാകിയധർമ്മം, മഹാ-
ഭാഗയാം തവ പുത്രർക്കങ്ങായതുപദിഷ്ടം
ഏതോ പക്ഷിയെ രക്ഷപ്പെടുത്താൻവേണ്ടി സ്വന്തം
മെയ്യന്നേയുപേക്ഷിപ്പോർ മറേറതു രാജ്യത്തുണ്ടാം?
തുഷ്ടിദം ധർമ്മോൽഗീതം കേട്ടുകൊണ്ടല്ലോ, കളി-
ത്തൊട്ടിലിൽ കിടന്നുറങ്ങുന്നതു നിൻ പൈതങ്ങൾ.

Digitized By Kerala Sahitya Akademi

സത്യധർമ്മത്തെ സംരക്ഷിക്കുവാൻ സാഹസവും
നിസ്തർക്കം വെടികെന്നതായവരുടെ ശീലം.
അടരിൽ ധർമ്മാർത്ഥമായെപ്പോരുതും നിൻ ഗുരുക്കൾ
വെടിയുണ്ടകളും പൂമഴയുമൊരുപോലെ
ചെറേററെനാളായ് കഷ്ടം! ഇരുമ്പുപിടിക്കിലും
പററലർ പടയ്ക്കുനിൻ പള്ളിവാളിടിവാൾതാൻ.
ഗർവകത്തൊതുങ്ങാതൊരുഗ്രത്തുകളവരുടെ
സർവശക്തികളേയും പുകച്ചുകളയട്ടേ!
അപ്പുകക്കാറററകന്നാകാശം തെളിയുമ്പോൾ
തൽപ്രിയസഖികൾ തൻവെന്നിപ്പൊൻപതാകകൾ
രവിബിംബത്തെത്തൊട്ടുലുടയ്ക്കുന്നതായ് കാണാം
അവർതൻ ജയമല്ലോ നമുക്കും ജയമമ്മേ!

വള്ളത്തോൾ നാരായണമേനോൻ.

---

## ൨൦. ശ്രീമൂലംതിരുനാൾ.

ശ്രീപത്മനാഭ ചരണാംബുജമുൾക്കുരുന്നിൽ
കാപട്യമററുകരുതിക്കലിതാനുഭാവൻ
സന്താപത്തിലും സുകൃതിയായ് വിലസുന്ന മൂല-
ഭൂപർഷഭൻ ഭുവനമംഗലരത്നദീപം.'

സത്യത്തൊടുള്ള രതി, സാധുജനാനുകമ്പ,
കൃത്യത്തിൽ നിഷ്ഠ, കൃതകേതരദൈവഭക്തി,
അത്യന്തമാം വിനയ,മാത്മശമം തുടങ്ങി-
സ്സത്യർഹമായ സുഗുണം പലതും കലർന്നോൻ.

കാലാനുകൂലനയഭേദമുരീകരിച്ചു
വേലാവിലംഘികുശലം പ്രജകൾക്കു നല്കി,
ചേലാർന്നമിത്രമൊരുതാനുടെ നാട്ടയത്തി
നാലാഴികാഞ്ചിനടുനായകമാക്കിടുന്നോൻ.

Digitized By Kerala Sahitya Akademi

ഘോരാപരാധശതമേതൊരു പൎക്കപാപി
പാരാതെ ചെയ്തിലും,മതിൽപ്പരമാണപോലും
വാരാളുമുൾത്തളിരിൽ വൈരമുദിച്ചിടാത്ത
ധീരാഗ്രഗൻ, കലിയുഗത്തിലജാതശത്രു.

സമ്പത്തിൽവച്ചു മദമില്ല, വിപൽഗമത്തിൻ-
കൊമ്പത്തു ബുദ്ധിധികയററുകിലത്തലില്ല;
കമ്പത്തെവിട്ടു കളിൽക്കമലാമണാളൻ-
തൻപത്തു രണ്ടുപൊഴുതും കരുതുന്ന ധന്യൻ.

പേരിന്നുവേണ്ടിയൊരു കൃത്രിമചൎയ്യയില്ല,
ഭൂരിപ്രശംസയിലശേഷമപേക്ഷയില്ല;
പാരിൽ ഫലത്തെ നിനയാതെ പരാൎത്ഥ്യകൎമ്മം
നേരിട്ടുചെയ്യൊരു നിരീഹരിലഗ്രിമിയൻ.

അന്നമ്മഹാരജതജൂബിലിയുത്സവത്തിൽ
തൻനൽ പ്രജാവലി പിരിച്ചു ധനത്തിനാലെ,
"അന്നം ദരിദ്രനുകളീടണ"മെന്നുമാത്ര-
മുന്നാമോദമുരചെയ്തൊരുദാരശീലൻ.

സൎവ്വാപസൎപ്പകഭയൂഗ്രമമുയൎത്തിനിത്യ-
മവ്യാജഭക്തിയൊടുതൻ പ്രജകൾക്കുവേണ്ടി
ഭവ്യാപ്തിനേററം പരിതൃപ്തിയെ നേടിടുന്ന
ദിവ്യാമലാത്ഭുത ചരിത്രപവിത്രിതാശൻ.

ധൎമ്മത്തിനാശ്രയപദം ധരണിപ്രപഞ്ച-
കൎമ്മദ്രുമത്തിൽ വിലസുന്ന ഫലപ്രകാണ്ഡം,
ശൎമ്മത്തിനുള്ള വിളഭൂമി, സമസ്തശാസ്ത്ര-
മൎമ്മത്തിനും മഹിതപീഠിക, മദ്ധ്യദേവൻ. (കുളകം.)

ഈ നല്ലവഞ്ചിവസുധാവലശാസനൻറെ
മാനംവരുത്തുമുരുവോരുപദാനമോൎത്താൽ
നൂനം കരികൾക്കുരളുന്നും കളവല്ലകണ്ണി-
ലാനന്ദബാഷ്പമറിയാതെ നിറഞ്ഞുപോകും.

Digitized By Kerala Sahitya Akademi

സീമാതിരിക്തഗുണനാമവിദേശ്യസ്പൃഗ്നാ
നാമാക്ഷരങ്ങൾ ചെവിയിൽകയറും ക്ഷണത്തിൽ,
ഈ മാനവക്ക് മുടിതൊട്ടടിയോളമെന്നും
രോമാഞ്ചകഞ്ചുകിതമായ് ചമയുന്നു കായം.

പുത്തൻ പുരാതനമിവാറയിലേകഭാവ-
മൊത്തമ്പുമുള്ളിനൊട്ട രണ്ടിലുമുള്ള സാരം
ഇത്തമ്പുരാൻ സമമെട്ടുത്തു വിശിഷ്ടകീർത്തി-
വിത്തംപുലർത്തുവതു വിശ്രുതവിശപവൃത്തം.

വാരാകരം ഗുണഗണത്തിനു, വഞ്ചിമൂല-
ശ്രീരാമവർമ്മധരണീരമണാവതംസം,
സീരായുധാവരജദിവ്യകടാക്ഷസൌധ
പാരാവതാഗ്രിമപദത്തിൽ വിളങ്ങിടുന്നു.

ഹന്താമിതപ്രഥയെഴുന്നൊരു വഞ്ചിഭൂപ-
സന്താനമിപ്പൊഴുതു മൂലനൃപോദയത്താൽ
പൊൻതാഴികക്കുടമമഴ്ത്തിവിളങ്ങിടുന്ന
ചിന്താതിവർത്തിരുചിയാം മണിമേടയായി.

വാചാമഗോചരമഹത്വമൊടാദിശങ്ക-
രാചാര്യർതൻജനനിയായൊരു വഞ്ചിഭൂവേ,
ധീചാതുരിക്കവധിയാമിവിടുന്നുവേട്ട
നീ ചാരിതാർത്ഥ്യമെഴുവോൎക്കണിരത്നമായി.

എന്തായിരുന്നു കഥ പണ്ടെ,തുമാറിയില്ലോ-
ളെന്തായിനിൻെറ നില, നീയൊരു മുപ്പതാണ്ടിൽ,
ഹന്താതിമാത്രമഭിവൃദ്ധിയെ നേടിയല്ലോ
നിൻതാലിചെയ്ത സുകൃതം നിബരീസമമ്മേ!

അത്യത്ഭുതപ്രഥയെ നേടിയശേഷലോക
സ്തുത്യാർഹമായ് വിലസുമിസ്സുജനൈകരത്നം
പ്രത്യക്ഷമായ പരദൈവതമെന്നവാക്യം
പ്രത്യക്ഷരം, പ്രതിപദം, പരമാർത്ഥസാരം.

ഭൂവാകെയുള്ള മലയാളികൾ വിസ്മരിച്ചു
പോവാമൊരിക്കൽ വിഷുവും തിരുവോണനാളും,
ആവാസരത്തിലുമവൎക്കതാരിൽനിന്നി-
ക്ഷ്മാവാസവൻെറ തിരുനാൾ മറവാൻ പ്രയാസം;

Digitized By Kerala Sahitya Akademi

ഹിന്ദുക്കൾ ക്രിസ്തവർ, മഹമ്മദീയർ, ഇതര ഭേദ-
മെന്നുണ്ടു ചൊൽവതിനു ഹേതു നമ്മൾ തമ്മിൽ
മുള്ളന്ന ഭക്തിയൊടു ക്ഷ്മാപന്റെയാജ്ഞ-
യെന്നും വഹിപ്പതിനു നമ്മളൊരുക്കമല്ലീ?

ഏതാണു മറ്റൊരവലംബനം? ഏവരന്യർ
മാതാപിതാക്കൾ? കുലദൈവമാരുവേറേ?
ഏതാനുമൊന്നു പറവാനറിയുന്നുവോ നാം?
ഭ്രാതക്കളേ! സകലവും തിരുമേനിയില്ലേ?

നാമിദ്ദിനത്തിൽ നവമാം കുശലത്തെയസ്മൽ
സ്വാമിക്കു നേർന്നു ചരിതാർത്ഥത നേടിടാഞ്ഞാൽ,
കാമിച്ചുപെറ്റു കനിവോടു വളർത്തവഞ്ചി
ഭൂമിക്കു മക്കൾ വെറുതേ, ചുമടിന്നുമാത്രം.

ധാരാളമാം ഭവികവും സുഖവും കലർന്നി-
ശ്ശ്രീരാമവർമ്മനൃവരൻ ചിലകാലമേവം
പാരാളുവാൻ പരമപൂരുഷ! പത്മനാഭ!
പാരാതെ പാദയുഗളം പണിയുന്നു ഞങ്ങൾ.

ഉള്ളൂർ എസ്. പരമേശ്വരയ്യർ എം.എ., ബി.എൽ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi